# റമളാ? ്രവതം
## വിധി വില? ുക?

## [ فتاوى الصيام ]

[ Malayalam - മലയാളം - مليالم ]


**മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(رحمه الله)**

من كتاب فتاوى أركان الإسلام

للشيخ/ محمد بن صالح العثيمين – رحمه الله-

**വിവർത്തനം :**

**സയ്യിദ് സഅ്ഫർ സ്വാദിഖ്**

ترجمة : سيد سعفر صادق



المكتب التعاوني للدعوة وتوعية الجاليات بالربوة

Islamic Propagation Office in Rabwah

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065
FAX: 4970126 - E-Mail: rabwah@islamhouse.com
http://www.islamhouse.com

islamhouse.com

1432 - 2011

# ആമുഖം

ഇസ്ലാം പടുത്തുയർത്തിയിരിക്കുന്നത് പഞ്ച സ്തംഭങ്ങളിലാണ്,അതിൽ നാലാമത്തേതാണ് വിശുദ്ധ റമളാനിലുള്ള നോമ്പ്. ബുദ്ധിയും,പ്രായപൂർത്തിയും, ആരോഗ്യവുമുള്ള മുഴുവൻ മുസ്ലിംകൾക്കും റമളാനിലെ നോമ്പ് നിർബ്ബന്ധമാണ്.വിശുദ്ധ റമളാനിലെ നോമ്പുമായി ബന്ധപ്പെട്ട് ഓരോ മുസ്ലിമും അറിഞ്ഞിരിക്കേണ്ട വളരെ പ്രധാനപ്പെട്ട ചില ചോദ്യങ്ങളും മറുപടികളുമാണ് ഈ ചെറിയ പുസ്തകത്തിൽ കൊടുത്തിരിക്കുന്നത്. പ്രശസ്തപണ്ഡിതനും, ഗ്രന്ഥകർത്താവും, വാഗ്മിയും, സഊദി അറേബ്യയുടെ ഉന്നത പണ്ഡിതസഭയിൽ അംഗവുമായിരുന്ന മുഹമ്മദ്ബ്ന് സ്വാലിഹ് അൽ ഉഥൈമീൻ(ﷺ)യുടെ فتاوى أركان الإسلام എന്ന ഗ്രന്ഥത്തിലെ فتاوى الصيام എന്ന ഭാഗത്തിന്റെ വിവർത്തനമാണ് ഇത്.വിവർത്തനത്തിൽ കഴിവിന്റെ പരമാവധി സൂക്ഷ്മത പാലിച്ചിട്ടുണ്ട്.

എങ്കിലും അബദ്ധങ്ങളും, പോരായ്മകളും കണ്ടേക്കാം. സഹോദര ബുദ്ധ്യാ ഉണർത്തണമെന്ന് അറിയിക്കുകയാണ്. അല്ലാഹു അനുഗ്രഹിക്കട്ടെ.


സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

ജിദ്ദ

sahfarsadik@gmail.com

# ഉള്ളടക്കം


1. നോമ്പ് നിർബ്ബന്ധമാക്കിയതിലെ യുക്തി 10

2. മക്കയിലെ ഉദയാസ്തമനങ്ങളെ അടിസ്ഥാനമാക്കി നോമ്പും, പെരുന്നാളും തീരുമാനിക്കൽ 12

3. ശവ്വാൽ മാസപ്പിറവി ദർശിക്കുകയും പെരുന്നാൾ ഉറപ്പിക്കുകയും ചെയ്തതിനു ശേഷം യാത്ര ചെയ്തെത്തിയ നാട്ടിൽ മാസപ്പിറവി ദർശിച്ചിട്ടില്ലെങ്കിൽ 18

4. ഭാരമേറിയതും,പ്രയാസകരവുമായ ജോലി ചെയ്യുന്നവരുടെ നോമ്പ് 21

5. ആർത്തവ സമയത്ത് നോമ്പനുഷ്ടിച്ചാൽ 22

6. ഉപജീവനം കണ്ടെത്താനായി റമളാനിലെ നോമ്പൊഴിവാക്കിയാൽ 23

7. നോമ്പൊഴിവാക്കാൻ അനുവാദമുള്ള കാരണങ്ങൾ 26

8. നോമ്പ് നോൽക്കണമെന്ന ഉദ്ദേശമില്ലാതെ

ഉറങ്ങി പോയ വ്യക്തി റമളാൻ ആരംഭിച്ചു
വെന്ന് അറിഞ്ഞാൽ 29

9. അനുവദനീയമായ കാരണം പകലിനിടക്ക് അവസാനിച്ചാൽ അവശേഷിക്കുന്ന സമയ ത്തെ നോമ്പ് 31

10. നോമ്പ് ഒഴിവാക്കണമെന്ന് ഡോക്ടർ നിർ ദ്ദേശിച്ചാൽ 34

11. യാത്രക്കാരന്റെ നമസ്കാരവും,നോമ്പും 35

12. പ്രയാസപ്പെട്ട് കൊണ്ട് യാത്രക്കാരൻ നോ മ്പനുഷ്ടിക്കൽ 41

13. അത്യാധുനിക യാത്രാസൗകര്യങ്ങളുള്ള യാത്രക്കാരൻ നോമ്പനുഷ്ഠിക്കൽ 45

14. ഉംറ നിർവ്വഹിക്കാനായി നോമ്പൊഴിവാക്കൽ 48

15. മുലയൂട്ടുന്നവരുടെ നോമ്പ് 52

16. നോമ്പുകാരൻ പകലിൽ അധിക സമയവും വിശ്രമിച്ചാൽ 54

17. റമളാനിന്റെ നിയ്യത്ത് 55

18. നോമ്പ് മുറിച്ചുവെന്ന ദൃഢമായ ഉദ്ദേശമു

ണ്ടായാൽ 56
19. മറന്നു കൊണ്ട് ഭക്ഷണം കഴിച്ചാൽ 58
20. സുറുമയിടൽ 60
21. പല്ല് തേക്കൽ, സുഗന്ധം ഉപയോഗിക്കൽ 62
22.നോമ്പ് നിഷ്ഫലമാക്കി കളയുന്ന കാര്യങ്ങൾ 64
23ഇൻഹാലെർ ഉപയോഗിച്ചാൽ 81
24. ഛർദ്ദി കാരണത്താൽ 82
25.മോണയിൽ നിന്ന് അൽപം രക്തം വന്നാൽ 83
26. ഋതുമതി ഫജ്റിന് മുമ്പ് ശുദ്ധിയാവുകയും, പ്രഭാതോദയത്തിന് ശേഷം കുളിക്കുകയും ചെയ്താൽ 83
27. പല്ല് പറിച്ചാൽ 86
28. പരിശോധിക്കാനായി രക്തം എടുത്താൽ 87
29. നോമ്പുകാരൻ മൈഥുനം നടത്തുന്നതിന്റെ വിധി 89
30. സുഗന്ധം വാസനിക്കൽ 89

31. പുക ശ്വസിക്കുന്നതും, തുള്ളിമരുന്ന് ഉപ
യോഗിക്കുന്നതും തമ്മിലുള്ള വ്യത്യാസം 90

32. ചെവി, കണ്ണ്, മൂക്ക് എന്നിവയിലൂടെ തുള്ളി
മരുന്ന് ഉപയോഗിക്കുന്നതിന്റെ വിധി 90

33. വൃതമനുഷ്ഠിച്ചിരിക്കെ സ്വപ്ന സ്ഖലനമു
ണ്ടായാൽ അതിന്റെ വിധി 93

34. നോമ്പുകാരൻ ആശ്വാസത്തിന് വേണ്ടി
ശരീരം തണുപ്പിക്കാൻ പാടുണ്ടോ? 94

35. മൂക്കിൽ വെള്ളം കയറ്റിചീറ്റുമ്പോഴും, വായി
ൽ വെള്ളം കൊപ്ലിക്കുകയും ചെയ്യുമ്പോൾ
അറിയാതെ അൽപം വെള്ളം വായയിലൂടെ
ഇറങ്ങി പോയാൽ 95

36.സുഗന്ധദ്രവ്യം ഉപയോഗിക്കുന്നതിന്റെ വിധി 96

37. ജലദോശമോ മറ്റോ കാരണത്താൽ മൂക്കി
ൽ നിന്ന് വല്ലതും വന്നാൽ 96

38– നമസ്കാര സമയ വിവരപട്ടികയിൽ ‘നോ
മ്പ് പിടിക്കൽ’എന്ന് പറഞ്ഞിട്ട് സമയം എ
ഴുതൽ 96

39. വിമാനത്താവളത്തിൽ നിന്ന് നോമ്പു തുറന്നതിന് ശേഷം വിമാനം പറന്നുയർന്നപ്പോൾ സൂര്യനെ കാണുകയാണെങ്കിൽ 99

40. കഫം, മൂക്കിൽ നിന്നും വരുന്നവ തുടങ്ങിയവ വിഴുങ്ങിയാൽ 100

41. ഭക്ഷണം രുചി നോക്കൽ 102

42. റമളാനിന്റെ പകലിൽ നിഷിദ്ധമായ വർത്തമാനം പറയൽ 103

43. നോമ്പുകാരനായിരിക്കെ കള്ളസാക്ഷ്യം പറയൽ 106

44. നോമ്പിന്റെ മര്യാദകൾ എന്തെല്ലാമാണ്? 106

45.നോമ്പുതുറക്കുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന 115

46. റമളാനിലെ നോമ്പ് വീട്ടാനുള്ളവന് ശവ്വാലിലെ ആറ് നോമ്പിന്റെ വിധി 117

47. റമളാനിൽ മരണപ്പെട്ട രോഗിയുടെ നോമ്പ് 119

48. റമളാൻ വരുന്നതിന് മുമ്പ് നോമ്പ് ഖളാഅ് വീട്ടാൻ സാധിച്ചില്ലെങ്കിൽ 120

49. ശവ്വാലിലെ നോമ്പനുഷ്ഠിക്കുവാൻ ഏറ്റവും

ശ്രേഷ്ടമായ രൂപം 122
50. ശവ്വാലിലെ ആറ് നോമ്പ് 123
51. ആശൂറാഅ് നോമ്പിന്റെ വിധി 124
52.ശഅബാൻ മാസത്തിലെ നോമ്പിന്റെ വിധി 126
53. ഒന്നിടവിട്ട് നോമ്പനുഷ്ടിക്കുന്ന ഒരു വ്യക്തി യുടെ നോമ്പ് വെള്ളിയാഴ്ച വന്നാൽ 128
54. وصال നോമ്പ് എന്നാൽ 129
55. ജുമുഅ:ദിവസം പ്രത്യേകമായി നോമ്പനുഷ്ടിക്കാൻ പാടില്ലായെന്ന് പറയുവാനുള്ള കാരണം 131
56. സുന്നത്ത് നോമ്പ് ഇടക്ക് മുറിച്ചാൽ 134
57. ഇഅ്തികാഫ് 136

1– നോമ്പ് നിർബ്ബന്ധമാക്കിയതിലെ യുക്തിയെന്താണ്?

ഉത്തരം: താഴെ പറയുന്ന ആയത്ത് പാരായണം ചെയ്യുകയാണെങ്കിൽ നമുക്കത് ബോധ്യമാവും. അല്ലാഹു പറയുന്നു:

(يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ (١٨٣)

'സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്.'

അല്ലാഹുവിനെ സൂക്ഷിക്കുക, അവനെ ആരാധിക്കുകയെന്നതാണ് വ്രതം നിർബ്ബന്ധമാക്കിയതിലൂടെ ഉദ്ദേശിക്കപ്പെടുന്നത്. തക്വാ എന്നാൽ നിഷിദ്ധങ്ങൾ ഉപേക്ഷിക്കുകയും,കൽപനകൾ പ്രാവർത്തികമാക്കുകയും ചെയ്യുകയെന്നാണ്. റസൂലുല്ലാഹ്(ﷺ) പറയുന്നു:

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالْعَمَلَ بِهِ فَلَيْسَ لِلَّهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وَشَرَابَهُ) ( رواه البخاري) .

അബൂഹുറൈറ(ﷺ) പറയുന്നു:പ്രവാചകൻ(ﷺ) പറഞ്ഞു: 'വ്യാജ സംസാരവും ദുഷ്പ്രവർത്തനവും ഒരാൾ ഉപേക്ഷിക്കുന്നില്ലെങ്കിൽ അയാൾ ഭക്ഷണ പാനീയങ്ങൾ വർജ്ജിക്കണമെന്ന് അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല' (ബുഖാരി)

നോമ്പുകാരൻ നിർബ്ബന്ധമായ കാര്യങ്ങൾ ചെയ്യലും, നിഷിദ്ധങ്ങളിൽ നിന്ന് വിട്ട്നിൽക്കലും അനിവാര്യമാണെന്ന് ഹദീഥിൽ നിന്ന് വ്യക്തമായി. ഏഷണി,പരദൂഷണം,കളവ് എന്നിവയിൽ നിന്ന് വിട്ട്നിൽക്കുക, നിഷിദ്ധമായ കച്ചവടം ഉപേക്ഷിക്കുക, മ്ലേച്ഛതകളിൽ നിന്ന് അകന്ന് നിൽക്കുക തുടങ്ങിയവ റമളാനിൽ പരിപൂർണമായും പാലിക്കപ്പെടുകയാണെങ്കിൽ മറ്റു മാസങ്ങളിലും അവനത് പാലിക്കുവാൻ സാധിക്കുന്നതാണ്.

ഖേദകരമെന്ന് പറയട്ടെ, നോമ്പിന്റെ പരിശുദ്ധിക്ക് നിരക്കാത്ത കാര്യങ്ങളാണ് പലരും ചെയ്

തു കൊണ്ടിരിക്കുന്നത്, നിർബ്ബന്ധ കാര്യങ്ങൾ ഉപേക്ഷിക്കുകയും, യഥേഷ്ടം നിഷിദ്ധങ്ങൾ ചെയ്യുകയും ചെയ്ത് കൊണ്ടാണ് നോമ്പനുഷ്ഠിക്കുന്നത്, അത്കൊണ്ട് തന്നെ ചില കാര്യങ്ങൾ ചെയ്യുന്നതിലൂടെ നോമ്പിന്റെ പ്രതിഫലം കുറയുകയും, മറ്റു ചിലകാര്യങ്ങൾ ചെയ്യുന്നതോടെ നോമ്പ് തന്നെ നിഷ്ഫലമായി പോവുകയും ചെയ്യുന്നത് കരുതിയിരിക്കേണ്ടതുണ്ട്.

***

2- മക്കയിലെ ഉദയാസ്തമനങ്ങളെ അടിസ്ഥാനമാക്കി ലോകത്താകമാനം നോമ്പും, പെരുന്നാളും തീരുമാനിക്കുക, അതിലൂടെ മുസ്ലിം സമുദായത്തെ (നോമ്പ് പെരുന്നാൾ എന്നിവയിൽ) ഏകോപിപ്പിക്കുകയും ചെയ്യാൻ സാധിക്കുമെന്ന വാദത്തെക്കുറിച്ച്. താങ്കളുടെ അഭിപ്രായം എന്താണ്?

ഉത്തരം: ഗോളശാസ്ത്രപ്രകാരം ഇത് അസംഭവ്യമാണ്, കാരണം ശൈഖുൽഇസ്ലാം ഇബ്നുതൈമിയ്യ പറഞ്ഞത് പോലെ ഉദയാസ്തമയങ്ങൾ വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത സമയങ്ങളി

ലായിരിക്കും.അത്കൊണ്ട് തന്നെ പ്രമാണങ്ങളുടെയും,അനുഭവത്തിന്റെയും പിൻബലത്തിൽ ഓരോ രാജ്യത്തിനും അതിന്റേതായ വിധികൾ ഉണ്ടായിരിക്കും.

പ്രമാണങ്ങളിലുള്ള തെളിവുകൾ: അല്ലാഹു പറയുന്നു:

(فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ ) (البقرة:١٨٥)

'അതു കൊണ്ട് നിങ്ങളിൽ ആർ ആ മാസം കാണുന്നുവോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്.'

ഇവിടെ ഭൂമിയുടെ ഏതോ ദിക്കിലുള്ളവർ ചന്ദ്രപ്പിറവി ദർശിക്കാതിരിക്കുകയും,മക്കയിൽ മാസം കാണുകയും ചെയ്താൽ ആയത്തിലുള്ള അഭിസംബോധന എങ്ങിനെ പൂർത്തിയാവും? അതുപോലെ പ്രവാചകൻ(ﷺ) പറയുന്നത്:

(عَنْ مُحَمَّدِ بْنِ زِيَادٍ قَالَ سَمِعْتُ أَبَا هُرَيْرَةَ رَضِي اللَّه عَنْه يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ صُومُوا لِرُؤْيَتِهِ وَأَفْطِرُوا لِرُؤْيَتِهِ ... ) (بخاري ومسلم)

മുഹമ്മദ്ബ്നുസിയാദ്(ﷺ) പറയുന്നു:അബൂഹുറൈറ(ﷺ)പറയുന്നതായി ഞാൻ കേട്ടു,പ്രവാചകൻ(ﷺ) പറഞ്ഞു:'നിങ്ങൾ മാസപ്പിറവി കാണുമ്പോൾ നോമ്പെടുക്കുകയും മാസപ്പിറവി (ശവ്വാൽ) ദർശിച്ചാൽ നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുക....' (ബുഖാരി, മുസ്ലിം)

മേൽ തെളിവിന്റെ അടിസ്ഥാനത്തിൽ മക്കയിൽ ചന്ദ്രപ്പിറവികണ്ടാൽ എങ്ങിനെയാണ് പാകിസ്താൻ പോലെയുള്ള രാജ്യത്തെ ജനങ്ങൾ നോമ്പനുഷ്ഠിക്കുക,കാരണം അവർക്ക് റമളാൻ മാസം ഉദിച്ചിട്ടില്ല. പ്രവാചകൻ(ﷺ)ഹദീസിൽ പറയുന്നത് 'കണ്ടാൽ' എന്നാണ്.

അനുഭവം: ആർക്കും നിഷേധിക്കുവാനോ,എതിരാവാനോ കഴിയാത്ത വ്യക്തമായ ഖിയാസ്. (എന്താണ് ക്വിയാസ് വ്യക്തമാക്കുക) അത് ഭൂമിയുടെ പടിഞ്ഞാറെ ഭാഗത്ത് ഉദിക്കുന്നതിന് മുമ്പ് തന്നെ കിഴക്ക് ഭാഗത്ത് ഉദയമുണ്ടാകുമെന്നത് നമുക്ക് അറിവുള്ളതാണല്ലോ. അങ്ങിനെയെങ്കിൽ കിഴക്ക് ഭാഗത്ത് ഉദയമുണ്ടായതിന്റെയടിസ്ഥാനത്തി

ൽ നാം രാത്രിയിലായിരിക്കെ നോമ്പനുഷ്ടിക്കേണ്ടതുണ്ടോ? അതിനുള്ള ഉത്തരം ഇല്ല എന്നാണ്. അതുപോലെ കിഴക്കൻ പ്രദേശത്ത് സൂര്യൻ അസ്തമിച്ചതിന്റെയടിസ്ഥാനത്തിൽ നാം പകലിലായിരിക്കെ നോമ്പ് തുറക്കുവാൻ പാടുണ്ടോ? അതിനുള്ള ഉത്തരവും പാടില്ലായെന്നാണ്. അതുകൊണ്ട് തന്നെ ചന്ദ്രന്റെ വിധി സൂര്യന്റെ വിധി പോലെ തന്നെയാണ്. എന്നാൽ ചന്ദ്രന്റെ സമയം മാസവുമായി ബന്ധപ്പെട്ടതും, സൂര്യന്റെ സമയം ദിവസവുമായി ബന്ധപ്പെട്ടതുമാണ്. അല്ലാഹു പറയുന്നു:

أُحِلَّ لَكُمْ لَيْلَةَ الصِّيَامِ الرَّفَثُ إِلَى نِسَائِكُمْ هُنَّ لِبَاسٌ لَكُمْ وَأَنْتُمْ لِبَاسٌ لَهُنَّ عَلِمَ اللَّهُ أَنَّكُمْ كُنْتُمْ تَخْتَانُونَ أَنْفُسَكُمْ فَتَابَ عَلَيْكُمْ وَعَفَا عَنْكُمْ فَالْآنَ بَاشِرُوهُنَّ وَابْتَغُوا مَا كَتَبَ اللَّهُ لَكُمْ وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الْأَبْيَضُ مِنَ الْخَيْطِ الْأَسْوَدِ مِنَ الْفَجْرِ ثُمَّ أَتِمُّوا الصِّيَامَ إِلَى اللَّيْلِ وَلَا تُبَاشِرُوهُنَّ وَأَنْتُمْ عَاكِفُونَ فِي الْمَسَاجِدِ تِلْكَ حُدُودُ اللَّهِ فَلَا تَقْرَبُوهَا كَذَلِكَ يُبَيِّنُ اللَّهُ آيَاتِهِ لِلنَّاسِ لَعَلَّهُمْ يَتَّقُونَ (البقرة: ١٨٧)

‘നോമ്പിന്റെ രാത്രിയിൽ നിങ്ങളുടെ ഭാര്യമാരുമായുള്ള സംസർഗം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു.നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു.(ഭാര്യാസമ്പർക്കം നിഷിദ്ധമായി കരുതിക്കൊണ്ട്) നിങ്ങൾ ആത്മവഞ്ചനയിൽ അകപ്പെടുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിരിക്കുന്നു.എന്നാൽ അല്ലാഹു നിങ്ങളുടെ പശ്ചാതാപം സ്വീകരിക്കുകയും പൊറുക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഇനി മേൽ നിങ്ങൾ അവരുമായി സഹവസിക്കുകയും, (വൈവാഹിക ജീവിതത്തിൽ) അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചത് തേടുകയും ചെയ്തു കൊള്ളുക.നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക; പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകുന്നത് വരെ.എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്യുക. എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജനം) ഇരിക്കുമ്പോൾ അവരു(ഭാര്യമാരു)മായി സഹവസിക്കരുത്.അല്ലാഹുവിന്റെ അതിർവരമ്പുകളാകുന്നു അവയൊക്കെ. നിങ്ങൾ അവ

യെ അതിലംഘിക്കുവാനടുക്കരുത്. ജനങ്ങൾ ദോഷ ബാധയെ സൂക്ഷിക്കുവാനായി അല്ലാഹു അ പ്രകാരം അവന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വ്യക്തമാക്കി കൊടുക്കുന്നു.'

അല്ലാഹു പറയുന്നു:

فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ (البقرة:١٨٥)

'അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസം കാണുന്നുവോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്.'

മുകളിൽ നാം വിശദീകരിച്ച തെളിവിന്റെയടിസ്ഥാനത്തിൽ ഓരോ രാജ്യത്തിനും അവരുടെ ഉദയാസ്തമയങ്ങൾക്കനുസരിച്ച് പ്രത്യേകം പ്രത്യേകം വിധികളാണുള്ളത്.നോമ്പും പെരുന്നാളും അല്ലാഹു അവന്റെ ഖുർആനിലും, പ്രവാചകൻ(ﷺ) സുന്നത്തിലും വ്യക്തമാക്കിയത് പോലെ മാസം ദർശിക്കുകയെന്നതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുക.

(<u>ലോകത്ത് ഒരു ദിവസം പെരുന്നാളും നോമ്പും ആചരിക്കുക എന്ന വിഷയമാണ് ഇവിടെ ചർച്ച</u>

ചെയ്യുന്നത് എന്നാൽ ഇത് ഖുർആനിന്നും, സ്ഥിര പ്പെട്ട പ്രവാചകചര്യക്കും, ഗോളശാസ്ത്ര നിയമ ത്തിനുമെതിരാകുന്നു. ഉദയാസ്തമന വ്യത്യാസമ നുസരിച്ച് നമസ്കാരം,നോമ്പ് എന്നിവയിലും സ മയ/ദിവസ വ്യത്യാസമുണ്ടാകുമെന്നത് അറിയ പ്പെട്ട സംഗതിയാകുന്നു,, കൂടുതൽ അറിയേണ്ടവ ർ മാസപ്പിറവി ഖുർആനിലും ശാസ്ത്രത്തിലും യ്യ ഉമർ ഫാറൂക്(എന്ന പുസ്തകം നോക്കുക: വിവ:)

***

3- റമളാൻ നോമ്പനുഷ്ടിച്ച ഒരാൾ മറ്റൊരു നാട്ടി ലേക്ക് യാത്ര പോയി, ആ സമയം തന്റെ നാ ട്ടിൽ (താൻ യാത്ര പുറപ്പെട്ട) ശവ്വാൽ മാസപ്പി റവി ദർശിക്കുകയും പെരുന്നാൾ ഉറപ്പിക്കുക യും ചെയ്തു.എന്നാൽ യാത്ര ചെയ്തെത്തിയ നാട്ടിലാകട്ടെ ശവ്വാൽ പിറവി ദർശിച്ചിട്ടുമില്ല, ഈ അവസരത്തിൽ എന്താണ് ചെയ്യേണ്ടത്?

ഉത്തരം: ഒരാൾ ഒരു നാട്ടിൽ നിന്നും മറ്റൊരു നാട്ടിലേക്ക് യാത്ര പോയാൽ അയാൾ ഏതൊരു നാട്ടിലാണോ എത്തിപ്പെട്ടത് അവരുടെ വിധിയാ

ണ് ഇസ്‌ലാമികാനുഷ്ഠാനങ്ങളിൽ അയാൾ അവലംബിക്കേണ്ടത്.അതായത് അവർ (എത്തിപ്പെട്ട  നാട്ടുകാർ)  എപ്പോഴാണോ പെരുന്നാൾ ആഘോഷിക്കുന്നത് അപ്പോഴാണ് അയാൾ പെരുന്നാൾ ആഘോഷിക്കേണ്ടത്. കാരണം ജനങ്ങൾ നോമ്പനുഷ്ഠിക്കുമ്പോഴാണ് നോമ്പനുഷ്ഠിക്കേണ്ടത് എന്ന് നബി(ﷺ) പറഞ്ഞിരിക്കുന്നു, ചെറിയ പെരുന്നാളും ബലി പെരുന്നാളും ആഘോഷിക്കേണ്ടതും അവരോടൊപ്പമാണ്. അത് ഒന്നോ രണ്ടോ ദിവസം വർദ്ധിച്ചാലും ശരി അങ്ങിനെയാണ് ചെയ്യേണ്ടത്.അതുപോലെ തന്നെ യാത്ര ചെയ്തെത്തുന്ന രാജ്യത്ത് ഒന്നോ രണ്ടോ മണിക്കൂർ വൈകിയാണ് സൂര്യാസ്തമയമുണ്ടാകുന്നതെങ്കിലും  അവിടെയുള്ള സമയം നോക്കിയാണ് നോമ്പ് തുറക്കേണ്ടത്.ചില സ്ഥലങ്ങളിൽ ഇത് രണ്ടോ, മൂന്നോ അതിലധികമോ മണിക്കൂർ വൈകിയായിരിക്കും സൂര്യാസ്തമയം ഉണ്ടാവുക, ആ സന്ദർഭത്തിൽ അവിടെ എപ്പോഴാണോ സൂര്യാസ്തമയം ഉണ്ടാവുന്നത് അപ്പോഴാണ് നോമ്പ് തുറക്കേണ്ടത്,

(ഉദാ:  റമദാനിൽ ഇന്ത്യയിൽ നിന്ന് രാവിലെ 6 മണിക്ക് സുഊദി അറേബ്യയിലേക്ക് യാത്ര പു

റപ്പെട്ട ഒരാൾ  സുഊദി സമയമനുസരിച്ച് ഇന്ത്യ ൻ സമയത്തേക്കാൾ രണ്ടരമണിക്കൂർ വൈകിയാ ണ് നോമ്പു തുറക്കേണ്ടത് ഇന്ത്യയിൽ നോമ്പു തുറക്കുമ്പോൾ അയാൾ നോമ്പ് അവസാനിപ്പി ക്കാൻ പാടില്ല എന്ന് സാരം )

കാരണം റസൂലുല്ലാഹ്(ﷺ)പറഞ്ഞത് (لرؤيتــه) (അതിനെ കണ്ടാൽ) അതായത് ചന്ദ്രനെ കണ്ടാൽ നോമ്പ് തുറക്കുകയെന്നാണ്. അതുപോലെ നേരെ തിരിച്ചും സംഭവിക്കാവുന്നതാണ്. അതായത് ഒരാ ൾ യാത്ര ചെയ്തെത്തിയ നാട്ടിൽ ഒന്നോ രണ്ടോ ദിവസം മുമ്പ് ശവ്വാൽ മാസപ്പിറവി ദർശിക്കുകയാ ണെങ്കിൽഅവൻ അവരോടൊപ്പം പെരുന്നാൾ ആ ഘോഷിക്കണം. അവന് നഷ്ടപ്പെട്ട ഒന്നോ രണ്ടോ ദിവസത്തെ നോമ്പ് ശവ്വാൽ ഒന്നിന് ശേഷം നോ റ്റു വീട്ടുകയും ചെയ്യണം.കാരണം റമളാൻ ഇരുപ ത്തൊൻപതോ,മുപ്പതോ ആയിരിക്കും.ഒരു ദിവസം നഷ്ടപ്പെട്ടാൽ അവൻ ഒന്ന് നോറ്റ് വീട്ടുക, രണ്ട് ദി വസമാണ് നഷ്ടപ്പെട്ടതെങ്കിൽ രണ്ടെണ്ണം നോറ്റുവീ ട്ടുക.കാരണം റമളാൻ അടക്കമുള്ള എല്ലാ ലൂണാ ർ മാസങ്ങളും ഇരുപത്തൊൻപതിൽ കുറയുകയി

ല്ല. റമളാനിൽ യാത്ര ചെയ്തെത്തിയ നാട്ടിൽ അ യാൾക്ക് ഇരുപത്തൊൻപത് കിട്ടുന്നതിന് മുമ്പ് ശ വ്വാൽ മാസപിറവി കാണുകയാണെങ്കിൽ അയാൾ അവരോടൊപ്പം പെരുന്നാൾ ആഘോഷിക്കുക,ശേ ഷം നഷ്ടപ്പെട്ടത്  വീട്ടുകയും ചെയ്യുക.എന്നാൽ ഒ രു ദിവസം അധികം നോമ്പനുഷ്ഠിക്കേണ്ടി വന്നാ ൽ അങ്ങിനെ ചെയ്യണം, കാരണം മാസപ്പിറവി ക ണ്ടാലാണ് പെരുന്നാൾ ആഘോഷിക്കേണ്ടത്. ഒരു ദിവസത്തിൽ ഒന്നോ രണ്ടോ മണിക്കൂറുകൾ വർ ദ്ധിക്കുന്നത് പോലെ ഒരു ദിവസം വർദ്ധിച്ചുവെന്ന് കണക്കാക്കിയാൽ മതിയാവുന്നതാണ്.

***

4- ഭാരമേറിയതും,പ്രയാസകരവുമായ ജോലി ചെ യ്യുന്നവർക്ക് നോമ്പനുഷ്ഠിക്കുന്നത് പ്രയാസക രമായിരിക്കും. അങ്ങിനെയുള്ളവർക്ക് നോമ്പ് ഒഴിവാക്കുവാൻ അനുവാദമുണ്ടോ?

ഉത്തരം: ജോലിയാവശ്യാർത്ഥം നോമ്പൊഴി വാക്കുന്നത് അനുവദനീയമല്ല എന്നാണ് തെളിവി ന്റെ അടിസ്ഥാനത്തിൽ എന്റെ അഭിപ്രായം. ജോ ലിയും,നോമ്പും ഒന്നിച്ച് കൊണ്ടുപോകുവാൻ സാ

ധ്യമല്ലായെങ്കിൽ അവൻ ജോലിയിൽ നിന്ന് അവധിയെടുത്ത് റമളാനിൽ നോമ്പനുഷ്ഠിക്കണം. കാരണം റമളാനിൽ നോമ്പനുഷ്ഠിക്കുകയെന്നത് ഇസ്ലാമിന്റെ തൂണുകളിൽ പെട്ട ഒരു തൂണാണ്, അതിൽ ഭംഗം വരുത്തുവാൻ പാടുള്ളതല്ല.

***

5- അജ്ഞത കാരണം പെൺകുട്ടി ആർത്തവ സമയത്ത് നോമ്പനുഷ്ടിച്ചാൽ അവൾ എന്താണ് ചെയ്യേണ്ടത്?

ഉത്തരം: ആർത്തവ സമയത്ത് അനുഷ്ടിച്ച നോമ്പ് പിന്നീട് അവൾ നോറ്റ് വീട്ടേണ്ടതുണ്ട്.കാരണം ഋതുമതിയുടെ നോമ്പ് അജ്ഞത കാരണമാണെങ്കിലും അസ്വീകാര്യമാണ്.ഇതുപോലെ പെൺകുട്ടിക്ക് ആദ്യമായി ആർത്തവമുണ്ടായി, ലജ്ജ കാരണത്താൽ തന്റെ വീട്ടുകാരെ അറിയിച്ചില്ല.അവൾ നോമ്പനുഷ്ഠിക്കാൻ പാടില്ല. അവൾക്ക് എത്ര നോമ്പാണോ നഷ്ടപ്പെട്ടത് അത്രയും നോറ്റുവീട്ടേണ്ടതുണ്ട്. ഒരു സ്ത്രീക്ക് ആർത്തവം ആരംഭിച്ചാൽ അവൾക്ക് പ്രായപൂർത്തിയെത്തി.അത്കൊണ്ട് തന്നെ അവൾ നഷ്ടപ്പെട്ട നോമ്പ് ഖളാഅ് വീട്ടൽ നിർബന്ധമാകുന്നു.

***

6– തനിക്കും,തന്റെ കീഴിലുള്ളവർക്കും ഉപജീവനം കണ്ടെത്താനായിഒരാൾ റമളാനിലെ നോമ്പൊഴിവാക്കിയാൽ അവന്റെ വിധിയെന്താണ്?

ഉത്തരം: രോഗിക്ക് നോമ്പൊഴിവാക്കാൻ അനുവാദമുള്ളത് പോലെത്തന്നെയാണ് ഇത്തരക്കാരുടെ കാര്യവും എന്നാണ് ഇവ്വിഷയകമായി ചില പണ്ഡിതൻമാർ പറഞ്ഞിട്ടുള്ളത്, നോമ്പനുഷ്ഠിക്കുവാൻ ഒരു രോഗിക്ക് തീരെ സാധ്യമല്ലെങ്കിൽ അയാൾക്ക് നോമ്പൊഴിവാക്കാം. രോഗം ശിഫയായതിന് ശേഷം നോറ്റുവീട്ടണം, അവൻ ജീവിച്ചിരുന്നാൽ,മരിക്കുകയാണെങ്കിൽ അവന് പകരം മറ്റൊരാൾ അത് വീട്ടണം, അവന്റെ രക്ഷാധികാരിക്ക് അത് നോറ്റുവീട്ടാൻ സാധ്യമല്ലെങ്കിൽ ഓരോ ദിവസത്തിനും പകരമായി ഒരു അഗതിയെ ഭക്ഷിപ്പിക്കേണ്ടതാണ്.

എന്നാൽ ഇവരെ രോഗിയോട് തുലനപ്പെടുത്താത്ത പണ്ഡിതൻമാരുടെ അഭിപ്രായം താഴെ കൊടുക്കുന്നത് പ്രകാരമാകുന്നു അതായത് എല്ലാ ആരാധനകളും സമയ ബന്ധിതമാണ്, ആരെങ്കിലും മതിയായ കാരണമില്ലാതെ ആരാധനാകർമ

ങ്ങൾക്ക് നിശ്ചയിക്കപ്പെട്ട സമയത്തിൽ നിന്നും പിന്തിപ്പിക്കുകയാണെങ്കിൽഅവനിൽ നിന്നത് സ്വീകരിപ്പെടുകയില്ല. സൽകർമ്മങ്ങളും, ഐച്ഛിക കർമ്മങ്ങളും വർദ്ധിപ്പിക്കുകയും, അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുകയാണ് പിന്നീട് അവൻ ചെയ്യേണ്ടത്. അതിനുള്ള തെളിവ്:

قول النبي صلى الله عليه وسلم فيما صح عنه (( من عمل عملاً ليس عليه أمرنا فهو رد)) أخرجه البخاري: كتاب البيوع/ باب النجش معلقاً. ومسلم: كتاب الأقضية/ باب نقض الأحكام الباطلة ورد محدثات الأمور (١٧١٨).

നബി(ﷺ) പറയുന്നു: 'നമ്മുടെ കൽപനയില്ലാത്തവല്ല പ്രവർത്തനവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്' (ബുഖാരി, മുസ്ലിം)

ആരാധനകൾ അത് നിർവ്വഹിക്കേണ്ട സമയത്തിന് മുമ്പ് ആരെങ്കിലും ചെയ്താൽ അത് സ്വീകാര്യമല്ലാത്തത് പോലെ തന്നെ സമയത്തിന് ശേഷം ചെയ്താലും സ്വീകരിക്കപ്പെടുകയില്ല. എന്നാ

ൽ അജ്ഞത, മറവി പോലെയുള്ള കാരണങ്ങളു ണ്ടായാൽ സ്വീകരിക്കപ്പെടും.

فإن النبي صلى الله عليه وسلم قال في النسيان:" من نام عن صلاة أو نسيها فليصلها إذا ذكرها، لا كفارة لها إلا ذلك)

أخرجه مسلم: كتاب المساجد/ باب قضاء الصلاة الفائتة (٣١٤).

നബി(ﷺ) മറവിയുടെ കാര്യത്തിൽ പറയുകയു ണ്ടായി: 'ആരെങ്കിലും നമസ്കാര സമയത്ത് ഉറ ങ്ങി പോവുകയോ, അല്ലെങ്കിൽ മറവി സംഭവിക്ക കയോ ചെയ്താൽ അവർ ഓർമ്മവരുമ്പോൾ നമ സ്കരിക്കട്ടെ, അതല്ലാതെ മറ്റു പ്രായ്ശ്ചിത്തമില്ല' (മുസ്ലിം) അജ്ഞതയെന്ന ഒഴിവ് കഴിവ് വിശദീക രിക്കേണ്ടതാണ്, എന്നാൽ ഇപ്പോൾ അതിനവസര മില്ല. തനിക്കും, തന്റെ മക്കൾക്കുമുള്ള ഉപജീവന ത്തിനായി റമളാനിലെ നോമ്പ് ഒഴിവാക്കിയ ആൾ വിചാരിക്കുന്നത് മുകളിൽ നാം വിശദമാക്കി. രോഗിയോട് സാമ്യപ്പെടുത്തുന്ന രൂപത്തിലാണ് വിചാരിക്കുന്നത്. അല്ലാഹുവിനാണ് കൂടുതൽ അ റിയുക.

***

7– നോമ്പൊഴിവാക്കാൻ അനുവാദമുള്ള കാരണങ്ങൾ ഏതെല്ലാമാണ്?

ഉത്തരം: ഖുർആനിൽ വന്നത് പ്രകാരം രോഗം, യാത്ര എന്നിവയാണ് അനുവദനീയമായ കാരണങ്ങൾ. അതുപോലെ ഗർഭിണി തനിക്കോ തന്റെ ഉദരത്തിലുള്ള കുഞ്ഞിനോ അപകടം പറ്റുമെന്ന് ഭയപ്പെട്ടാൽ അവൾക്ക് നോമ്പൊഴിവാക്കാം. അതുപോലെ മുലയൂട്ടുന്ന സ്ത്രീ തനിക്കോ,തന്റെ കുഞ്ഞിനോ നോമ്പനുഷ്ഠിക്കുന്നതിലൂടെ അപകടം ഭയപ്പെടുകയാണെങ്കിൽ അവൾക്കും ഒഴിവാക്കാം. നാശത്തിലകപ്പെട്ടവരെ രക്ഷപ്പെടുത്തുവാനായി ഒരാൾക്ക് നോമ്പൊഴിവാക്കാവുന്നതാണ്. ഉദാഹരണമായി കടലിൽ മുങ്ങിച്ചാകാൻ പോകുന്ന ഒരാളെ രക്ഷപ്പെടുത്തുക, അഗ്നി പടർന്ന് പിടിച്ചിരിക്കുന്ന സ്ഥലത്ത് കുടുങ്ങിപോയ ഒരാളെ രക്ഷപ്പെടുത്താൻ വേണ്ടി ഒരാൾക്ക് നോമ്പൊഴിവാക്കാവുന്നതാണ്. അതുപോലെ ഇസ്ലാം പഠിപ്പിക്കുന്ന ജിഹാദ് ചെയ്യാനായി ഒരാൾക്ക് നോമ്പൊഴിവാക്കാവുന്നതാണ്. ഇത് ഇസ്ലാം അനുവദിച്ചതാണ്. കാര

ണം റസൂലുല്ലാഹ്(ﷺ) غـزوة الفتـح ഫത്ഹ് യുദ്ധ വേളയിൽ അനുചരൻമാരോടായി പറയുകയുണ്ടായി:

(( إنكم لاقوا العـدو غـداً، والفطـر أقـوى لكـم فـأفطروا))

أخرجه مسلم: كتاب الصيام/ بـاب أجـر المفطـر في السـفر إذا تولى العمل (١١٢٠).

'നാളെ നിങ്ങൾ ശത്രുക്കളെ അഭിമുഖീകരിക്കും, അതുകൊണ്ട് നോമ്പൊഴിവാക്കലാണ് നിങ്ങൾക്ക് ആരോഗ്യവും ശക്തിയും ഉണ്ടാവാൻ നല്ലത്, അത്കൊണ്ട് നിങ്ങൾ നോമ്പൊഴിവാക്കുക' (മുസ്ലിം)

അനുവദനീയമായ കാരണത്താൽ ഒരാൾ നോമ്പൊഴിവാക്കി, ആ കാരണം അവസാനിച്ചാൽ അവശേഷിക്കുന്ന സമയം അവൻ നോമ്പെടുക്കേണ്ടതില്ല. ഉദാ: ഒരാൾ വെള്ളത്തിൽ മുങ്ങിക്കൊണ്ടിരിക്കുന്ന ഒരാളെ രക്ഷപ്പെടുത്താനായി നോമ്പൊഴിവാക്കിയാൽ രക്ഷപ്പെടുത്തിയതിന് ശേഷം അവശേഷിക്കുന്ന സമയം അവൻ നോമ്പനുഷ്ഠിക്കേണ്ടതില്ല. ഇതാണ് ഈ വിഷയത്തിൽ അവലംബയോഗ്യമായ അഭിപ്രായം. പകലിൽ ഒരാൾക്ക് രോഗശമനമുണ്ടായിയെങ്കിൽ അവശേഷിക്കുന്ന

സമയം അവൻ നോമ്പെടുക്കേണ്ടതില്ല,അതു പോലെ യാത്രക്കാരൻ പകലിൽ തന്റെ ദേശത്തെത്തിയെങ്കിൽ ബാക്കിയുള്ള സമയം അവൻ നോമ്പെടുക്കേണ്ടതില്ല. അതു പോലെ ആർത്തവകാരി പകലിൽ (മഗ്‌രിബിന് മുമ്പ്) ശുദ്ധി കൈവരിച്ചാലും അവൾ അവശേഷിക്കുന്ന സമയം നോമ്പെടുക്കേണ്ടതില്ല, കാരണം ഇവരെല്ലാം തന്നെ നോമ്പൊഴിവാക്കിയത് ഇസ്ലാം അനുവദിക്കുന്ന കാരണങ്ങ ളാലാണ്. അത്കൊണ്ട് തന്നെ അവരെ സംബന്ധിച്ചിടത്തോളം നോമ്പിന്റെ പവിത്രത ബാധകമല്ലാത്തത് കൊണ്ട് തന്നെ അവശേഷിക്കുന്ന സമയം നോമ്പെടുക്കലും ബാധ്യതയില്ല. എന്നാൽ റമളാൻ മാസപ്പിറവി പകലിലാണ് മനസിലായതെങ്കിൽ അവശേഷിക്കുന്ന സമയം നോമ്പെടുക്കേണ്ടതുണ്ട്. ഇവ രണ്ടിനുമിടയിലുള്ള വ്യത്യാസം കൃത്യവും പ്രകടവുമാണ്.നോമ്പാണോ, അല്ലയോ എന്ന കാര്യത്തിൽ വ്യക്തത വന്ന് കഴിഞ്ഞാൽ ആ ദിവസം നോമ്പനുഷ്ഠിക്കൽ നിർബ്ബന്ധമാണ്, എന്നാൽ വ്യക്തത വന്നെത്തുന്നതിന് മുമ്പ് അവർ അജ്ഞതയെന്ന കാരണത്താൽ ഒഴിവ് കഴിവുള്ളവരാണ്.

ഇത്കൊണ്ട് തന്നെ ഇന്ന ദിവസം റമളാനിൽ പെട്ടതാണ് എന്ന് മനസിലാക്കിയവർക്ക് അവശേഷിക്കുന്ന സമയം നോമ്പനുഷ്ഠിക്കൽ നിർബ്ബന്ധമാണ്, എന്നാൽ നാം ആദ്യം വിശദീകരിച്ചവർ നോമ്പ് നിർബ്ബന്ധമാണെന്ന് മനസിലാക്കിയവരാണ്, എന്നാൽ ഇസ്ലാം അനുവദിക്കുന്ന കാരണങ്ങളാൽ നോമ്പൊഴിവാക്കിയവരാണ്. ഇതിനിടയിലെ വ്യത്യാസം വ്യക്തമാണ്.

***

8- റമളാൻ മാസപിറവി ദർശിക്കുന്നതിന് മുമ്പ് നോമ്പ് നോൽക്കണമെന്ന ഉദ്ദേശമില്ലാതെ ഉറങ്ങി പോയ ഒരു വ്യക്തി നേരം വെളുത്തതിന് ശേഷം ഉണർന്നപ്പോൾ റമളാൻ ആരംഭിച്ചുവെന്ന് അറിഞ്ഞാൽ എന്താണ് ചെയ്യേണ്ടത്? ആ ദിവസത്തെ നോമ്പ് പിന്നീട് നോറ്റു വീട്ടേണ്ടതുണ്ടോ?

ഉത്തരം: റമളാൻ മാസപ്പിറവി ദർശിക്കുന്നതിന്മുമ്പ് നോമ്പ് നോൽക്കണമെന്ന ഉദ്ദേശമില്ലാതെ ഉറങ്ങി പോയ ഒരു വ്യക്തി നേരം വെളുത്തതിന് ശേഷം ഉണർന്നപ്പോൾ റമളാൻ ആരംഭിച്ചുവെന്ന്

അറിഞ്ഞ് കഴിഞ്ഞാൽഅന്ന് ശേഷിക്കുന്ന സമയം നോമ്പനുഷ്ഠിക്കുകയും ശേഷം മറ്റൊരു ദിവസം നോമ്പ് ഖളാഅ് വീട്ടുകയും ചെയ്യുക എന്ന അഭിപ്രായമാകുന്നു ഭൂരിപക്ഷം പണ്ഡിതൻമാർക്കുമുള്ളത്. ഇതിനെതിരിൽ അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നത് ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ്യ:(ﷺ) മാത്രമാണ്. അദ്ദേഹത്തിന്റെ അഭിപ്രായം നോമ്പനുഷ്ഠിക്കണമെന്നുള്ള ഉദ്ദേശ്യം മാസപ്പിറവി ദർശിച്ച വിവരം അറിഞ്ഞത് മുതലാണ് വേണ്ടത്, ഈ വ്യക്തി അത് അറിഞ്ഞിട്ടില്ലാത്തത്കൊണ്ട് തന്നെ അദ്ദേഹത്തിന് ഒഴിവ് കഴിവുണ്ട്, മാസപ്പിറവി ദർശനമുണ്ടായിട്ടുണ്ടെന്ന് മനസിലാക്കിയിരുന്നെങ്കിൽ അദ്ദേഹം ഒരിക്കലും നോമ്പനുഷ്ഠിക്കണമെന്ന ഉദ്ദേശമില്ലാതെ ഉറങ്ങില്ലായിരുന്നു. അയാൾ ആ കാര്യത്തിൽ അജ്ഞനാണ്, അജ്ഞത ഒഴിവ് കഴിവിൽ പെട്ടതുമാണ്, ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ നോമ്പ് ശരിയാവും, ഈ അഭിപ്രായത്തിന്റെയടിസ്ഥാനത്തിൽ പിന്നീട് നോറ്റു വീട്ടേണ്ടതില്ല.

ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം ആദിവസം നോമ്പനുഷ്ഠിക്കുകയും, പിന്നീട് ഒരു ദിവസം നോറ്റുവീട്ടുകയും ചെയ്യണമെന്നാണ്.

എന്റെ അഭിപ്രായത്തിൽ സൂക്ഷ്മതക്ക് നല്ലത് ആ ദിവസത്തിന് പകരമായി ഒരു ദിവസം നോറ്റു വീട്ടുകയാണ് ചെയ്യേണ്ടത്.

ശൈഖുൽ ഇസ്‌ലാമിന്റെ അഭിപ്രായമാകുന്നു ശരിയായി തോന്നുന്നത് വിവ.

***

9- അനുവദനീയമായ കാരണത്താൽ ഒരാൾ നോമ്പൊഴിവാക്കുകയുണ്ടായി, എന്നാൽ ആ കാരണം പകലിനിടക്ക് അവസാനിച്ചാൽ അവശേഷിക്കുന്ന സമയം നോമ്പ് പിടിക്കേണ്ടതുണ്ടോ?

ഉത്തരം: അവശേഷിക്കുന്ന സമയം അയാൾ നോമ്പ് പിടിക്കേണ്ടതില്ല, കാരണം അനുവദനീയമായ കാരണത്താലാണ് അയാൾ നോമ്പൊഴിവാക്കിയത്, അത്കൊണ്ട് തന്നെ ആ കാരണം അവസാനിച്ചാൽ ബാക്കിയുള്ള സമയം നോമ്പെടു

ക്കേണ്ടതില്ല.ഉദാഹരണമായി ഒരാൾക്ക് വളരെ അനിവാര്യമായ മരുന്ന് കുടിക്കേണ്ടതുണ്ട്, അയാൾ ആ മരുന്ന് ഉപയോഗിച്ചാൽ തന്നെ അദ്ദേഹത്തിന്റെ നോമ്പൊഴിവായി, അനുവദനീയമായ കാരണത്താൽ നോമ്പൊഴിവാക്കിയതിനാൽ അവശേഷിക്കുന്ന സമയം നോമ്പെടുക്കേണ്ടതില്ല, പകരം ഒരു ദിവസം നോറ്റു വീട്ടിയാൽ മതി. അവശേഷിക്കുന്ന സമയം നോമ്പു പിടിക്കുന്നതിൽ മതപരമായി യാതൊരു ഉപകാരവുമില്ല, അത് ശരിയാവുകയുമില്ല, അത് കൊണ്ട് ഉപകാരമില്ലാത്തതിനാൽ തന്നെ അവശേഷിക്കുന്ന സമയം നോമ്പെടുക്കൽ നിർബന്ധമില്ല.

ഉദാഹരണം:ഒരാൾ വെള്ളത്തിൽ മുങ്ങിത്താഴുന്നത് കണ്ടു,അത് കാണുന്ന വ്യക്തി പറയുകയാണ് അൽപം വെള്ളം കുടിച്ചാൽ അദ്ദേഹത്തെ എനിക്ക് രക്ഷപ്പെടുത്തുവാനുള്ള കഴിവുണ്ടാകും, വെള്ളം കുടിച്ചില്ലെങ്കിൽ എനിക്കതിന് സാധിക്കുകയില്ല,അങ്ങിനെ വെള്ളം കുടിക്കുകയും അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്യുന്നു.അവശേഷിക്കുന്ന സമയം അദ്ദേഹത്തിന് ഭക്ഷണം കഴിക്കുകയും വെള്ളംകുടിക്കുകയും ചെയ്യാവുന്നതാണ്,കാരണം

അയാൾ നോമ്പൊഴിവാക്കിയത് ഇസ്ലാം അനുവദി ക്കുന്ന കാരണത്താലാണ്,അദ്ദേഹത്തെ സംബന്ധി ച്ചിടത്തോളം അവശേഷിക്കുന്ന സമയം ആദരിക്ക പ്പെടേണ്ടതല്ല. അത് കൊണ്ട് തന്നെ ബാക്കിയുള്ള സമയം നോമ്പ് പിടിക്കേണ്ടതുമില്ല. ഒരു രോഗി യോട് നാം പറയുകയാണ്, നിനക്ക് വിശന്നാലല്ലാ തെ ഭക്ഷണം കഴിക്കരുത്, ദാഹിച്ചാലല്ലാതെ വെ ള്ളം കുടിക്കരുത്, അതായത് നീ അത്യാവശ്യത്തി നല്ലാതെ വെള്ളം കുടിക്കുകയോ,ഭക്ഷണം കഴിക്കു കയോ ചെയ്യരുത് എന്ന് നാം രോഗിയോട് പറയാ റുണ്ടോ, ഇല്ലല്ലോ.കാരണം രോഗിക്ക് നോമ്പൊഴി വാക്കാൻ ഇസ്ലാം അനുവാദം നൽകുന്നുണ്ടല്ലോ.അ ത് കൊണ്ട് തന്നെ ഇസ്ലാം അനുവദിക്കുന്ന കാരണ ത്താൽ ആരെങ്കിലും നോമ്പൊഴിവാക്കിയാൽ പ കലിനിടക്ക് ആ കാരണം നീങ്ങിപോയാലും അവ ശേഷിക്കുന്ന സമയം നോമ്പ് നോൽക്കേണ്ടതില്ല. എന്നാൽ അനുവദനീയമായ കാരണം കൂടാതെ ആരെങ്കിലും നോമ്പൊഴിവാക്കിയാൽ അവശേഷി ക്കുന്ന സമയം അവൻ നോമ്പ് പിടിക്കേണ്ടതുണ്ട്, കാരണം അവന് നോമ്പൊഴിവാക്കാൻ അനുവാദ മില്ല. മതപരമായ അനുവാദമില്ലാതെയാണ് അവൻ

ആ ദിവസത്തിന്റെ പവിത്രതയെ ഹനിച്ചത്, അത് കൊണ്ട് തന്നെ അവശേഷിക്കുന്ന സമയം അവൻ നോമ്പ് പിടിക്കുകയും പകരം വേറെ ഒരു ദിവസം നോറ്റുവീട്ടുകയും ചെയ്യേണ്ടതുണ്ട്. അല്ലാഹുവിനാണ് കൂടുതൽ അറിയുക.

***

10- പക്ഷാഘാതം ബാധിച്ച ഒരു സ്ത്രീയോട് നോമ്പ് ഒഴിവാക്കണമെന്ന് ഡോക്ടർ നിർദ്ദേശിക്കുന്ന എങ്കിൽ എന്താണ് വിധി?

ഉത്തരം: അല്ലാഹു പറയുന്നു:

قال الله تعالى (شَهْرُ رَمَضَانَ الَّذِي أُنْزِلَ فِيهِ الْقُرْآنُ هُدىً لِلنَّاسِ وَبَيِّنَاتٍ مِنَ الْهُدَى وَالْفُرْقَانِ فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ وَمَنْ كَانَ مَرِيضاً أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ يُرِيدُ اللَّهُ بِكُمُ الْيُسْرَ وَلا يُرِيدُ بِكُمُ الْعُسْرَ) (البقرة:١٨٥).

ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്ക

പ്പെട്ട മാസമാകുന്നു റമളാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആമാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല.

ശമനം പ്രതീക്ഷിക്കാത്ത രോഗികളാണെങ്കിൽ ഓരോ ദിവസത്തിനും പകരമായി ഒരു അഗതിക്ക് ഭക്ഷണം നൽകേണ്ടതുണ്ട്, സാധാരണ നാം കഴിക്കുന്ന ഭക്ഷണമാണ് അഗതികൾക്ക് നൽകേണ്ടത്. നല്ലരൂപത്തിലുള്ള ഭക്ഷണം തന്നെ നൽകേണ്ടതുണ്ട്. ശരീരം കുഴഞ്ഞ് പോയ രോഗബാധിതയായ സ്ത്രീ ഓരോ ദിവസത്തിനും പകരമായി സാധുവിന് ഭക്ഷണം നൽകണം.

***

11– യാത്രക്കാരന്റെ നമസ്കാരവും, നോമ്പും എപ്പോഴാണ്, എങ്ങിനെയാണ്?

ഉത്തരം: യാത്രക്കാരൻ തന്റെ നാട്ടിൽ നിന്നും പുറപ്പെട്ടത് മുതൽ മടങ്ങിവരുന്നത് വരെ നാ

ല് റക്അത്തുള്ള നമസ്കാരങ്ങൾ രണ്ട് റക്അത്തായിട്ടാണ് നമസ്കരിക്കേണ്ടത്.കാരണം ആയിശാ(ﷺ) പറയുന്നു:

(( أول ما فرضت الصلاة فرضت ركعتين، فـأقرت صـلاة السـفر وأتمت صلاة الحضر))، وفي رواية : (( وزيد في صـلاة الحضرـ)) أخرجه البخاري: كتاب تقصير الصلاة/ باب يقصر إذا خرج من موضعه (١٠٩٠). ومسلم: كتاب صلاة المسـافرين وقصرـها/ بـاب صلاة المسافرين وقصرها(٦٨٥).

'നമസ്കാരം ആദ്യം നിർബ്ബന്ധമാക്കിയിരുന്നത് രണ്ട് റക്അത്താണ്, യാത്രക്കാർക്ക് അത് സ്ഥിരപ്പെടുത്തുകയും, നാട്ടിൽ സ്ഥിരമായി താമസിക്കുന്നവർക്ക് പൂർണമാക്കുകയും ചെയ്തു' മറ്റൊരു റിപ്പോർട്ടിലുള്ളത്: 'നാട്ടിൽ സ്ഥിരമായി താമസിക്കുന്നവർക്ക് വർദ്ധിപ്പിക്കുകയും ചെയ്തു' എന്നാണുള്ളത്. (ബുഖാരി, മുസ്ലിം)

وقال أنس بن مالك – رضي الله عنه -: ((خرجنا مع النبي صـلى الله عليه وسلم من المدينة إلى مكة فصلى ركعتين ركعتين حـتى

رجعنا إلى المدينة)) أخرجه البخاري: كتاب تقصير الصلاة/ باب ما جاء في التقصير (١٠٨١). ومسلم: كتاب صلاة المسافرين وقصرها (٦٩٣).

അനസ്ബ്നുമാലിക്(ﷺ)വിൽ നിന്ന്, 'ഞങ്ങൾ നബി(ﷺ)യോടൊപ്പം മദീനയിൽ നിന്ന് മക്കയിലേക്ക് പുറപ്പെടുകയുണ്ടായി, ഞങ്ങൾ മദീനയിലേക്ക് മടങ്ങി വരുന്നത് വരെ ഈ രണ്ട് റക്അത്തായിട്ടാണ് നമസ്കരിച്ചിരുന്നത്' (ബുഖാരി, മുസ്ലിം)

എന്നാൽ നാട്ടിൽ താമസിക്കുന്ന ഇമാമിനൊപ്പമാണ് യാത്രക്കാരൻ നമസ്കരിക്കുന്നതെങ്കിൽ നാല് റക്അത്ത് പൂർത്തീകരിച്ച് നമസ്കരിക്കേണ്ടതുണ്ട്.ഇമാമിനൊപ്പം തുടക്കത്തിൽ തന്നെയാണെങ്കിലും,ഇടക്ക് തുടർന്ന് നമസ്കരിച്ചാലും ശരി.കാരണം റസൂലുല്ലാഹ്(ﷺ) പറയുന്നു:

قول النبي صلى الله عليه وسلم : (( إذا سمعتم الإقامة فامشوا إلى الصلاة وعليكم السكينة والوقار، ولا تسرعوا، فما أدركتم فصلوا، وما فاتكم فأتموا))

നബി(ﷺ) പറയുന്നു: 'നിങ്ങൾ ഇഖാമത്ത് കേട്ടാൽ നമസ്കാരത്തിലേക്ക് നടന്ന് പോവുക,സാവധാന ത്തോടെ, ഗാംഭീര്യതയോടെയാണ് പോകേണ്ടത്, നിങ്ങൾ ഓടിപ്പോവാൻ പാടില്ല, നിങ്ങൾക്ക് ലഭിച്ച ത് നിങ്ങൾ നമസ്കരിക്കുക, നിങ്ങൾക്ക് നഷ്ടപ്പെട്ട ത് പൂർത്തീകരിക്കുകയും ചെയ്യുക'

'നിങ്ങൾക്ക് ലഭിച്ചത് നിങ്ങൾ നമസ്കരിക്കു ക, നിങ്ങൾക്ക് നഷ്ടപ്പെട്ടത് പൂർത്തീകരിക്കുകയും ചെയ്യുക' എന്നതിന്റെ അടിസ്ഥാനത്തിൽ യാത്ര ക്കാരൻ നാല് റക്അത്ത് നമസ്കരിക്കുന്നവന്റെ പിന്നിൽ നമസ്കരിക്കുമ്പോൾ പൂർണമായി നമസ് കരിക്കണമെന്നത് ഉൾകൊള്ളുന്നുണ്ട്. ഇബ്നു അ ബ്ബാസ്(ﷺ)വിനോട് ചോദിക്കുകയുണ്ടായി: യാത്ര ക്കാരൻ നാട്ടിൽ താമസിക്കുന്നവന്റെ പിന്നിൽ നി ന്ന് നമസ്കരിക്കുമ്പോൾ നാല് റക്അത്തും, അ ല്ലാത്ത അവസരത്തിൽ നമസ്കരിക്കുമ്പോൾ ര ണ്ടു റക്അത്തും നമസ്കരിക്കണം ഇതെന്ത് കൊ ണ്ടാണ്? അപ്പോൾ പറയുകയുണ്ടായി: അത് പ്ര വാചക ചര്യയിൽ പെട്ടതാണ്.

യാത്രക്കാരനിൽ നിന്നും ജമാഅത്ത് നമസ്കാരം ഒഴിവാകുന്നതല്ല, കാരണം യുദ്ധത്തിന്റെ അവസരത്തിൽ പോലും അല്ലാഹു പറഞ്ഞത് നാം കാണുക:

(وَإِذَا كُنْتَ فِيهِمْ فَأَقَمْتَ لَهُمُ الصَّلاةَ فَلْتَقُمْ طَائِفَةٌ مِنْهُمْ مَعَكَ وَلْيَأْخُذُوا أَسْلِحَتَهُمْ فَإِذَا سَجَدُوا فَلْيَكُونُوا مِنْ وَرَائِكُمْ وَلْتَأْتِ طَائِفَةٌ أُخْرَى لَمْ يُصَلُّوا فَلْيُصَلُّوا مَعَكَ ) (النساء:١٠٢)

(നബിയേ,) നീ അവരുടെ കൂട്ടത്തിലുണ്ടായിരിക്കുകയും,അവർക്ക് നേതൃത്വം നൽകിക്കൊണ്ട് നമസ്കാരം നിർവഹിക്കുകയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം നിന്റെ കൂടെ നിൽക്കട്ടെ. അവർ അവരുടെ ആയുധങ്ങൾ എടുക്കുകയും ചെയ്യട്ടെ. അങ്ങനെ അവർ സുജൂദ് ചെയ്ത് കഴിഞ്ഞാൽ അവർ നിങ്ങളുടെ പിന്നിലേക്ക് മാറിനിൽക്കുകയും,നമസ്കരിച്ചിട്ടില്ലാത്ത മറ്റെ വിഭാഗം വന്ന് നിന്റെ കൂടെ നമസ്കരിക്കുകയും ചെയ്യട്ടെ.

ബാങ്ക് കേൾക്കുന്നുവെങ്കിൽ യാത്രക്കാരൻ അവന്റെ നാട്ടിലല്ലെങ്കിലും പള്ളികളിലെ ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കേണ്ടതാണ്. എ

ന്നാൽ പള്ളി വിദൂരത്താണെങ്കിലും, തന്റെ കൂട്ടുകാരെ നഷ്ടപ്പെടുമെന്ന് ഭയപ്പെടുകയുമാണെങ്കിൽ പങ്കെടുക്കേണ്ടതില്ല, ബാങ്കോ, ഇഖാമത്തോ കേൾക്കുന്നവർ അതിന് ഉത്തരം നൽകി പള്ളികളിൽ വരൽ നിർബ്ബന്ധമാണെന്ന പൊതുവായ തെളിവിന്റെയടിസ്ഥാനത്തിലാണ് ഇത് വ്യക്തമാക്കുന്നത്.

അതുപോലെ തന്നെ ളുഹ്റിനും, മഗ്രിബിനും, ഇശാഇനും മുമ്പും, ശേഷവുമുള്ള റവാതിബ് സുന്നത്തുകൾ ഒഴിച്ച് വിത്റ്, രാത്രി നമസ്കാരം, ളുഹാ നമസ്കാരം, സുബഹിക്ക് മുമ്പുള്ള രണ്ട് റക്അത്ത് പോലെയുള്ള സുന്നത്ത് നമസ്കാരങ്ങളെല്ലാം യാത്രക്കാർക്ക് നമസ്കരിക്കാവുന്നതാണ്.

അതുപോലെ ളുഹ്ർ, അസ്വർ എന്നീ നമസ്കാരങ്ങൾ ഒരുമിച്ചും, മഗ്രിബും, ഇശാഉം ഒന്നിച്ചും നമസ്കരിക്കാവുന്നതാണ്. അത് മുന്തിച്ചോ, പിന്തിച്ചോ ഏതാണോ കൂടുതൽ എളുപ്പവും സൗകര്യവുമുള്ളത് അതനുസരിച്ച് നിർവ്വഹിക്കാവുന്നതാണ്.

എന്നാൽ ഒരു സ്ഥലത്ത് താമസിക്കാൻ തുടങ്ങിയാൽ ജംഅ് ആക്കാതിരിക്കലാണ് നല്ലത്, ജം

ആക്കിയാലും പ്രശ്നമില്ല.രണ്ടും റസൂൽ(ﷺ)യിൽ നിന്ന് വന്നിട്ടുണ്ട്.

യാത്രക്കാർ റമളാനിൽ നോമ്പനുഷ്ടിക്കലാണ് നല്ലത്, ഒഴിവാക്കിയാൽ പ്രശ്നമില്ല,എത്ര ദിവസമാണോ ഒഴിവാക്കിയത് അത്രയും ദിവസം പകരം നോറ്റു വീട്ടേണ്ടതാണ്. യാത്രക്കാരന് നല്ലതും എളുപ്പവും നോമ്പൊഴിവാക്കലാണെങ്കിൽ അതാണ് ഏറ്റവും നല്ലത്. കാരണം അല്ലാഹുവിന്റെ ലഘൂകരണം ഉപയോഗപ്പെടുത്തുന്നതാണ് അല്ലാഹുവിന് കൂടുതൽ ഇഷ്ടമുള്ളത്. ലോക രക്ഷിതാവിനാണ് സർവ്വസ്തുതിയും.

***

12- പ്രയാസപ്പെട്ട്കൊണ്ട് യാത്രക്കാരൻ നോമ്പനുഷ്ടിക്കുന്നതിന്റെ വിധിയെന്താണ്?

ഉത്തരം: പ്രയാസത്തോടെയാണ് യാത്രക്കാരൻ നോമ്പനുഷ്ടിക്കുന്നതെങ്കിൽ അത് വെറുക്കപ്പെടേണ്ടതാണ്.

താഴെ കൊടുത്ത പ്രവാചക വചനം നോക്കുക

النبي صلى الله عليه وسلم رأى رجلاً قد ظلل عليه، والناس حوله زحام فقال: (( ما هذا؟)) قالوا: صائم، فقال له النبي صلى الله عليه وسلم: ((ليس من البر الصيام في السفر)) أخرجه البخاري: كتاب الصوم/ باب قول النبي صلى الله عليه وسلم لمن ظلل عليه واشتد الحر: " ليس من البر الصوم في السفر" (١٩٤٦). ومسلم : كتاب الصيام/ باب جواز الصوم والفطر في شهر رمضان للمسافر من غير معصية ... (١١١٥).

ഒരാൾക്ക് മറ്റൊരാൾ തണൽ വിരിച്ച് കൊടുക്കുകയും, ജനങ്ങൾ അദ്ദേഹത്തിന് ചുറ്റും കൂടി നിൽക്കുകയും ചെയ്യുന്നത് കണ്ടപ്പോൾ നബി(ﷺ) ചോദിക്കുകയുണ്ടായി: 'എന്താണത്?' അവർ പറഞ്ഞു: അയാൾ (തണൽ വിരിക്കപ്പെട്ടയാൾ) 'നോമ്പുകാരനാണ്'. അപ്പോൾ നബി(ﷺ) പറയുകയുണ്ടായി: 'യാത്രയിൽ നോമ്പനുഷ്ഠിക്കുന്നത് പുണ്യത്തിൽ പെട്ടതല്ല' (ബുഖാരി, മുസ്ലിം)

എന്നാൽ വളരെയധികം പ്രയാസമുള്ള സന്ദർഭത്തിലാണെങ്കിൽ നോമ്പൊഴിവാക്കൽ യാത്രക്കാർക്ക് നിർബ്ബന്ധമാണ്. കാരണം പ്രവാചകൻ (ﷺ)യോട് ജനങ്ങൾ നോമ്പനുഷ്ഠിക്കുന്നത് പ്രയാസമാണ് എന്നറിയിച്ചപ്പോൾ നോമ്പൊഴിവാക്കുകയുണ്ടായി. ചിലയാളുകൾ നോമ്പനുഷ്ഠിച്ചിരിക്കുന്നുവെന്ന് പറഞ്ഞപ്പോൾ റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി:

فقال: (( أولئك العصاة، أولئك العصاة)) أخرجه مسلم: كتاب الصيام/ باب جواز الصوم والفطر في شهر رمضان للمسافر في غير معصية (١١١٤).

‘അവർ ധിക്കാരികളാണ്,അവർ ധിക്കാരികളാണ്’ (മുസ്ലിം)

യാത്രക്കാർക്ക് യാതൊരു പ്രയാസവുമില്ലെങ്കിൽ നോമ്പനുഷ്ഠിക്കലാണ് നല്ലത്, കാരണം റസൂലുല്ലാഹ്(ﷺ)യാത്രയിൽ നോമ്പനുഷ്ഠിച്ചതായി സ്ഥിരപ്പെട്ടിരിക്കുന്നു.

قال أبو الدرداء رضي الله عنه: ((كنا مع رسول الله صلى الله عليه وسلم في رمضان في حر شديد، وما منّا صائم إلا رسول الله صلى الله عليه وسلم ، وعبد الله بن رواحة)) أخرجه البخاري: كتاب الصوم/ باب ٣٥ (١٩٤٥). ومسلم: كتاب الصيام/ باب التخيير في الصوم والفطر في السفر (١١٢٢).

അബൂദർദ്ദാഅ്(ﷺ) പറയുകയുണ്ടായി:'റമളാനിൽ ശക്തമായ ചൂടുള്ള സമയത്ത് ഞങ്ങൾ നബി യോടൊപ്പം ഒരു യാത്രയിലായിരുന്നു. ഞങ്ങളിൽ റസൂലുല്ലാഹ്(ﷺ)യും, അബ്ദുല്ലാഹ് ഇബ്നു റവാ ഹയും ഒഴിച്ച് മറ്റാരും(ഈ യാത്രയിൽ) നോമ്പനു ഷ്ഠിച്ചിരുന്നില്ല.'(ബുഖാരി,മുസ്ലിം) നബി(ﷺ) നോമ്പ നുഷ്ഠിച്ചതായി ഹദീഥിൽ വന്നതിനാൽ അപ്രകാ രം ചെയ്യലും അനുവദനീയമാകുന്നു എന്ന് ഉപരി സൂചിത വചനം വ്യക്തമാക്കുന്നു എന്നാൽ വിഷ യം ചർച്ച ചെയ്ത് പണ്ഡിതൻമാർ അഭിപ്രായപ്പെ ട്ടതു പോലെ യാത്രക്കാരന് സ്വയം തീരുമാനമെടു ക്കാവുന്നതാണ് എന്ന് തെളിവുകളിൽ നിന്ന് മന സ്സിലാകുന്നു ഓരോരുത്തരുടേയും ആരോഗ്യാവ

സ്ഥയെക്കുറിച്ച് അവർക്കാണല്ലോ നന്നായറിയു ക. വിവ.

***

13– കാരണത്താൽ ആധുനിക കാലത്ത് അത്യാധുനിക യാത്രാ സൗകര്യങ്ങളുള്ളതിനാൽ യാത്രക്കാരന് നോമ്പനുഷ്ഠിക്കൽ (പൗരാണിക കാലത്തെ അപേക്ഷിച്ച്) പ്രയാസമുള്ള കാര്യമല്ല, ഈ സാഹചര്യത്തിൽ യാത്രക്കാരൻ നോമ്പനുഷ്ഠിക്കുന്നതിന്റെ വിധിയെന്താണ്?

ഉത്തരം: യാത്രക്കാരന് നോമ്പനുഷ്ഠിക്കുകയും, നോമ്പൊഴിവാക്കുകയും ചെയ്യാവുന്നതാണ്. അല്ലാഹു പറയുന്നു:

قـوله تعـالى( وَمَـنْ كَانَ مَرِيضـاً أَوْ عَلَى سَـفَرٍ فَعِـدَّةٌ مِـنْ أَيَّـامٍ أُخَر)(البقرة: الآية١٨٥)

ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം(നോമ്പെടുക്കേണ്ടതാണ്.)

പ്രവാചകൻ(ﷺ)യോടൊപ്പം സ്വഹാബാക്കൾ യാത്ര ചെയ്യാറുണ്ടായിരുന്നു, അവരിൽ നോമ്പനുഷ്ഠിക്കുന്നവരും, നോമ്പൊഴിവാക്കിയവരും ഉണ്ടായിരുന്നു. നോമ്പനുഷ്ഠിച്ചവരെ ഒഴിവാക്കിയവർ ആക്ഷേപിക്കുകയോ, നോമ്പൊഴിവാക്കിയവരെ അനുഷ്ഠിച്ചവർ ആക്ഷേപിക്കുകയോ ചെയ്തിരുന്നില്ല. നബി(ﷺ)യാത്രയിൽ നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു.

قال أبو الدرداء رضي الله عنه: ((كنا مع رسول الله صلى الله عليه وسلم في رمضان في حر شديد، وما منّا صائم إلا رسول الله صلى الله عليه وسلم ، وعبد الله بن رواحة)) أخرجه البخاري: كتاب الصوم/ باب ٣٥ (١٩٤٥). ومسلم: كتاب الصيام/ باب التخيير في الصوم والفطر في السفر (١١٢٢).

അബുദർദ്ദാഅ്(ﷺ) പറയുകയുണ്ടായി:'റമളാനിൽ ശക്തമായ ചൂടുള്ള സമയത്ത് ഞങ്ങൾ നബി(ﷺ) യോടൊപ്പം ഒരു യാത്രയിലായിരുന്നു.

ഞങ്ങളിൽ റസൂലുല്ലാഹ്(ﷺ)യും, അബ്ദുല്ലാഹ് ഇബ്നു റവാഹയും ഒഴിച്ച് മറ്റാരും (ഈ യാത്രയിൽ) നോമ്പനുഷ്ഠിച്ചിരുന്നില്ല.'(ബുഖാരി, മുസ്ലിം)

യാത്രക്കാരന്റെ നിയമം അവന് നോമ്പനുഷ്ഠിക്കുകയോ,ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്.എന്നാൽ യാത്രക്കാരന് പ്രയാസമില്ലെങ്കിൽ നോമ്പനുഷ്ഠിക്കലാണ് നല്ലത്. കാരണം അതിൽ മൂന്ന് പ്രയോജനങ്ങൾ ഉണ്ട്:

1– റസൂൽ(ﷺ)യുടെ ചര്യ പിൻതുടരൽ

2– സൗകര്യം: ജനങ്ങളോടൊപ്പം വ്രതമനുഷ്ഠിക്കലാണ് ഒറ്റക്ക് നോമ്പനുഷ്ടിക്കുന്നതിനേക്കാൾ കൂടുതൽ സൗകര്യപ്രദമായത്.

3– തന്റെ ബാധ്യത പെട്ടെന്ന് ചെയ്ത് തീർക്കാൻ സാധിക്കുന്നു.

യാത്രയിൽ നോമ്പനുഷ്ഠിക്കാൻ പ്രയാസമാണെങ്കിൽ അനുഷ്ഠിക്കാതിരിക്കലാണ് ഉത്തമം കാരണം ഒരു ഹദീഥ് കാണുക:

النبي صلى الله عليه وسلم رأى رجلاً قد ضلل عليه، والناس حوله زحام فقال: (( ما هذا؟)) قالوا: صائم، فقال له النبي صلى الله عليه وسلم: ((ليس من البر الصيام في السفر)) أخرجه البخاري: كتاب الصوم/ باب قول النبي صلى الله عليه وسلم لمن

ظلل عليه واشتد الحر: "ليس من البر الصوم في السفر" (١٩٤٦). ومسلم : كتاب الصيام/ باب جواز الصوم والفطر في شهر رمضان للمسافر من غير معصية ... (١١١٥).

ഒരാൾക്ക് തണൽ വിരിച്ച്കൊടുക്കുകയും, ജനങ്ങൾ അദ്ദേഹത്തിന് ചുറ്റും കൂടി നിൽക്കുകയും ചെയ്യുന്നത് കണ്ടപ്പോൾ നബി(ﷺ) ചോദിക്കുകയുണ്ടായി: 'എന്താണത്?' അവർ പറഞ്ഞു: 'നോമ്പുകാരനാണ്'.അപ്പോൾ നബി(ﷺ)പറയുകയുണ്ടായി:'യാത്രയിൽ നോമ്പനുഷ്ഠിക്കുന്നത് പുണ്യത്തിൽ പെട്ടതല്ല' (ബുഖാരി, മുസ്ലിം)

***

14- നോമ്പനുഷ്ഠിച്ച് യാത്രക്കാരൻ മക്കയിലെത്തിയാൽ ഉംറ നിർവ്വഹിക്കാനായി നോമ്പൊഴിവാക്കാൻ പാടുണ്ടോ?

ഉത്തരം: മക്കാവിജയ വേളയിൽ പ്രവാചകൻ(ﷺ) റമളാൻ ഇരുപതിന് മക്കയിൽ പ്രവേശിച്ചപ്പോൾ നോമ്പൊഴിവാക്കിയിരുന്നു. തിരുമേനി(ﷺ)

മക്കക്കാരെയും കൊണ്ട് രണ്ട് റകഅത്ത് നമസ്കരിക്കുകയും, മക്കക്കാരോട് പൂർത്തിയാക്കി നമസ്കരിക്കുവാൻ കൽപിക്കുകയും ചെയ്തിരുന്നു. അതാണ് ഹദീഥിൽ കാണുന്നത്:

ويقول لهم: (( يا أهل مكة أتموا ، فإنا قوم سفر)) أخرجه البخاري: كتاب المغازي/ باب غزوة الفتح في رمضان (٤٢٧٥).

മക്കക്കാരോട് പറയും: 'അല്ലെയോ, മക്കാ നിവാസികളെ നിങ്ങൾ (നമസ്കാരം) പൂർത്തിയാക്കി നമസ്കരിക്കുക, ഞങ്ങൾ യാത്രക്കാരാണ്' (ബുഖാരി) അവശേഷിച്ച ദിവസവും റസൂലുല്ലാഹ്(ﷺ) നോമ്പൊഴിവാക്കിയാണ് മക്കയിൽ താമസിച്ചതെന്ന് ഇമാം ബുഖാരിയുടെ സ്വഹീഹിൽ കാണാവുന്നതാണ്. ഉംറ ചെയ്യാൻ മക്കയിലെത്തിയാൽ യാത്ര അവസാനിക്കുന്നില്ല, അത്കൊണ്ട് തന്നെ നോമ്പനുഷ്ഠിക്കുകയും ചെയ്യേണ്ടതില്ല. ചിലയാളുകൾ യാത്രയിൽ നോമ്പനുഷ്ഠിക്കുന്നത് കാണാം, അവരതിന് കാരണം പറയുന്നത് യാത്ര വളരെ പ്രയാസം കുറഞ്ഞതാണെന്നാണ്. എന്നിട്ട് വളരെയധികം ക്ഷീണിക്കുകയും പ്രയാസപ്പെടുകയും ചെയ്യും, എന്നിട്ട് നോമ്പ് തുറന്നതിന് ശേഷം

ഉംറ ചെയ്താൽ മതിയോ, അതല്ല പെട്ടെന്ന് നോമ്പൊഴിവാക്കി ഉംറ ചെയ്യേണ്ടതുണ്ടോ? എന്നെല്ലാം ചോദിക്കാറുണ്ട്.

ഈ അവസ്ഥയിൽ അങ്ങിനെയുള്ളവരോട് നാം പറയട്ടെ, ഉംറ ചെയ്യാനായി ആദ്യം തന്നെ നോമ്പൊഴിവാക്കുക, എന്നാൽ ആരോഗ്യത്തോടൊ, ഉന്മേഷത്തോടെ മക്കയിൽ പ്രവേശിക്കാൻ സാധിക്കുന്നതാണ്. ഉംറ ചെയ്യാൻ ഉദ്ദേശിച്ച് കൊണ്ട് മക്കയിലേക്ക് വരുന്നവർ പെട്ടെന്ന് തന്നെ ആ കർമ്മം ചെയ്ത് പൂർത്തീകരിക്കേണ്ടതുണ്ട്. കാരണം നബി(ﷺ) ഉംറ ചെയ്യാനായി മക്കയിൽ പ്രവേശിച്ചാൽ പെട്ടെന്ന് ആ കർമ്മം പൂർത്തിയാക്കാനായി പള്ളിയിലേക്ക് ധൃതിപ്പെടാറുണ്ടായിരുന്നു. തന്റെ മൃഗത്തെ പോലും പള്ളിക്ക് സമീപമാണ് തളച്ചിടാറുള്ളത്.അത് കൊണ്ട് തന്നെ റമളാനിൽ ഉംറ ഉദ്ദേശിച്ച് മക്കയിൽ വരുന്നവർ നോമ്പൊഴിവാക്കി ഉന്മേഷത്തോടെ പകലിൽ തന്നെ ഉംറ പൂർത്തീകരിക്കലാണ് നോമ്പ് തുറന്ന് രാത്രിയിൽ ഉംറ ചെയ്യുന്നതിനേക്കാൾ ഉത്തമമായിട്ടുള്ളത്.

وقد ثبت عن النبي صلى الله عليه وسلم أنه كان صائماً في سفره لغزوة الفتح فجاء إليه الناس وقالوا : يا رسول الله إن الناس قد شق عليهم الصيام ، وأنهم ينتظرون ماذا تفعل ، وكان ذلك بعد العصر، فدعا النبي صلى الله عليه وسلم بماء فشربه، والناس ينظرون، فأفطر النبي صلى الله عليه وسم في أثناء السفر، بل أفطر في آخر اليوم ) أخرجه مسلم: كتاب الصيام/ باب جواز الصوم والفطر في شهر رمضان للمسافر في غير معصية (١١١٤).

താഴെ കൊടുക്കും പ്രകാരം

നബി(ﷺ)യിൽ നിന്ന് സ്ഥിരപ്പെട്ട് വന്നിരിക്കുന്നു:

മക്കാ വിജയ വേളയിലെ യാത്രയിൽ പ്രവാചകൻ(ﷺ) നോമ്പുകാരനായിരുന്നു, അപ്പോൾ ജനങ്ങൾ അദ്ദേഹത്തിനടുത്ത് വന്ന് പറയുകയുണ്ടായി: ഓ, പ്രവാചകരെ, ജനങ്ങൾക്ക് നോമ്പ് കാരണത്താൽ വളരെയധികം പ്രയാസമുണ്ട്, അവർ താങ്കൾ എന്താണ് ചെയ്യുന്നതെന്ന് പ്രതീക്ഷിച്ചിരി

ക്കുകയാണ്. ഇങ്ങനെ സംഭവിക്കുന്നത് അസറിന് ശേഷമാണ്.അപ്പോൾ നബി(ﷺ) വെള്ളം കൊണ്ടു വരാൻ പറയുകയും,നബി(ﷺ) യാത്രക്കിടയിൽ തന്റെ നോമ്പ് മുറിക്കുകയും ചെയ്തു. മാത്രമല്ല, പകലിന്റെ അവസാന ഭാഗത്താണ് നോമ്പൊഴിവാക്കിയത്' (മുസ്ലിം)

ഇതെല്ലാം റസൂലുല്ലാഹ് ചെയ്തത് യാത്രയിൽ നോമ്പൊഴിവാക്കാം എന്ന് ജനങ്ങളെ പഠിപ്പിക്കാനായിരുന്നു.എന്നാൽ വളരെപ്രയാസപ്പെട്ട് യാത്രയിൽ നോമ്പെടുക്കുകയെന്നത് പ്രവാചക സുന്നത്തിനെതിരാണെന്ന കാര്യത്തിൽ സംശയമില്ല. അതാണ് പ്രവാചകൻ(ﷺ) വ്യക്തമാക്കിയത്: 'യാത്രയിൽ നോമ്പനുഷ്ഠിക്കുകയെന്നത് പുണ്യത്തിൽ പെട്ടതല്ല'. എന്ന കാര്യം.

***

15- മുലയൂട്ടുന്നവർക്ക് നോമ്പൊഴിവാക്കാമോ? അവർ എപ്പോഴാണത് നോറ്റുവീട്ടേണ്ടത്? അവർ അഗതികൾക്ക് ഭക്ഷണം നൽകേണ്ടതുണ്ടോ?

ഉത്തരം: നോമ്പനുഷ്ഠിച്ചാൽ കുട്ടിക്ക് കൊടുക്കേണ്ട മുലപ്പാൽ കുറഞ്ഞ് പോകുമെന്നോ, മറ്റു വല്ല പ്രയാസവും കുട്ടിക്കുണ്ടാകുമോ എന്ന് ഭയപ്പെട്ടാൽ അവർക്ക് നോമ്പൊഴിവാക്കാം, പക്ഷേ, രോഗിയെ പോലെ പിന്നീട് നോറ്റു വീട്ടേണ്ടതുണ്ട്.അതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

( وَمَنْ كَانَ مَرِيضاً أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ يُرِيدُ اللَّهُ بِكُمُ الْيُسْرَ وَلا يُرِيدُ بِكُمُ الْعُسْرَ ) (البقرة: ١٨٥).

അതു കൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല.

എപ്പോഴാണോ കാരണം നീങ്ങിപോകുന്നത് ആ സമയം നോറ്റു വീട്ടാനാരംഭിക്കുകയും ചെയ്യണം.അത് അന്തരീക്ഷം തണുക്കുകയും, പകൽ സ

മയം കുറയുകയും ചെയ്യുന്ന ശൈത്യ കാലത്തോ, അതല്ലെങ്കിൽ അടുത്ത വർഷമോ നോറ്റു വീട്ടാവുന്നതാണ്.നീങ്ങിപോവാത്ത കാരണങ്ങളോ,ശമനം പ്രതീക്ഷിക്കാത്ത രോഗമോ ഉള്ളവരാണ് ഓരോ ദിവസത്തിനും പകരമായി ഓരോ അഗതികൾക്ക് ഭക്ഷണം നോമ്പിന് പകരമായി നൽകേണ്ടത്.

***

16– വിശപ്പും, ദാഹവും കാരണത്താൽ നോമ്പുകാരൻ പകലിൽ അധിക സമയവും വിശ്രമിക്കുകയാണെങ്കിൽ അത് നോമ്പിന്റെ സ്വീകാര്യതയെ ബാധിക്കുമോ?

ഉത്തരം: നോമ്പിന്റെ സ്വീകാര്യതയെ അത് ബാധിക്കുകയില്ല.മറിച്ച് ക്ഷീണം കൂടുന്നതിനനുസരിച്ച് പ്രതിഫലം വർദ്ധിക്കുകയാണ് ചെയ്യുക.കാരണം ആയിശാ(﵂)യോട് റസൂലുല്ലാഹ്(ﷺ) പറയുന്നത് കാണുക:

(( أجرك على قدر نصبك)) أخرجه البخاري كتاب العمرة/ باب أجر العمرة على قدر التعب (١٧٨٧). ومسلم: كتاب الحج/ باب إحرام النفساء ... (١٢١١)(١٢٦)..

‘നിങ്ങളുടെ പ്രതിഫലം നിങ്ങളുടെ ക്ഷീണത്തിന നുസരിച്ചാകുന്നു’ (ബുഖാരി).അല്ലാഹുവിനെ അനു സരിക്കാൻ ആരാണോ ക്ഷീണിതരാകുന്നത് ആ ക്ഷീണത്തിനനുസരിച്ച് പ്രതിഫലം കൂടുന്നതാണ്. നോമ്പുകാരൻ ക്ഷീണിക്കുമ്പോൾ വെള്ളം കൊ ണ്ട് ശരീരം തണുപ്പിക്കുകയും, തണുപ്പുള്ള സ്ഥല ത്ത് ഇരിക്കുകയും ചെയ്ത്കൊണ്ട് ക്ഷീണം ല ഘൂകരിക്കാൻ പരിശ്രമിക്കേണ്ടതാണ്.

***

17– റമളാനിന്റെ എല്ലാ ദിവസവും രാത്രിയി ൽ നോമ്പിന് നിയ്യത്ത് ആവശ്യമുണ്ടോ? അതല്ല ഒരു മാസത്തിന് ഒന്നിച്ച് നിയ്യത്ത് ചെയ്താൽ മ തിയോ?

ഉത്തരം: റമളാനിന്റെ ആദ്യത്തിൽ ഒന്നിച്ച് നിയ്യത്ത് ചെയ്താൽ മതിയാവുന്നതാണ്,കാരണം റമളാനിൽ നോമ്പെടുക്കുന്ന വ്യക്തി ഓരോ ദിവ സവും നിയ്യത്ത് ചെയ്തില്ലെങ്കിലും റമളാൻ മാ സം മുഴുവനും നോമ്പെടുക്കുമെന്നുള്ള ഉദ്ദേശം അവന്റെ മനസിലുണ്ടല്ലോ, അത് തന്നെ മതി. എ ന്നാൽ ആ മാസത്തിനിടക്ക് യാത്ര കൊണ്ടോ,രോ

ഗം കൊണ്ടോ ആ ഉദ്ദേശത്തിന് ഭംഗം വരുകയാണെങ്കിൽ പിന്നെ നോമ്പനുഷ്ഠിക്കാൻ പുതുതായി നിയ്യത്ത് ചെയ്യേണ്ടതുണ്ട്. കാരണം യാത്ര മൂലമോ, രോഗം മൂലമോ നോമ്പൊഴിവാക്കിയത് കൊണ്ട് തന്നെ.

***

18– ഭക്ഷണം കഴിക്കുകയോ, വെള്ളം കുടിക്കുകയോ ചെയ്യാതെ നോമ്പ് മുറിച്ചുവെന്ന ദൃഢമായ ഉദ്ദേശമുണ്ടായാൽ നോമ്പ് മുറിയുമോ?

ഉത്തരം: തീർച്ചയായും നോമ്പ് എന്ന ആരാധന ഉദ്ദേശവും, നോമ്പിനെ മുറിച്ചു കളയുന്ന കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യുക എന്നിവ ഉൾകൊള്ളുന്നതാകുന്നു. നോമ്പിലൂടെ ഒരാൾ ഉദ്ദേശിക്കുന്നത് നോമ്പിനെ നിഷ്ഫലമാക്കി കളയുന്ന കാര്യങ്ങളിൽ നിന്ന് വിട്ട് നിന്ന് കൊണ്ട് അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുകയെന്നതാണ്, അത്കൊണ്ട് തന്നെ ഈ ഉദ്ദേശം ഒഴിവാക്കിയെന്ന് ദൃഢമായി കരുതിയാൽ തന്നെ നോമ്പ് നിഷ്ഫലമാകുന്നതാണ്. റമളാനിലാണ് ഇപ്രകാരം ചെയ്യുന്നതെങ്കിൽ അവശേഷിക്കുന്ന സമയം അ

വൻ നോമ്പ് പിടിക്കേണ്ടതുണ്ട്, കാരണം ഇസ്ലാം അനുവദിക്കുന്ന കാരണത്താലല്ലാതെ നോമ്പ് ഒഴിവാക്കുകയാണെങ്കിൽ അവശേഷിക്കുന്ന സമയം നോമ്പ് പിടിക്കുകയും, അത് നോറ്റുവീട്ടുകയും ചെയ്യേണ്ടതുണ്ട്.

എന്നാൽ ദൃഢമായ തീരുമാനമെടുക്കാതെ സംശയമാണുള്ളതെങ്കിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായാന്തരമുണ്ട്. ചില പണ്ഡിതൻമാർ പറയുന്നത് അവന്റെ നോമ്പ് നിഷ്ഫലമാവും, കാരണം സംശയം ഖണ്ഡിതമായതിനെ നീക്കികളയുന്നതാണ്.

ഒരു വിഭാഗം പണ്ഡിതൻമാർ വ്യക്തമാക്കുന്നത് നോമ്പ് നിഷ്ഫലമാവുകയില്ല, കാരണം അടിസ്ഥാനപരമായി ഉദ്ദേശം അവശേഷിക്കുന്നു, ഖണ്ഡിതമായി ഉദ്ദേശിച്ചാലല്ലാതെ ആദ്യത്തെ ഉദ്ദേശം നീങ്ങിപോവുകയില്ല.ഈ അഭിപ്രായമാണ് എന്റെയടുത്ത് പ്രബലയോഗ്യമായിട്ടുള്ളത്.അല്ലാഹുവിനാണ് കൂടുതൽ അറിയുക.

***

19- നോമ്പുകാരൻ മറന്നുകൊണ്ട് ഭക്ഷണം കഴിച്ചാൽ എന്താണ് വിധി? അത് കാണുന്നവൻ എന്താണ് ചെയ്യേണ്ടത്?

ഉത്തരം: ഒരാൾ മറന്നുകൊണ്ട് ഭക്ഷണം കഴിക്കുകയോ, വെള്ളം കുടിക്കുകയോ ചെയ്താൽ അവന്റെ നോമ്പ് ശരിയാവും, പക്ഷേ, എപ്പോഴാണോ ഓർമ്മ വരുന്നത് അപ്പോൾ അവസാനിപ്പിക്കേണ്ടതാണ്.തൽസമയം തന്നെ വായിലുള്ളത് ഒഴിവാക്കൽ നിർബ്ബന്ധവുമാണ്.നോമ്പ് ശരിയാവും എന്നതിനുള്ള തെളിവ് കാണുക:

( عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا نَسِيَ فَأَكَلَ وَشَرِبَ فَلْيُتِمَّ صَوْمَهُ فَإِنَّمَا أَطْعَمَهُ اللَّهُ وَسَقَاهُ) أخرجه البخاري : كتاب الصوم/ باب إذا أكل أو شرب ناسياً (١٩٣٣). ومسلم : كتاب الصيام/ باب أكل الناسي وشربه وعلمه لا يفطر (١١٥٥).

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: 'ആരെങ്കിലും മറന്നു കൊണ്ട് ഭക്ഷണം കഴിക്കുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തി

യാക്കട്ടെ.കാരണം അല്ലാഹുവാണ് അവനെ തീറ്റു കയും കുടിപ്പിക്കുകയും ചെയ്തത്' (മുത്തഫഖുൻ അലൈഹി) മറവി കാരണം ആരെങ്കിലും നിരോധിച്ച കാര്യം ചെയ്താൽ അതിന് ശിക്ഷയില്ല. അല്ലാഹു പറയുന്നു:

رَبَّنَا لَا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا) (البقرة:٢٨٦)

'ഞങ്ങളുടെ നാഥാ,ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ'.

എന്നാൽ നോമ്പുകാരൻ മറന്നുകൊണ്ട് ഭക്ഷണം കഴിക്കുന്നത് കാണുകയാണെങ്കിൽ അവനെ ഓർമ്മപ്പെടുത്തൽ നിർബ്ബന്ധമാകുന്നു.കാരണം അത് തിൻമ വിരോധിക്കലാകുന്നു.

قال صلى الله عليه وسلم: (( من رأى منكم منكراً فليغيره بيده، فإن لم يستطع فبلسانه ، فإن لم يستطع فبقلبه)) أخرجه مسلم: كتاب الإيمان/ باب كون النهي عن المنكر من الإيمان (٤٩).

നബി(ﷺ) പറയുകയുണ്ടായി: 'നിങ്ങളിൽ ആരെങ്കിലും ഒരാൾ തിൻമ ചെയ്യുന്നത് കാണുകയാണെ

ങ്കിൽ അവന്റെ കൈകൊണ്ട് തടുക്കട്ടെ, അതിന് സാധ്യമല്ലെങ്കിൽ അവന്റെ നാവ്കൊണ്ട് തടയട്ടേ, അതിനും സാധ്യമല്ലെങ്കിൽ അവന്റെ ഹൃദയം കൊണ്ട് തടയട്ടെ' (മുസ്ലിം)

നോമ്പുകാരനായിരിക്കെ ഭക്ഷണം കഴിക്കുന്നതും വെള്ളം കുടിക്കുന്നതും വിരോധിച്ച കാര്യത്തിൽ പെട്ടതാണ്, അത് തടയുക തന്നെ വേണം, എന്നാൽ മറവിയെന്ന കാരണം കൊണ്ട് വിട്ട്വീഴ്ച ചെയ്യുകയാണ് നോമ്പിന്റെ സ്വീകാര്യതയുടെ കാര്യത്തിൽ. എന്നാൽ അത് കണ്ട് കൊണ്ടിരിക്കുന്നവന് അത് തടയുന്ന കാര്യത്തിൽ വിട്ട്വീഴ്ചയില്ല താനും.

***

20- നോമ്പുകാരൻ സുറുമയിടുന്നതിന്റെ വിധിയെന്താണ്?

ഉത്തരം: നോമ്പുകാരന് സുറുമയിടാവുന്നതാണ്, അതിന് പ്രശ്നമില്ല.അതുപോലെ തന്റെ കണ്ണുകളിലും, ചെവിയിലും തുള്ളിമരുന്നും ഉപയോഗിക്കാവുന്നതാണ്. കാരണം അത് ഭക്ഷണപാനീ

യം കഴിക്കലെല്ല,അതുപോലെ കണ്ണിലും, മൂക്കിലും തുള്ളി മരുന്ന് ഉപയോഗിക്കുന്നതിന് ഭക്ഷണം കഴിക്കുകയും, വെള്ളം കുടിക്കുകയും ചെയ്യുകയെന്ന് പറയില്ല,അത്കൊണ്ട് തന്നെ ഭക്ഷണം കഴിക്കുകയും വെള്ളം കുടിക്കുകയും ചെയ്യുന്നതാണ് വിലക്കിയിട്ടുള്ളത്. ഈ അഭിപ്രായമാണ് ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ്യ:(ﷺ) അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ മൂക്കിൽ മരുന്ന് ഉപയോഗിച്ച് മന:പൂർവ്വം അത് വായിൽ എത്തിയാൽ നോമ്പ് നിഷ്ഫലമാകുന്നതാണ്. ഒരു ഹദീഥ് കാണുക:

قول النبي صلى الله عليه وسلم : (( بـالغ في الاستنشـاق إلا أن تكـون صـائماً)) أخرجـه أبـو داود: كتـاب الاسـتنثار (١٤٢). والترمذي: كتاب الطهارة/ باب ما جاء في تخليل الأصـابع (٣٨). والنسائي: كتاب الطهارة/ باب المبالغة في الاستنشاق (٨٧). وابن ماجة: كتاب الطهارة وسننها / باب تخليل الأصابع (٤٤٨).

നബി(ﷺ) പറയുകയുണ്ടായി: 'നീ നോമ്പുകാരനല്ലായെങ്കിൽ മൂക്കിൽ വെള്ളം കയറ്റിചീറ്റുന്നത് അധികരിപ്പിക്കുക' (അബൂദാവൂദ്,നസാഇ,ഇബ്നുമാജ)

***

21– നോമ്പുകാരൻ പല്ല് തേക്കുന്നതിന്റെയും, സുഗന്ധം ഉപയോഗിക്കുന്നതിന്റെയും വിധി എന്താണ്?

ഉത്തരം: നോമ്പ്കാരൻ പകലിന്റെ തുടക്കത്തിലോ, അവസാനത്തിലോ പല്ല് തേക്കുന്നത് പ്രവാചക സുന്നത്തിൽ പെട്ടതാണ്.ഹദീഥ് കാണുക:

قول النبي صلى الله عليه وسلم : (( السواك مطهرة للفم مرضاة للــرب) أخرجه البخاري معلقاً: كتــاب الصــوم/ بــاب الســواك الرطب واليابس للصائم.

നബി(ﷺ) പറയുകയുണ്ടായി:'പല്ല് തേക്കൽ വായക്ക് ശുദ്ധിയുണ്ടാക്കുന്നതും, രക്ഷിതാവിന് തൃപ്തിയുമുള്ള കാര്യമാണ്' (ബുഖാരി)

وقوله صلى الله عليه وسلم : ((لولا أن أشق على أمتي لأمــرتهم بالسواك مع كل صلاة)) أخرجه البخاري،كتاب الصــيام، بــاب السواك الرطب واليابس للصائم.ومسلم: كتاب الطهارة/ بــاب السواك(٢٥).

നബി(ﷺ) പറയുകയുണ്ടായി: 'എന്റെ സമുദായ ത്തിന് പ്രയാസമുണ്ടാകുമായിരുന്നില്ലെങ്കിൽ ഓ രോ നമസ്കാരത്തിന് മുമ്പും മിസ്‌വാക്ക് ചെയ്യാ ൻ ഞാൻ കൽപിക്കുമായിരുന്നു' (ബുഖാരി,മുസ്ലിം)

അതുപോലെ നോമ്പുകാരന് പകലിന്റെ ആ ദ്യത്തിലോ, അവസാനത്തിലോ എപ്പോഴാണെങ്കി ലും സുഗന്ധം ഉപയോഗിക്കാവുന്നതാണ്. അത് സുഗന്ധം പുകരൂപത്തിലോ,ദ്രാവക രൂപത്തിലോ, മറ്റു വല്ല രൂപത്തിലുമാണെങ്കിലും ഉപയോഗിക്കാ വുന്നതാണ്. എന്നാൽ സുഗന്ധം കലർന്ന പുക മൂക്കിലൂടെ കടത്തി വിടരുത്, കാരണം സുഗന്ധം കലർന്ന പുക മൂക്കിലൂടെ പ്രവേശിച്ച് അത് വയ റിൽ പ്രവേശിക്കാൻ സാധ്യതയുണ്ട്. ഇത് കൊ ണ്ടാണ് നബി(ﷺ) ലുഖൈത്വ്ബ്നു സ്വബ്റയോട് പറഞ്ഞത്:

قول النبي صلى الله عليه وسلم : (( بـالغ في الاستنشـاق إلا أن تكـون صـائماً)) أخرجـه أبـو داود: كتـاب الاسـتنثار (١٤٢). والترمذي: كتاب الطهارة/ باب ما جاء في تخليل الأصـابع (٣٨).

والنسائي: كتاب الطهارة/ باب المبالغة في الاستنشاق (٨٧). وابن ماجة: كتاب الطهارة وسننها / باب تخليل الأصابع (٤٤٨).

നബി(ﷺ) പറയുകയുണ്ടായി: 'നീ നോമ്പുകാരനല്ലായെങ്കിൽ മൂക്കിൽ വെള്ളം കയറ്റി ചീറ്റുന്നത് അധികരിപ്പിക്കുക' (അബൂദാവൂദ്, നസാഇ, ഇബ്നുമാജ)

***

22- നോമ്പ് നിഷ്ഫലമാക്കി കളയുന്ന കാര്യങ്ങൾ ഏതെല്ലാം?

ഉത്തരം: ചുവടെ കൊടുക്കുന്ന കാര്യങ്ങൾ നോമ്പ് നിഷ്ഫലമാകും.

1- സംയോഗം ചെയ്യൽ
2- ഭക്ഷണം കഴിക്കൽ
3- പാനീയം കഴിക്കൽ
4- വികാരത്തോടെ ശുക്ലം പുറത്ത് വരൽ
5- ഭക്ഷണ പാനീയത്തിന് പകരമായുള്ളവ ഉപയോഗിക്കൽ
6- മന:പൂർവ്വം ഛർദ്ദിക്കൽ

7- കൊമ്പ് (ചീത്ത രക്തം ഒഴിവാക്കുവാനുള്ള ഒരു ചികിൽസ) വെക്കൽ

8- ആർത്തവ, പ്രസവ രക്തം പുത്ത് വരൽ.

ഭക്ഷണ പാനീയം,സംയോഗം എന്നിവ നോമ്പുകാരന് നിഷിദ്ധമാണെന്നതിനുള്ള തെളിവ്. അല്ലാഹു പറയുന്നു:

(فَالْآنَ بَاشِرُوهُنَّ وَابْتَغُوا مَا كَتَبَ اللَّهُ لَكُمْ وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الْأَبْيَضُ مِنَ الْخَيْطِ الْأَسْوَدِ مِنَ الْفَجْرِ ثُمَّ أَتِمُّوا الصِّيَامَ إِلَى اللَّيْلِ) (البقرة:١٧٨)

'അതിനാൽ ഇനിമേൽ നിങ്ങൾ അവരുമായി സഹവസിക്കുകയും, (വൈവാഹിക ജീവിതത്തിൽ) അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചത് തേടുകയും ചെയ്തുകൊള്ളുക.നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക; പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകുന്നത് വരെ. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്യുക'.

വികാരത്തോടെ മനിയ്യ് പുറത്ത് വന്നാൽ നോമ്പ് അസാധുവാകുമെന്നതിന് തെളിവ്:

ഖുദ്സിയായ ഹദീസിൽ നമുക്ക് കാണാവുന്നതാണ്.

(( يدع طعامه و شرابه وشهوته من أجلي)) أخرجه ابن ماجة: كتاب الصيام/ باب ما جاء في فضل الصيام (١٦٣٨).

'അവന്റെ ഭക്ഷണവും, പാനീയവും, വികാരവും എനിക്ക് വേണ്ടി അവൻ ഉപേക്ഷിക്കുന്നു' (ഇബ്നു മാജ)

ഒരു ഹദീഥ് കൂടി കാണുക:

قول النبي صلى الله عليه وسلم : (( في بضع أحدكم صدقة، قالوا يا رسول الله : أيأتي أحدنا شهوته ويكون له فيها أجرا؟ قال أرأيتم لو وضعها في الحرام – أكان عليه وزر- فكذلك إذا وضعها في الحلال كان له أجر)) أخرجه مسلم : كتاب الزكاة/ باب بيان اسم الصدقة يقع على كل نوع من المعروف (١٠٠٦).

നബി(ﷺ) പറയുകയുണ്ടായി: ‘നിങ്ങൾ ഭാര്യമാരുമായി സംസർഗത്തിൽ ഏർപ്പെടുന്നത് സ്വദഖയാണ്, അവർ ചോദിക്കുകയുണ്ടായി: ഓ, അല്ലാഹുവിന്റെ തിരുദൂതരെ, ഞങ്ങളിൽ ഒരാൾ തന്റെ വികാരം ശമിപ്പിക്കുന്നതിലും പ്രതിഫലം ഉണ്ടോ? പറഞ്ഞു: ‘അത് നിഷിദ്ധമായ മാർഗത്തിൽ ശമിപ്പിക്കുകയാണെങ്കിൽ അതിന് കുറ്റമുണ്ടോ? നിങ്ങളുടെ അഭിപ്രായമെന്താണ്? അപ്രകാരം തന്നെ അതിനെ അനുവദനീയമായതിൽ വെക്കുകയാണെങ്കിൽ അതിന് പ്രതിഫലവുമുണ്ട്’ (മുസ്ലിം)

ഇവിടെ അതിനെ വെക്കുകയെന്നത് കൊണ്ടുദ്ദേശിക്കുന്നത് മനിയ്യാണ്. അത്കൊണ്ട് തന്നെ പ്രബലമായ അഭിപ്രായ പ്രകാരം മദ്‌യ്യ് (വികാരമുണ്ടാകുന്ന സന്ദർഭത്തിൽ ലിംഗത്തിൽ നിന്നും പുറപ്പെടുന്ന ഒരുതരം ദ്രാവകം) വികാരത്തോടെയോ, ചുംബനം കൊണ്ടോ മറ്റോ സംയോഗം കൂടാതെ പുറപ്പെട്ടാൽ നോമ്പ് മുറിയില്ലായെന്ന് പറയുവാൻ കാരണം.

ഭക്ഷണ പാനീയത്തിന് പകരമായി ഉപയോഗിക്കുന്ന ഇഞ്ചക്ഷൻ പോലെയുള്ളത് ഉപയോഗിക്കുകയാണെങ്കിൽ നോമ്പ് നിഷ്ഫലമാകുന്നതാണ്. അവ ഭക്ഷണ പാനീയമല്ലെങ്കിലും ആ ലക്ഷ്യത്തിന്‌വേണ്ടി ഉപയോഗിക്കുന്നതായത്കൊണ്ട് അവ ഉപയോഗിച്ചാൽ നോമ്പ് നിഷ്ഫലമാവും.

മനഃപ്പൂർവ്വം ഛർദ്ദിക്കുന്നതിലൂടെ നോമ്പ് അസാധുവാകുമെന്നതിന് തെളിവ്:

حديث أبي هريرة – رضي الله عنه – أن النبي صلى الله عليه وسلم قال: (( من استقاء عمداً فليقض، ومن ذرعه القيء فلا قضاء عليه)) أخرجه أبو داود : كتاب الصوم/ باب الصائم يستقيء عمداً (٢٣٨٠. والترمذي: كتاب الصوم/ باب ما جاء فيمن اتقاء عمداً (٧٢٠).

അബൂഹുറൈറ(ﷺ)വിൽ നിന്ന് നബി(ﷺ) പറയുകയുണ്ടായി: ആരെങ്കിലും ഛർദ്ദിക്കുകയാണെങ്കിൽ അവൻ ആ നോമ്പ് നോറ്റുവീട്ടേണ്ടതില്ല, എന്നാൽ ആരെങ്കിലും മനഃപൂർവ്വം ഛർദ്ദിക്കുകയാണെങ്കിൽ അവൻ അത് നോറ്റുവീട്ടട്ടേ, ആരെങ്കിലും മനഃപൂ

ർവ്വമല്ലാതെ ഛർദ്ദിക്കുകയാണെങ്കിൽ അവന് ഖ ളാഅ് ഇല്ല' (അബൂദാവൂദ്, തിർമിദി)

കൊമ്പ് വെക്കുന്നതിലൂടെ നോമ്പ് മുറിയുമെന്നതിനുള്ള തെളിവ്:

قول النبي صلى الله عليه وسلم (( أفطر الحـاجم والمحجـوم)) أخرجـه البخـاري معلقـاً . كتـاب الصـوم/ الحجامـة والـقيء للصـائم. والترمـذي: كتـاب الصـوم/ بـاب كراهيـة الحجامـة للصائم (٧٧٤).

നബി(ﷺ) പറയുകയുണ്ടായി: കൊമ്പ് വെക്കുന്നവനും, വെപ്പിക്കുന്നവനും നോമ്പ് തുറന്നിരിക്കുന്നു' (ബുഖാരി തഹ്‌ലീഖായി ഉദ്ദരിച്ചത്)

എന്താണ് തഅ്ലീക്

ആർത്തവരക്തമോ പ്രസവ രക്തമോ പുറപ്പെടൽ: ഒരു സ്ത്രീയോട് നബി(ﷺ) പറയുകയുണ്ടായി:

((أليس إذا حاضت لم تصل ولـم تصـم)) أخرجـه البخـاري: كتاب الحيض/ باب ترك الحائض الصوم (٣٠٤). ومسلم : كتاب الإيمان/ باب بيان نقص الإيمان بنقص الطاعات (٧٩).

'ആർത്തവമുണ്ടായാൽ അവൾ നോമ്പനുഷ്ഠിക്കുകയും, നമസ്കരിക്കുകയും ചെയ്യേണ്ടതില്ല' (ബുഖാരി) ആർത്തവ പ്രസവ രക്തമുള്ളവരുടെ നോമ്പ് ശരിയാവുകയില്ലായെന്ന കാര്യത്തിൽ പണ്ഡിതൻമാർ ഏകോപിച്ചിരിക്കുന്നു.

മൂന്ന് ഉപാധികളോട് കൂടി മാത്രമേ മുകളിൽ കൊടുത്ത ഏഴ് കാര്യങ്ങൾ കൊണ്ട് നോമ്പ് നിഷ്ഫലമാവുകയുള്ളൂ.

അവ താഴെ കൊടുക്കുന്നു:

1- ഇന്ന കാര്യം ചെയ്താൽ നോമ്പ് നിഷ്ഫലമായി പോകുമെന്നതിനെക്കുറിച്ച് അറിവുള്ളവനായിരിക്കണം.

2- സ്വബോധത്തോടെയാവണം.

3- ആരുടെയെങ്കിലും നിർബ്ബന്ധത്തിന് വ

ഴങ്ങിയിട്ടാകരുത്. സ്വന്തം ഇഷ്ടപ്രകാരമാവണം. ഒരാൾ നിർബന്ധിപ്പിച്ച് മറ്റൊരാളെ വെള്ളം കുടിപ്പിച്ചാൽ മുറിയുകയില്ല.

അറിവില്ലാതെയോ ഉദ്ദേശ്യമില്ലാതേയോ മുമ്പു പ്രസ്താവിച്ച കാര്യങ്ങളിൽ ഏതെങ്കിലുമൊന്ന് ചെയ്താൽ നോമ്പു മുറിയുകയില്ല. നോമ്പ് സാധുവായി തീരുന്നതാണ്. അല്ലാഹു പറയുന്നു:

(رَبَّنَا لاَ تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا) ( البقرة: ٢٨٦)

'ഞങ്ങളുടെ നാഥാ,ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റു പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ'.

(وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَا أَخْطَأْتُمْ بِهِ وَلَكِنْ مَا تَعَمَّدَتْ قُلُوبُكُمْ ) (الأحزاب: الآية:٥)

'അബദ്ധവശാൽ നിങ്ങൾ ചെയ്തു പോയതിൽ നിങ്ങൾക്ക് കുറ്റമില്ല. പക്ഷെ നിങ്ങളുടെ ഹൃദയങ്ങൾ അറിഞ്ഞ് കൊണ്ടു ചെയ്തത്' (കുറ്റകരമാകുന്നു.)

പ്രവാചക സുന്നത്തിൽ നിന്ന് ഇതിന് തെളിവായി നമുക്ക് കാണാം:

عن عدي بن حاتم-رضي اللّٰه عنه – أنه صام فجعل تحت وسادته عقالين- وهما الحبلان اللذان تشد بهما يد البعير إذا برك- أحدهما أسود، والثاني أبيض، وجعل يأكل ويشرب حتى تبين له الأبيض من الأسود ، ثم أمسك، فلما أصبح غداً ذهب إلى رسول اللّٰه صلى اللّٰه عليه وسلم فأخبره بذلك، فبين له النبي صلى اللّٰه عليه وسلم أنه ليس المراد بالخيط الأبيض والأسود في الآية الخيطين المعروفين، وإنما المراد بالخيط الأبيض بياض النهار، وبالخيط الأسود سواد الليل، ولم يأمره النبي صلى اللّٰه عليه وسلم بقضاء الصوم أخرجه البخاري: كتاب الصوم/ باب قول اللّٰه تعالى: (وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الْأَبْيَضُ مِنَ الْخَيْطِ الْأَسْوَدِ مِنَ الْفَجْرِ)(١٩١٦). ومسلم : كتاب الصيام/ باب بيان إن الدخول في الصوم يحصل بطلوع الفجر(١٠٩٠)

അദിയ്യുബ്നുഹാതിം(ﷺ)വിൽ നിന്ന്, അദ്ദേഹം നോമ്പനുഷ്ഠിക്കുകയും, തലയിണക്കടിയിൽ രണ്ട് കയർ വെക്കുകയും ചെയ്തു. – ആ രണ്ട് കയറുകൾ ഒട്ടകത്തെ കെട്ടിയിടാൻ ഉപയോഗിക്കുന്നതായിരുന്നു– അതിൽ ഒന്ന് കറുപ്പും, മറ്റൊന്ന് വെളുപ്പുമായിരുന്നു. അങ്ങിനെ കറുപ്പിൽ നിന്ന് വെളുപ്പ് കൃത്യമായി കാണുന്നത് വരെ ഭക്ഷണം കഴിക്കുകയും വെള്ളം കുടിക്കുകയും ചെയ്തു. എന്നിട്ടാണ് നോമ്പെടുത്തത്.നേരം പുലർന്നപ്പോൾ റസൂലുല്ലാഹ്(ﷺ)യുടെ അടുത്ത് ചെന്ന് കാര്യം പറയുകയും ചെയ്തു. അപ്പോൾ നബി(ﷺ) അദ്ദേഹത്തിന് വിശദീകരിച്ച് കൊടുക്കുകയുണ്ടായി:ആയത്തിൽ പരാമർശിക്കപ്പെട്ട കറുത്ത നൂലും, വെളുത്ത നൂലും കൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെയടുത്ത കറുപ്പും വെളുപ്പും നൂലല്ല, മറിച്ച് വെളുത്ത നൂൽകൊണ്ട് ഉദ്ദേശിക്കുന്നത് പകലിന്റെ വെളുപ്പും, കറുപ്പ് നൂല് കൊണ്ട് ഉദ്ദേശിക്കുന്നത് രാത്രിയുടെ കറുപ്പുമാണ്. എന്നാൽ അദ്ദേഹത്തോട് നബി(ﷺ) നോമ്പ് കളാഅ് വീട്ടാൻ കൽപിച്ചില്ല' (ബുഖാരി, മുസ്ലിം) കാരണം അദ്ദേഹം വിധിയെ സംബന്ധിച്ച് അജ്ഞനായതിനാൽ നോമ്പ് നിഷ്ഫലമായില്ല.

സമയത്തെ സംബന്ധിച്ച് അജ്ഞതയാണെ ങ്കിലും നോമ്പ് നിഷ്ഫലമാവില്ല. അതിന് തെളി വായി നമുക്ക് കാണാം:

عن أسماء بنت أبي بكر- رضي الله عنهما- قالت : (( أفطرنا على عهد النبي صلى الله عليه وسلم في يوم غيم ثم طلعت الشمس )) أخرجه البخاري: كتاب الصوم/ باب إذا أفطر في رمضان ثم طلعت الشمس (١٩٥٩).

അസ്മാഅ് ബിന്ത് അബൂബക്കർ(ﷺ)വിൽ നിന്ന്; അവർ പറയുകയുണ്ടായി: 'നബി(ﷺ)യുടെ കാല ത്ത് മേഘാവൃതമായ സമയത്ത് ഞങ്ങൾ നോമ്പ് തുറന്നു, അതിന് ശേഷമാണ് സൂര്യനസ്തമിച്ചത്' (ബുഖാരി) അവരോട് നബി(ﷺ) ആ നോമ്പ് ഖളാ അ് വീട്ടാൻ പറഞ്ഞില്ല. ഇങ്ങനെയുള്ള അവസര ത്തിൽ ഖളാഅ് നിർബ്ബന്ധമായിരുന്നെങ്കിൽ അവ രോട് കൽപിക്കുമായിരുന്നു. അവരോട് കൽപിച്ചി രുന്നെങ്കിൽ സമുദായത്തിനായി അവരത് ഉദ്ധരി ക്കുകയും ചെയ്യുമായിരുന്നു. കാരണം അല്ലാഹു പറയുന്നു:

(إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ) (الحجر:٩).

'തീർച്ചയായും നാമാണ് ഈ ഉൽബോധനത്തെ അവതരിപ്പിച്ചത്, നാം തന്നെ അതിനെ സംരക്ഷി ക്കുന്നതാണ്' (ഹിജ്റ്:9)

ആവശ്യമുള്ള സാഹചര്യമുണ്ടായിട്ടും ഉദ്ധരിക്കപ്പെടാത്തതിനാൽ നബി(ﷺ) അവരോട് അങ്ങിനെ കൽപിച്ചില്ലായെന്നാണ് മനസിലാക്കേണ്ടത്, നോറ്റുവീട്ടാൻ കൽപിക്കാത്തത്കൊണ്ട് തന്നെ അത് നിർബ്ബന്ധമല്ലായെന്നും മനസിലാക്കാവുന്നതാണ്. അതുപോലെ തന്നെ ഒരാൾ ഉറക്കിൽ നിന്ന് എഴുന്നേൽക്കുകയും ഭക്ഷണപാനീയങ്ങൾ കഴിക്കുകയും ചെയ്തു,അതിന് ശേഷമാണ് താൻ ഭക്ഷണപാനീയം കഴിച്ചത് പ്രഭാതോദയത്തിന് ശേഷമാണെന്ന് മനസിലായത്, എങ്കിൽ അവന് ആ നോമ്പ് ഖളാഅ് വീട്ടേണ്ടതില്ല, കാരണം അവൻ അറിയാതെ ചെയ്തതാണ്.

രണ്ടാമത്തെ നിബന്ധന: സ്വബോധത്തോടെയായിരിക്കണം.. മറന്നുകൊണ്ട് ഭക്ഷണം കഴിക്കുകയോ, പാനീയം കുടിക്കുകയോ ചെയ്താൽ നോ

മ്പ് ശരിയാകും, അത് നോറ്റ് വീട്ടേണ്ടതില്ല. അല്ലാഹു പറയുന്നു:

( رَبَّنَا لا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا)

'ഞങ്ങളുടെ നാഥാ,ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ'.

ولحديث أبي هريرة رضي الله عنه أن رسول الله صلى الله عليه وسلم قال: ((من نسي وهو صائم فأكل أو شرب فليتم صومه فإنما أطعمه الله وسقاه)) (بخاري ومسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: 'ആരെങ്കിലും മറന്ന കൊണ്ട് ഭക്ഷണം കഴിക്കുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തിയാക്കട്ടെ. കാരണം അല്ലാഹുവാണ് അവനെ തീറ്റുകയും കുടിപ്പിക്കുകയും ചെയ്തത്' (മുത്തഫഖുൻ അലൈഹി)

മൂന്നാമത്തെനിബന്ധന: സ്വമേധയാ ചെയ്യുന്നതായിരിക്കണം. ആരെങ്കിലും നിർബ്ബന്ധിപ്പിക്കുകയോ മറ്റോ ചെയ്തിട്ടാവരുത്. സ്വമേധയ അല്ലാ

തെയാണ് ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്ന തെങ്കിൽ നോമ്പ് നിഷ്ഫലമാവില്ല. അല്ലാഹു പറയുന്നു:

(مَنْ كَفَرَ بِاللَّهِ مِنْ بَعْدِ إِيمَانِهِ إِلاَّ مَنْ أُكْرِهَ وَقَلْبُهُ مُطْمَئِنٌّ بِالأَيمَانِ وَلَكِنْ مَنْ شَرَحَ بِالْكُفْرِ صَدْراً فَعَلَيْهِمْ غَضَبٌ مِنَ اللَّهِ وَلَهُمْ عَذَابٌ عَظِيمٌ) (النحل:١٠٦)

വിശ്വസിച്ചതിന് ശേഷം അല്ലാഹുവിൽ അവിശ്വസിച്ചവരാരോ അവരുടെ -തങ്ങളുടെ ഹൃദയം വിശ്വാസത്തിൽ സമാധാനം പൂണ്ടതായിരിക്കെ നിർബന്ധിക്കപ്പെട്ടവരല്ല; പ്രത്യുത, തുറന്ന മനസ്സോടെ അവിശ്വാസം സ്വീകരിച്ചവരാരോ അവരുടെ- മേൽ അല്ലാഹുവിങ്കൽ നിന്നുള്ള കോപമുണ്ടായിരിക്കും. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ടായിരിക്കും.

നിർബ്ബന്ധിപ്പിച്ച് കൊണ്ട് കുഫ്റിന്റെ കാര്യം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള വിധി ഇതാണെങ്കിൽ അതിനേക്കാൾ ഗൗരവം കുറഞ്ഞ കാര്യത്തിൽ നാം സംശയിക്കേണ്ടതില്ലല്ലോ.ഒരു ഹദീഥ് കാണുക:

عن النبي صلى الله عليه وسلم: (( أن الله رفع عـن أمـتي الخطـأ ، والنسيان، وما استكرهوا عليه)) أخرجه ابن ماجة: كتاب الطلاق / باب طلاق المكره والناسي (٢٠٤٣).

നബി(ﷺ)പറയുന്നു:'അബദ്ധവും മറവിയും നിർബ ന്ധിപ്പിക്കപ്പെട്ടതും എന്റെ സമുദായത്തിന് മാപ്പു നൽകപ്പെട്ടിരിക്കുന്നു' (ഇബ്നുമാജ, ത്വബ്റാനി)

ഇതുപോലെ തന്നെ നോമ്പുകാരന്റെ മൂക്കി ലൂടെ പൊടിപടലമോ മറ്റോ പ്രവേശിക്കുകയും അതിന് രുചിയുണ്ടാവുകയും അത് വയറിൽ പ്ര വേശിക്കുകയും ചെയ്താൽ അത് കാരണത്താൽ അവന്റെ നോമ്പ് നിഷ്ഫലമാവില്ല, കാരണം അവ ന്റെ ഉദ്ദേശത്തോടെയല്ലല്ലോ അങ്ങിനെ സംഭവി ക്കുന്നത്. അതുപോലെ തന്നെയാണ് ഒരാളെ നിർ ബ്ബന്ധിപ്പിച്ച് വെള്ളം കുടിപ്പിക്കുകയാണെങ്കിൽ അ ത് കൊണ്ടും നോമ്പ് മുറിയുകയില്ല. അതുപോലെ തന്നെ ഉറക്കത്തിൽ സ്വപ്നസ്ഖലനമുണ്ടായാലും നോമ്പ് നിഷ്ഫലമാവില്ല, കാരണം അവന്റെ ഉദ്ദേ ശത്തിന്റെ അടിസ്ഥാനത്തിലല്ലല്ലോ അങ്ങിനെ സം ഭവിക്കുന്നത്. അതുപോലെ ഭർത്താവ് ഭാര്യയെ

നോമ്പ് അസാധുവാകുന്ന കാര്യങ്ങൾക്ക് നിർബ്ബ ന്ധിപ്പിച്ചാൽ ഭാര്യയുടെ നോമ്പിന് ഭംഗം വരുക യില്ല, കാരണം അവൾ സ്വമേധയാ ചെയ്തതല്ല,മ റിച്ച് ഭർത്താവിന്റെ നിർബ്ബന്ധത്തിന്റെ മുമ്പിൽ വി ധേയമായതാണ്.

ഒരു പ്രത്യേകം ഇവിടെ ഉണർത്തുന്നു അതാ യത് റമളാനിൽ നോമ്പ് നിർബന്ധമുള്ള ഒരു പു രുഷൻ (ഇളവില്ലാത്തവൻ) പകലിൽ സംയോഗം ചെയ്താൽ അഞ്ച് കാര്യങ്ങൾ അതിലൂടെ അവന് വരുന്നതാണ്.

1– അവശേഷിക്കുന്ന സമയം അവൻ നോമ്പ് പിടിക്കണം.

2– അവന്റെ നോമ്പ് നിഷ്ഫലമാവും.

3– ഖളാഅ് വീട്ടണം.

4– പ്രായശ്ചിത്തം ചെയ്യണം.

5– അവൻ തെറ്റു ചെയ്തു

ഈ കാര്യത്തിൽ അറിവുള്ളവനോ, അറിവി ല്ലാത്തവനോ എന്ന വ്യത്യാസമില്ല,അതായത് നോ മ്പ് നിർബ്ബന്ധമായ ഒരു പുരുഷൻ റമളാനിന്റെ പ കലിൽ സംയോഗം ചെയ്താൽ അവന് പ്രായശ്ചി

ത്തം നിർബ്ബന്ധമാണെന്ന്, അറിയാതെയാണ് ചെയ്തതെങ്കിലും അവന് മുകളിൽ നാം വിശദമാക്കിയ വിധികൾ ബാധകമാണ്. കാരണം നോമ്പിനെ മുറിക്കുന്ന കാര്യം ബോധപൂർവ്വം ചെയ്തതാണ്. നോമ്പിനെ നിഷ്ഫലമാക്കി കളയുന്ന കാര്യം ബോധപൂർവ്വം ചെയ്താൽ അതിന്റെ വിധിയും അതിന് ബാധകമാണ്.ഹദീഥിൽ നമുക്ക് കാണാം:

حديث أبي هريرة أن رجلاً جاء إلى النبي صلى الله عليه وسلم فقال : يا رسول الله هلكت، قال : (( ما أهلكك؟....)) أخرجه البخاري: كتاب الصوم/ باب إذا جامع في رمضان... (١٩٣٦). ومسلم: كتاب الصيام/ باب تغليظ تحريم الجماع في نهار رمضان على الصائم ... (١١١١).

അബൂഹുറൈറ(ﷺ)വിന്റെ ഹദീഥിൽ ഒരാൾ നബി(ﷺ)യുടെ അടുത്ത് വന്ന് പറയുന്നു: 'പ്രവാചകരെ ഞാൻ നശിച്ചു, നബി(ﷺ)ചോദിച്ചു: എന്താണ് നിന്നെ നശിപ്പിച്ചത്' (ബുഖാരി)

അയാൾ പറഞ്ഞു: റമളാനിന്റെ പകലിൽ നോമ്പുകാരനായി ഞാൻ ഭാര്യയുമായി ലൈംഗി

ക വേഴ്ചയിലേർപ്പെട്ടു പോയി. അപ്പോൾ റസൂലു ല്ലാഹ്(ﷺ)അയാളോട് പ്രായശ്ചിത്തം ചെയ്യാൻ ആ വശ്യപ്പെട്ടു. അയാൾക്കറിയില്ലായിരുന്നു ഇങ്ങനെ ചെയ്താൽ പ്രായശ്ചിത്തം ചെയ്യണമെന്നത്. ഇവി ടെ നോമ്പനുഷ്ടിക്കൽ നിർബ്ബന്ധമുള്ളവൻ എന്ന് പറയാൻ കാരണം ഭാര്യയും ഭർത്താവും യാത്ര ചെയ്ത് തിരിച്ചെത്തി അവർ സംസർഗത്തിലേർ പ്പെട്ടാൽ അവർക്ക് പ്രായശ്ചിത്തം നിർബ്ബന്ധമില്ല. കാരണം യാത്രക്കാരായതിനാൽ അവർക്ക് നോ മ്പ് നിർബ്ബന്ധമില്ലല്ലോ. അതു പോലെ യാത്രക്കാര ൻ നോമ്പനുഷ്ടിച്ചാൽ അത് പൂർത്തിയാക്കൽ നിർ ബ്ബന്ധമില്ല,അവൻ ഉദ്ദേശിച്ചാൽ പൂർത്തിയാക്കാം, ഉദ്ദേശിച്ചില്ലെങ്കിൽ പൂർത്തീകരിക്കേണ്ടതുമില്ല. പൂ ർത്തീകരിച്ചില്ലെങ്കിൽ യാത്രക്കാരന് നോമ്പ് നിർ ബ്ബന്ധമില്ലാത്തത് കൊണ്ട് അവൻ ഖളാഅ് വീട്ടി യാൽ മതി.

***

23. (ശ്വാസോച്ഛ്വാസം എളുപ്പമാവാൻ വേ ണ്ടി ആസ്ത്മ രോഗികൾ ഇൻഹാലെർ ഉപയോ ഗിക്കുന്നത് മുഖേന നോമ്പ് മുറിയുമോ?

ഉത്തരം: ഇങ്ങനെ ഇൻഹാലെർ ഉപയോഗിക്കുന്നത് കൊണ്ട് വയറിലേക്ക് ഒന്നും എത്തുന്നില്ലല്ലോ, അത് തടിയില്ലാത്ത ഒരു വസ്തുവായതിനാൽ അതുമുഖേന നോമ്പ് നിഷ്ഫലമാവുകയുമില്ല.

***

24- ഛർദ്ദി കാരണത്താൽ നോമ്പ് നിഷ്ഫലമാവുമോ?

ഉത്തരം: മന:പൂർവ്വം ഛർദ്ദിക്കുകയാണെങ്കിൽ നോമ്പ് നിഷ്ഫലമാവുന്നതാണ്.എന്നാൽ സ്വാഭാവികമായ ഛർദ്ദി മൂലം നോമ്പ് നിഷ്ഫലമാവില്ല. ഹദീഥ് കാണുക:

حديث أبي هريرة – رضي الله عنه – أن النبي صلى الله عليه وسلم قال: (( من استقاء عمداً فليقض، ومن ذرعه القيء فلا قضاء عليه)) أخرجه أبو داود : كتاب الصوم/ باب الصائم يستقيء عمداً (٢٣٨٠. والترمذي: كتاب الصوم/ باب ما جاء فيمن اتقاء عمداً (٧٢٠).

അബൂഹുറൈറ(ﷺ)വിൽ നിന്ന് നബി(ﷺ) പറയുകയുണ്ടായി: ആരെങ്കിലും ഛർദ്ദിക്കുകയാണെങ്കിൽ

അവൻ ആ നോമ്പ് നോറ്റുവീട്ടേണ്ടതില്ല, എന്നാൽ ആരെങ്കിലും മന:പൂർവ്വം ഛർദ്ദിക്കുകയാണെങ്കിൽ അവൻ അത് നോറ്റു വീട്ടട്ടെ, ആരെങ്കിലും മന:പൂർവ്വമല്ലാതെ ഛർദ്ദിക്കുകയാണെങ്കിൽ അവന് ഖളാഅ് ഇല്ല' (അബൂദാവൂദ്, തിർമിദി)

***

25- നോമ്പുകാരന്റെ മോണയിൽ നിന്നോ മറ്റോ അൽപം രക്തം വന്നാൽ നോമ്പ് നിഷ്ഫലമാവുമോ?

ഉത്തരം: പല്ലിന്റെ ഭാഗങ്ങളിൽ നിന്ന് വരുന്ന രക്തം കാരണത്താൽ നോമ്പിന് ഒന്നും സംഭവിക്കുകയില്ല. പക്ഷേ, അത് വയറിലേക്ക് ഇറക്കാൻ പാടില്ല. അതുപോലെ ജലദോഷമോ മറ്റോ ഉണ്ടായാലും നോമ്പ് അസാധുവാകില്ല, അവന് ഖളാഉം ഇല്ല.

***

26- ഋതുമതി ഫജ്റിന് മുമ്പ് ശുദ്ധിയാവുകയും, പ്രഭാതോദയത്തിന് ശേഷം കുളിക്കുകയും ചെയ്താൽ അവളുടെ നോമ്പ് സാധുവാകുമോ?

ഉത്തരം: ഫജ്റിന് മുമ്പ് (സുബ്ഹിന് മുമ്പ്) ശുദ്ധിയായിട്ടുണ്ടെങ്കിൽ (രക്തം നിന്നാൽ) അവളുടെ നോമ്പ് സാധുവാകും,ഫജ്റിന് മുമ്പേ ശുദ്ധിയായിട്ടുണ്ടെന്ന് കൃത്യമായി ഉറപ്പ് വരുത്തേണ്ടതുണ്ട്. ചില സ്ത്രീകൾ വിചാരിക്കും ശുദ്ധിയായിട്ടുണ്ടെന്ന്, എന്നാൽ യഥാർത്ഥത്തിൽ അവർ ശുദ്ധിയായിട്ടുണ്ടാവില്ല.അത്കൊണ്ട് തന്നെ ചില സ്ത്രീകൾ ആയിശ(ﷺ)യുടെ അടുത്ത് വന്ന് ശുദ്ധിയുടെ അടയാളമായി പഞ്ഞിയുമായി വരാറുണ്ടായിരുന്നു. അപ്പോൾ ആയിശ(ﷺ) അവരോട് പറയുമായിരുന്നു: 'നിങ്ങൾ ധൃതിപ്പെടാതിരിക്കൂ, വെളുത്ത നിറം കാണുന്നത് വരെ നിങ്ങൾ ശുദ്ധിയാവില്ല'. (അതായത് മാസമുറ സമയത്ത് ഉപയോഗിക്കുന്ന പാഡിൽ വെളുത്ത നിറം ദർശിക്കുക എന്ന് വിവക്ഷ) കൃത്യമായി ശരിക്കും ശുദ്ധിയാകുന്നത് വരെ സ്ത്രീകൾ സാവകാശം കാണിക്കേണ്ടതുണ്ട്. അങ്ങിനെ ശുദ്ധിയായാൽ നോമ്പിന്റെ നിയ്യത്ത് വെക്കുക, പ്രഭാതോദയത്തിന് ശേഷം കുളിച്ചാലും മതിയാവുന്നതാണ്. അതു പോലെ നമസ്കാരത്തിന്റെ കാര്യവും ഗൗരവത്തിലെടുക്കേണ്ടതുണ്ട്, അ

ത് കൊണ്ട് തന്നെ എത്രയും പെട്ടെന്ന് തന്നെ കു ളിച്ച് അതിന്റെ സമയത്ത് നമസ്കരിക്കേണ്ടതുണ്ട്.

ചില സ്ത്രീകൾ പ്രഭാതോദയത്തിന് മുമ്പോ, ശേഷമോ ശുദ്ധിയാവും, പക്ഷേ, സൂര്യനുദിച്ചതി ന് ശേഷം വൈകിയാണ് കുളിക്കാറുള്ളത്, കൃത്യ മായി വൃത്തിയാക്കാനും, കുളിക്കാനും, കൂടുതൽ വൃത്തിയുണ്ടാവാനുമാണ് ഇങ്ങനെ ചെയ്യുന്നതെ ന്ന് ന്യായം പറയുകയും ചെയ്യും.ഇത് റമളാനിലാ വട്ടെ, അല്ലാത്തയവസരത്തിലാവട്ടെ തെറ്റാണ്. യ ഥാർത്ഥത്തിൽ പെട്ടെന്ന് കുളിച്ച് ശുദ്ധിയായി നമ സ്കാരം അതിന്റെ സമയത്ത് തന്നെ നിർവ്വഹി ക്കേണ്ടതുണ്ട്. അവൾക്ക് നമസ്കാരം നിർവ്വഹി ക്കാനായുള്ള നിർബ്ബന്ധ കുളി കുളിച്ചാൽ മതിയാ വുന്നതാണ്. കൂടുതൽ ശുദ്ധിയും വൃത്തിയുമെ ല്ലാം ഉദ്ദേശിക്കുന്നുവെങ്കിൽ പിന്നീട് ഒരിക്കൽ കൂ ടി കുളിക്കുകയും ചെയ്യുന്നതിനും കുഴപ്പമില്ല. അതു പോലെ വലിയ അശുദ്ധിയുള്ള സ്ത്രീ പ്രഭാതോദ യത്തിന് ശേഷം കുളിച്ചാലും മതിയാവും അവരു ടെ നോമ്പും ശരിയാവുന്നതാണ്. വലിയ അശു ദ്ധിയുള്ള നോമ്പനുഷ്ഠിച്ച പുരുഷൻ പ്രഭാതോദയ ത്തിന്ശേഷം കുളിക്കുന്നത് പോലെ,അവന്റെ നോ

മ്പിന്നും പ്രശ്നമില്ല, ശരിയാവുന്നതാണ്. ഒരു ഹദീ ഥ് കാണുക:

عن النبي صلى الله عليه وسلم أنه يدركه الفجر وهو جنب من أهله فيصوم ويغتسل بعد طلوع الفجر صلى الله عليه وسلم أخرجه البخاري: كتاب الصوم/ باب اغتسال الصائم (١٩٣٠). ومسلم : كتاب الصيام / باب صحة صوم من طلع عليه الفجر وهو جنب (١١٠٩).

നബി(ﷺ)യിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു: നബി(ﷺ) ഭാര്യമാരിൽ നിന്ന് വലിയ അശുദ്ധിയുള്ളവരായി നോമ്പനുഷ്ഠിക്കുകയും, പ്രഭാതോദയത്തിന് ശേഷംകുളിക്കുകയും ചെയ്തിരുന്നു'(ബുഖാരി, മുസ്ലിം) الله أعلم

***

27- നോമ്പ്കാരൻ പല്ല് പറിച്ചാൽ നോമ്പ് നിഷ്ഫലമാവുമോ?

ഉത്തരം: പല്ല് പറിക്കുകയോ, അതുപോലെയുള്ളത് ചെയ്യുന്നതിലൂടെയോ വരുന്ന രക്തം(കുറച്ച് രക്തം) കാരണത്താൽ നോമ്പ് നിഷ്ഫലമാവില്ല,കൊമ്പ് വെക്കുന്ന പോലെയുള്ള വിധി അതിന് ബാധകമല്ല.

***

28– പരിശോധിക്കാനായി അൽപം രക്തം എടുത്താൽ നോമ്പ് നിഷ്ഫലമാവുമോ?

ഉത്തരം: പരിശോധനക്കായി അൽപം രക്തം എടുക്കുന്നത് കൊണ്ട് നോമ്പ് നിഷ്ഫലമാവില്ല. രോഗിയെ പരിശോധിക്കാനായി ഡോക്ടർമാർക്ക് രക്തം എടുക്കേണ്ടി വരും, അത്കൊണ്ട് അവന്റെ നോമ്പ് നിഷ്ഫലമാവില്ല, അത് കൊമ്പ് വെച്ച് രക്തം എടുക്കുന്ന പോലെയല്ല, (കൊമ്പ് വെച്ചാൽ നോമ്പ് മുറിയുമെന്ന അഭിപ്രായമാകുന്നു ശരിയായത് ശൈഖ് തെരെഞ്ഞെടുത്തതും അതാകുന്നു ഈഹദീസിനെ അവലംബിച്ചാകുന്നു രക്തം കൊടുത്താൽ മുറിയുമെന്ന് പണ്ഡിതൻമാർ പറയുന്നത്, കൊമ്പ് വെച്ചാൽ മുറിയില്ല എന്ന അഭിപ്രായവുമുണ്ട് ഫത്ഹുൽബാരി നോക്കുക.) അത് കൊ

ണ്ട് തന്നെ നോമ്പ് നിഷ്ഫലമാവും എന്നതിന് മ തപരമായി തെളിവ് വേണം. എന്നാൽ പരിശോധ നക്കായി അൽപം രക്തം എടുത്താൽ നോമ്പ് നി ഷ്ഫലമാവും എന്നതിന് തെളിവില്ല. മറ്റൊരാൾക്ക് രക്തം നൽകാനായി ധാരാളം രക്തം എടുക്കുക യാണെങ്കിൽ അവന്റെ നോമ്പ് നിഷ്ഫലമാവുന്ന താണ്. അത് കൊണ്ട് തന്നെ അനിവാര്യ ഘട്ടങ്ങ ളിലല്ലാതെ നിർബ്ബന്ധ നോമ്പനുഷ്ഠിച്ചവൻ മറ്റൊരാ ൾക്ക് രക്തം കൊടുക്കാൻ പാടില്ല. സൂര്യാസ്തമ യം വരെ കാത്ത് നിൽക്കാൻ സാധ്യമല്ലാത്ത അ ടിയന്തിര സാഹചര്യത്തിൽ നോമ്പനുഷ്ഠിച്ച വ്യ ക്തിക്ക് രക്തം നൽകാവുന്നതാണ്,അതിലൂടെ അ വന്റെ നോമ്പ് മുറിയുകയും ചെയ്യും. അവശേഷി ക്കുന്ന സമയം അവന് ഭക്ഷണപാനീയങ്ങൾ ഉപ യോഗിക്കുകയും ചെയ്യാം.

അപ്രകാരം ചെയ്തവൻ ഖളാഅ് വീട്ടുക യും ചെയ്യണം.

***

29– നോമ്പുകാരൻ മൈഥുനം നടത്തുന്നതിന്റെ വിധിയെന്താണ്? അവന് പ്രായ്ശ്ചിത്തമുണ്ടോ?

ഉത്തരം: റമളാനിൽ വൃതമനുഷ്ഠിച്ച് ആരെങ്കിലും മൈഥുനം നടത്തി മനിയ്യ് പുറത്ത് വരുകയും ചെയ്താൽ അവന്റെ നോമ്പ് നിഷ്ഫലമാകുന്നതാണ്, അവൻ പകരം നോമ്പനുഷ്ഠിക്കൽ നിർബ്ബന്ധമാണ്. എന്നാൽ അവന് പ്രായ്ശ്ചിത്തമില്ല, കാരണം പ്രായശ്ചിത്തമുള്ളത് സംയോഗം ചെയ്യുന്നതിനാണ്. അതോടൊപ്പം തന്നെ അല്ലാഹുവിനോടതിന് പശ്ചാതപിക്കുകയും ചെയ്യേണ്ടതാണ്.

***

30– നോമ്പുകാരൻ സുഗന്ധം വാസനിക്കാൻ പാടുണ്ടോ?

ഉത്തരം: വൃതമനുഷ്ഠിച്ചവന് സുഗന്ധം വാസനിക്കാവുന്നതാണ്.സുഗന്ധം പുകക്കുന്നതിനും പ്രശ്നമില്ല. എന്നാൽ സുഗന്ധത്തിന്റെ പുക മൂക്കിലൂടെ അകത്തേക്ക് പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല. കാരണം പുകക്ക് വെള്ളത്തെപ്പോലെ വയറിലേക്ക് എത്തുവാനുള്ള സാഹചര്യമുണ്ട്.അത്കൊ

ണ്ട് വെറും വാസനിക്കുന്നതിന് യാതൊരു കുഴപ്പവുമില്ല.

***

31- പുക ശ്വസിക്കുന്നതും, തുള്ളിമരുന്ന് ഉപയോഗിക്കുന്നതും തമ്മിലുള്ള വ്യത്യാസം എന്താണ്? പുക ശ്വസിച്ചാൽ നോമ്പ് നിഷ്ഫലമാവുകയും, തുള്ളിമരുന്ന് ഉപയോഗിച്ചാൽ നിഷ്ഫലമാവാതിരിക്കുകയും ചെയ്യുന്നത് എന്ത് കൊണ്ടാണ്?

ഉത്തരം: പുക ശ്വസിക്കുന്നവൻ മന:പൂർവ്വം അവന്റെ വയറിലേക്ക് പ്രവേശിക്കാൻ ഉദ്ദേശിച്ച് കൊണ്ട് ചെയ്യുന്നതാണ്, എന്നാൽ കണ്ണിലോ, മൂക്കിലോ മറ്റോ ഉപയോഗിക്കുന്ന തുള്ളിമരുന്ന് വയറിലേക്ക് പ്രവേശിക്കാൻ ഉദ്ദേശിച്ച് കൊണ്ടല്ല ഉപയോഗിക്കുന്നത്.മറിച്ച് അത് തരിമൂക്കിൽ എത്താൻ വേണ്ടിയാണ് ഉപയോഗിക്കുന്നത്. അതാണ് ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം.

***

32- നോമ്പുകാരൻ ചെവി, കണ്ണ്, മൂക്ക് എന്നിവയിലൂടെ തുള്ളി മരുന്ന് ഉപയോഗിക്കുന്നതിന്റെ വിധിയെന്താണ്?

ഉത്തരം: മൂക്കിലൂടെയുള്ള തുള്ളിമരുന്ന് വയറിലേക്ക് പ്രവേശിക്കുകയാണെങ്കിൽ നോമ്പ് നിഷ്ഫലമാവും കാരണം ‘ലുകീത്ബ്നു സ്വബ്റ’ യോട് റസൂലുല്ലാഹ്(ﷺ) പറഞ്ഞ ഹദീഥ് അതാണ് നമ്മെ പഠിപ്പിക്കുന്നത്:

قول النبي صلى الله عليه وسلم : (( بالغ في الاستنشاق إلا أن تكون صائماً)) أخرجه أبو داود: كتاب الاستنثار (١٤٢). والترمذي: كتاب الطهارة/ باب ما جاء في تخليل الأصابع (٣٨). والنسائي: كتاب الطهارة/ باب المبالغة في الاستنشاق (٨٧). وابن ماجة: كتاب الطهارة وسننها / باب تخليل الأصابع (٤٤٨).

നബി(ﷺ) പറയുകയുണ്ടായി: ‘നീ നോമ്പുകാരനല്ലായെങ്കിൽ മൂക്കിൽ വെള്ളം കയറ്റി ചീറ്റുന്നത് അധികരിപ്പിക്കുക’ (അബൂദാവൂദ്, നസാഇ, ഇബ്നുമാജ).

അത് കൊണ്ട് തന്നെ വയറിലേക്ക് എത്തുന്ന രൂപത്തിൽ മൂക്കിൽ തുള്ളി മരുന്ന് ഉപയോഗിക്കുന്നത് നോമ്പ്കാരന് വിരോധിക്കപ്പെട്ടിരിക്കുന്നു. എ

ന്നാൽ വയറിലേക്ക് എത്താത്ത രൂപത്തിൽ മൂക്കിൽ തുള്ളി മരുന്ന് ഉപയോഗിക്കുന്നതിന് കുഴപ്പമില്ല.

കണ്ണിൽ തുള്ളിമരുന്ന്ഉപയോഗിക്കുന്നത് സുറുമയിടുന്നത് പോലെയാണ്, അതുപോലെ ചെവിയിൽ തുള്ളിമരുന്ന് ഉപയോഗിക്കുന്നതും. നോമ്പ് നിഷ്ഫലമാക്കി കളയുകയില്ല. കണ്ണും, ചെവിയും ഭക്ഷണ പാനീയങ്ങൾ കഴിക്കുന്ന അവയവങ്ങളല്ലല്ലോ, അത്കൊണ്ട് തന്നെ നോമ്പ് നിഷ്ഫലമാവില്ല. ആരെങ്കിലും കാലിന്റെ വെള്ളയിൽ എന്തെങ്കിലും വെച്ചാൽ അതിന്റെ രുചി തന്റെ തൊണ്ടയിൽ അനുഭവപ്പെട്ടാലും നോമ്പ് നിഷ്ഫലമാവില്ല, കാരണം അത് ഭക്ഷണപാനീയം കഴിക്കുന്ന അവയവമല്ലല്ലോ എന്ന കാര്യം പണ്ഡിതൻമാർ അഭിപ്രായപ്പെട്ടതായി നമുക്ക് കാണാം.കണ്ണിൽ സുറുമയിടുന്നത് കൊണ്ടോ, കണ്ണിലോ, ചെവിയിലോ തുള്ളിമരുന്ന് ഉപയോഗിക്കുന്നത് കൊണ്ടോ നോമ്പ് അസാധുവാകില്ല, തൊണ്ടയിൽ അതിന്റെ രുചി അറിഞ്ഞാലും ശരി. അതുപോലെ ചികിൽസക്കോ, അല്ലാതെയോ എണ്ണയോ മറ്റോ ഉപയോഗിച്ചാലും നോമ്പ് അസാധുവാകില്ല.അതുപോലെതന്നെ ശ്വാസ തടസ്സമുള്ളവർ ഉപയോഗിക്കുന്ന ഇൻഹാലർ

കൊണ്ടും നോമ്പ് മുറിയില്ല, കാരണം അതൊന്നും തന്നെ ഭക്ഷണ പാനീയമല്ലല്ലോ.

***

33– വ്യതമനുഷ്ഠിച്ചിരിക്കെ സ്വപ്ന സ്ഖലന മുണ്ടായാൽ അതിന്റെ വിധിയെന്താണ്? അവന്റെ നോമ്പ് ശരിയാവുമോ?

ഉത്തരം: അവന്റെ നോമ്പ് ശരിയാവുന്നതാണ്,കാരണം സ്വപ്നസ്ഖലനം നോമ്പിനെ അസാധുവാക്കുകയില്ല.അത് മനുഷ്യന്റെ തീരുമാനമനുസരിച്ചല്ല സംഭവിക്കുന്നത്, മറിച്ച് അവൻ അറിയാതെയാണ് സംഭവിക്കുന്നത്. ഉറക്കത്തിൽ സംഭവിക്കുന്നതിനെ തൊട്ട് പേന ഉയർത്തപ്പെട്ടിരിക്കുന്നു, അവൻ അതിന് കുറ്റക്കാരനാവുകയില്ല. ഇവിടെ ഒരു കാര്യം ഉണർത്തുവാൻ ആഗ്രഹിക്കുന്നു:പലയാളുകളും നോമ്പിന്റെ പരിശുദ്ധമായ രാവുകളിൽ യാതൊരു ഉപകാരവുമില്ലാത്ത കാര്യങ്ങൾക്ക് വേണ്ടി ഉറക്കൊഴിക്കുന്നു, എന്നിട്ട് നമസ്കാരമെല്ലാം ഒഴിവാക്കിയും, സമയം തെറ്റിച്ച് അതിനെ അവഗണിക്കുകയും ചെയ്ത് കൊണ്ട് പകലിൽ ഉറങ്ങുകയും ചെയ്യുന്നു. അത്കൊണ്ട് തന്നെ വിശുദ്ധ റമ

ളാനിന്റെ പവിത്രമായ രാവുകളിൽ ഐഹികവും പാരത്രികവുമായ നൻമക്ക് വേണ്ടി ഉപകാരപ്പെടുന്ന ഖുർആൻ പാരായണം, പഠനം, ദിക്റുകൾ, ദുആകൾ, മറ്റു ആരാധനകൾ എന്നിവക്ക് വേണ്ടി ഉപയോഗപ്പെടുത്തേണ്ടതാണ്.

***

34- നോമ്പുകാരൻ ആശ്വാസത്തിന് വേണ്ടി ശരീരം തണുപ്പിക്കാൻ പാടുണ്ടോ?

ഉത്തരം: നോമ്പുകാരന് ശരീരം തണുപ്പിക്കാവുന്നതാണ്, അതിന് കുഴപ്പമില്ല.നോമ്പുകാരനായിരിക്കെ റസൂലുല്ലാഹ്(ﷺ) ചൂട് കഠിനമാവുമ്പോൾ ആശ്വാസത്തിനും, ദാഹം കുറയുവാനും വേണ്ടി തലയിലൂടെ വെള്ളം ഒഴിക്കാറുണ്ടായിരുന്നു (അബൂദാവൂദ്). അതുപോലെ ഇബ്നു ഉമർ(رضي الله عنه) ചൂടിന്റെ കാഠിന്യം കൂടുമ്പോൾ അതിന് ശമനമുണ്ടാകുവാനായി വസ്ത്രത്തിൽ വെള്ളം തളിക്കാറുണ്ടായിരുന്നു. ശരീരത്തിലും, വസ്ത്രത്തിലും വെള്ളം കുടഞ്ഞ് കൊണ്ട് തണുപ്പനുഭവിക്കുന്നതിന് പ്രശ്നമില്ല, കാരണം അത് വയറിലേക്കെത്തുകയില്ലല്ലോ.

***

35– മൂക്കിൽ വെള്ളം കയറ്റിചീറ്റുമ്പോഴും, വായിൽ വെള്ളം കൊപ്ലിക്കുകയും ചെയ്യുമ്പോൾ അറിയാതെ അൽപം വെള്ളം വായയിലൂടെ ഇറങ്ങിപോയാൽ അവന്റെ നോമ്പിന് ഭംഗം വരുമോ?

ഉത്തരം: നോമ്പുകാരൻ മൂക്കിൽ വെള്ളം കയറ്റി ചീറ്റുമ്പോഴും, വായിൽ വെള്ളം കൊപ്ലിക്കുകയും ചെയ്യുമ്പോൾ അറിയാതെ അൽപം വെള്ളം വായയിലൂടെ ഇറങ്ങിപോയാൽ അതിന് പ്രശ്നമില്ല, അവന്റെ നോമ്പ് ശരിയാവും. കാരണം അവൻ ചെയ്യുന്നത് മന:പൂർവ്വമല്ലല്ലോ. അല്ലാഹു പറയുന്നു:

(وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَا أَخْطَأْتُمْ بِهِ وَلَكِنْ مَا تَعَمَّدَتْ قُلُوبُكُمْ) (الأحزاب:٥)

'അബദ്ധവശാൽ നിങ്ങൾ ചെയ്തു പോയതിൽ നിങ്ങൾക്ക് കുറ്റമില്ല. പക്ഷെ നിങ്ങളുടെ ഹൃദയങ്ങൾ അറിഞ്ഞ്കൊണ്ടു ചെയ്തത് (കുറ്റകരമാകുന്നു.)'

***

36– നോമ്പുകാരൻ സുഗന്ധദ്രവ്യം ഉപയോഗിക്കുന്നതിന്റെ വിധിയെന്താണ്?

ഉത്തരം: സുഗന്ധദ്രവ്യം റമളാനിന്റെ പകലിൽ ഉപയോഗിക്കുന്നതിന് കുഴപ്പമില്ല, അത് ശ്വസിക്കുന്നതിനും വിരോധമില്ല, എന്നാൽ പുകക്കുന്നത് ശ്വസിക്കാൻ പാടില്ല, അത് വയറിലേക്ക് എത്തുന്നതാണ്.

***

37– ജലദോശമോ മറ്റോ കാരണത്താൽ മൂക്കിൽ നിന്ന് വല്ലതും വന്നാൽ നോമ്പ് അസാധുവാകുമോ?

ഉത്തരം: മൂക്കിൽ നിന്ന് ചലം വന്നാൽ നോമ്പ് നിഷ്ഫലമാവില്ല, അത് അധികം വന്നാലും ശരി, കാരണം മന:പൂർവ്വമല്ലല്ലോ വരുന്നത്.

***

38– ചില കലണ്ടറുകളിൽ റമളാൻ മാസത്തിന്റെ നമസ്കാര സമയ വിവരപട്ടികയിൽ ഫജ്റ്

ബാങ്കിന് പത്തോ പതിനഞ്ചോ മിനിട്ട് മുമ്പ് ((الإمساك))(നോമ്പ് പിടിക്കൽ) എന്ന് പറഞ്ഞിട്ട് സമയം എഴുതിയതായി കാണാം, ഇതിന് പ്രവാചക സുന്നത്തിൽ വല്ല രേഖയും ഉണ്ടോ? ദയവ് ചെയ്ത് ഉത്തരം നൽകിയാലും.

ഉത്തരം: ഇത് ബിദ്അത്തിൽ (നൂതനാചാരം) പെട്ടതാണ്, പ്രവാചക സുന്നത്തിൽ ഇതിന് യാതൊരു അടിസ്ഥാനവുമില്ല, സുന്നത്തിനെതിരാണത്. കാരണം അല്ലാഹു ഖുർആനിൽ പറയുന്നു:

(وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الأَبْيَضُ مِنَ الْخَيْطِ الأَسْوَدِ مِنَ الْفَجْرِ) (البقرة:١٨٧) .

നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക; പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകുന്നത് വരെ.

ഹദീഥ് കാണുക:

وقال النبي صلى الله عليه وسلم : (( إن بلالاً يؤذن بليل، فكلوا واشربوا حتى تسمعوا آذان ابن أم مكتوم فإنه لا يؤذن حتى

يطلع الفجر)) أخرجه البخاري: كتاب الصوم/ باب قول النبي صلى الله عليه وسلم : " لا يمنعكم... " (١٩١٨). ومسلم كتاب الصيام/ باب بيان أن الدخول في الصوم يحصل بطلوع الفجر... (١٠٩٢).

നബി(ﷺ) പറയുകയുണ്ടായി: 'തീർച്ചയായും ബിലാൽ രാത്രിയിൽ ബാങ്ക് വിളിക്കും, എന്നാൽ ഇബ്നു ഉമ്മുമക്തൂം ബാങ്ക് കൊടുക്കുന്നത് വരെ നിങ്ങൾ ഭക്ഷണ പാനീയം കഴിച്ചോളൂ, കാരണം അദ്ദേഹം (ഇബ്നു ഉമ്മുമക്തൂം) പ്രഭാതം പ്രകടമാവുന്നത് വരെ ബാങ്ക് വിളിക്കുകയില്ല' (ബുഖാരി, മുസ്ലിം). ഇങ്ങനെ പ്രത്യേകമായി ഒരു സമയം 'ഇംസാക്' എന്ന് പറഞ്ഞ് ജനങ്ങൾ ഉണ്ടാക്കുന്ന കാര്യം അല്ലാഹു നിർബ്ബന്ധമാക്കിയതിൽ നിന്നും വർദ്ധനവുണ്ടാക്കുകയാണ്. അത് അല്ലാഹുവിന്റെ മതത്തിൽ അതിര് കവിയലാണ്. അവരെപ്പറ്റി നബി (ﷺ) പറയുകയുണ്ടായി:

قال النـبي عليـه الصـلاة والسـلام: "هلـك المتنطعـون، هلـك المتنطعون، هلك المتنطعون أخرجه مسلم: كتاب العمل/ باب هلك المتنطعون (٢٦٧٠).

നബി(ﷺ) പറയുകയുണ്ടായി: 'അതിര് കവിയുന്ന വർ നശിച്ചിരിക്കുന്നു, അതിര് കവിയുന്നവർ നശി ച്ചിരിക്കുന്നു' (മുസ്ലിം)

***

39- ഒരാൾ ഭൂമിയിലായിരിക്കെ സൂര്യനസ്ത മിച്ച് ബാങ്ക് വിളിച്ചപ്പോൾ വിമാനത്താവളത്തിൽ നിന്ന് നോമ്പു തുറന്നു,അതിന് ശേഷം വിമാനം പ റന്നുയർന്നപ്പോൾ സൂര്യനെ കാണുകയാണെങ്കിൽ അവശേഷിക്കുന്ന സമയം നോമ്പ് പിടിക്കേണ്ടതു ണ്ടോ?

ഉത്തരം: ചോദ്യത്തിൽ പറഞ്ഞ രൂപത്തിലാ ണെങ്കിൽ അവശേഷിക്കുന്ന സമയം നോമ്പ് പിടി ക്കേണ്ടതില്ല. അവൻ വിമാനത്താവളത്തിലായിരി ക്കെ നോമ്പ് തുറയുടെ സമയമായിട്ടുണ്ട്. അവൻ

ഏതൊരു സ്ഥലത്തായിരുന്നോ ആ സ്ഥലത്ത് സൂര്യനസ്തമിച്ചിരുന്നു. ഒരു ഹദീഥ് കാണുക:

قال رسول الله صلى الله عليه وسلم : (( إذا أقبل الليل من هاهنا وأدبر النهار من هاهنا وغربت الشمس فقد أفطر الصائم)) أخرجه البخاري: كتاب الصوم/ باب من لم يدع قول الزور والعمل به (١٩٠٣).

റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: 'ഇവിടെ നിന്ന് രാത്രി പുറപ്പെടുകയും, പകൽ പിൻവാങ്ങുകയുംസൂര്യൻ അസ്തമിക്കുകയും ചെയ്താൽ നോമ്പുകാരൻ നോമ്പ് തുറക്കുകയായി' (ബുഖാരി)

എയർപോർട്ടിലായിരിക്കെ സൂര്യനസ്തമിച്ചപ്പോൾ നോമ്പു തുറന്നാൽ അവന്റെ ആ ദിവസം അവസാനിച്ചു.പിന്നീട്ട് അടുത്ത ദിവസമല്ലാതെ അവന് നോമ്പ് നിർബ്ബന്ധമില്ല.

***

40- കഫം, മൂക്കിൽ നിന്നും വരുന്നവ തുടങ്ങിയവ വിഴുങ്ങിയാൽ നോമ്പ് മുറിയുമോ?

ഉത്തരം: കഫം, മൂക്കിൽ നിന്നും വരുന്നവ വായിലേക്കെത്തുന്നില്ലെങ്കിൽ നോമ്പ് അസാധു വാകില്ല,അതിൽ മദ്ഹബുകൾക്കിടയിൽ അഭിപ്രാ യ വ്യത്യാസമില്ല. എന്നാൽ അവ വായിലെത്തുക യും, അത് വിഴുങ്ങുകയും ചെയ്യുന്ന കാര്യത്തിൽ പണ്ഡിതൻമാർ രണ്ട് അഭിപ്രായത്തിലാണ്.

ഭക്ഷണ പാനീയത്തോട് ചേർത്തിക്കൊണ്ട് നോമ്പ് മുറിയും എന്ന് പറഞ്ഞവരാണ് ഒരു വിഭാ ഗം പണ്ഡിതൻമാർ.

എന്നാൽ മറുവിഭാഗം പറയുന്നത് ഉമിനീരി നോട് സാദൃശ്യപ്പെടുത്തി നോമ്പ് അസാധുവാകി ല്ലായെന്നാണ്, ഉമിനീര് വിഴുങ്ങിയാൽ നോമ്പ് നി ഷ്ഫലമാകാത്തത് പോലെ തന്നെ.

പണ്ഡിതൻമാർ അഭിപ്രായ വ്യത്യാസത്തിലാ യാൽ അവലംബം ഖുർആനും സുന്നത്തുമാണ്, ഈ കാര്യം കൊണ്ട് ആരാധന കുഴപ്പത്തിലാവു മോ, കുഴപ്പത്തിലാവുകയില്ലെ എന്ന കാര്യത്തിൽ നാം സംശയത്തിലായാൽ,അതിന്റെ അടിസ്ഥാനം കുഴപ്പത്തിലാവില്ലായെന്നാണ്, ഇതിന്റെ അടിസ്ഥാ നത്തിൽ നോമ്പ് അസാധുവാകില്ല എന്നാണ് പ ണ്ഡിതൻമാർ വ്യക്തമാക്കിയിരിക്കുന്നത്.

എന്നാൽ കഫം, അതുപോലെ മൂക്കിൽ നിന്ന് വരുന്നവ പോലെയുള്ളവ വായിൽ വന്നാൽ തന്നെ നോമ്പുകാരനാണെങ്കിലും,അല്ലെങ്കിലും ശരി അത് പുറത്തേക്ക് തുപ്പിക്കളയുകയാണ്ഒരു മുസ്ലിം ചെയ്യേണ്ടത്. എന്നാൽ നോമ്പ് നിഷ്ഫലമാവും എന്ന് പറയാൻ അല്ലാഹുവിന്റെ മുമ്പിൽ സ്ഥാപിക്കാൻ തെളിവ് ആവശ്യമാണ്.

***

41– ഭക്ഷണം രുചി നോക്കുന്നതിലൂടെ നോമ്പ് അസാധുവാകുമോ?

ഉത്തരം: ഭക്ഷണം രുചി നോക്കുന്നതിലൂടെ നോമ്പ് അസാധുവാകുകയില്ല, എന്നാൽ വല്ലതും വയറിലേക്ക് ഇറങ്ങിപോകുന്നത് ശ്രദ്ധിക്കണം. അതുപോലെ അത്യാവശ്യത്തിന് മാത്രമെ അങ്ങിനെ ചെയ്യാവൂ. ഭക്ഷണത്തിന് ഉപ്പുണ്ടോ, മുളകുണ്ടോ എന്ന് രുചി നോക്കുന്നതിനിടയിൽ വല്ലതും അറിയാതെ മന:പൂർവ്വമല്ലാതെ വയറിലേക്ക് ഇറങ്ങിപോയാൽ അതിന് പ്രശ്നമില്ല,അവന്റെ നോമ്പ് ശരിയാവുന്നതാണ്.

***

42– റമളാനിന്റെ പകലിൽ നിഷിദ്ധമായ വർത്തമാനം പറയുകയാണെങ്കിൽ നോമ്പ് നിഷ്ഫലമാവുമോ?

ഉത്തരം: അല്ലാഹുവിന്റെ ഈ വാക്യം നാം മനസിലാക്കുകയാണെങ്കിൽ:

(يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ) (البقرة:١٨٣)

‘സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്.’

അല്ലാഹുവിനെ സൂക്ഷിക്കുക, അവനെ ആരാധിക്കുകയെന്നതാണ് വൃതം നിർബ്ബന്ധമാക്കിയതിലൂടെ ഉദ്ദേശിക്കപ്പെടുന്നത്. തഖ്‌വാ എന്നാൽ നിഷിദ്ധങ്ങൾ ഉപേക്ഷിക്കുകയും, കൽപനകൾ പ്രാ

വർത്തികമാക്കുകയും ചെയ്യുകയെന്നാണ്.റസൂലു ല്ലാഹ്(ﷺ) പറയുന്നു:

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالْعَمَلَ بِهِ فَلَيْسَ لِلَّهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وَشَرَابَهُ) ( رواه البخاري) .

അബൂഹുറൈറ(ﷺ) പറയുന്നു: പ്രവാചകൻ(ﷺ) പറഞ്ഞു: 'വ്യാജ സംസാരവും പ്രവർത്തനവും അവിവേകം കാണിക്കുന്നതും ഒരാൾ ഉപേക്ഷിക്കുന്നില്ലെങ്കിൽ അയാൾ ഭക്ഷണ പാനീയങ്ങൾ വർജ്ജിക്കണമെന്ന് അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല' (ബുഖാരി)

ഈ ഹദീഥിൽ നിന്ന് കൃത്യമായി നമുക്ക് മനസിലാക്കാൻ സാധിക്കുന്നത് നോമ്പുകാരൻ നിർബ്ബന്ധമായ കാര്യങ്ങൾ ചെയ്യലും,നിഷിദ്ധങ്ങളിൽ നിന്ന് വിട്ട് നിൽക്കലും അനിവാര്യമാണെന്ന് വളരെ വ്യക്തമായി. ഏഷണി, പരദൂഷണം, കളവ് എന്നിവയിൽ നിന്ന് വിട്ട് നിൽക്കുക, നിഷിദ്ധമായ കച്ചവടം ഉപേക്ഷിക്കുക, മ്ലേഛതകളിൽ നിന്ന് അകന്ന് നിൽക്കുക തുടങ്ങിയവ റമളാനിൽ പരിപൂർ

ണമായും പാലിക്കപ്പെടുകയാണെങ്കിൽ മറ്റു മാസങ്ങളിൽ അവനത് പാലിക്കുവാൻ സാധിക്കുന്നതാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ നോമ്പുകാരൻ നിഷിദ്ധമായ വാക്കുകളും, പ്രവൃത്തികളും ഒഴിവാക്കണം, ജനങ്ങളുടെ കുറ്റവും കുറവും പറഞ്ഞ് നടക്കരുത്, കളവ് പറയരുത്, ഏഷണി പറഞ്ഞ് നടക്കരുത്, നിഷിദ്ധമായ കച്ചവടം ചെയ്യരുത്. അങ്ങിനെ ഒരു മാസം മുഴുവനും മുഴുവൻ തിൻമകളിൽ നിന്നും വിട്ട് നിൽക്കുകയാണെങ്കിൽ അതിലൂടെ നേടിയെടുക്കുന്ന ചൈതന്യത്താൽ മറ്റു മാസങ്ങളിലും അവയിൽ നിന്ന് വിട്ട് നിൽക്കാൻ കഴിയുന്നതാണ്.

ഖേദകരമെന്ന് പറയട്ടെ, അധിക നോമ്പുകാരും നോമ്പിന്റെ പരിശുദ്ധി മനസിലാക്കാതെ ജീവിക്കുന്നത് കാണാം, സാധാരണ ദിവസങ്ങളെ പോലെ തന്നെ അവർ റമളാനിലും ജീവിക്കുന്നു, അവർക്ക് തിൻമകളും, ചീത്ത പ്രവർത്തനങ്ങളും ഒരു പ്രശ്നമേയല്ല. അത്കൊണ്ട് നോമ്പിന്റെ പരിശുദ്ധിയും ശ്രേഷ്ടതകളും കാത്ത് സൂക്ഷിക്കുക

യും,അവയിലൂടെ ആത്മീയ ചൈതന്യം നേടിയെടുക്കുകയും,ആ ചൈതന്യത്തിലൂടെ മറ്റു മാസങ്ങളിൽ കൂടി ജീവിക്കുകയും ചെയ്യുക. എന്നാൽ കളവ് പറയുന്നതിലൂടെ നോമ്പ് നിശ്ഫലമാവില്ലെങ്കിലും നോമ്പിന്റെ പ്രതിഫലത്തിൽ കുറവ് സംഭവിക്കുമെന്നതിൽ സംശയമില്ല.

***

43- നോമ്പുകാരനായിരിക്കെ കള്ളസാക്ഷ്യം പറയുന്നതിലൂടെ നോമ്പ് അസാധുവാകുമോ?

ഉത്തരം: കള്ള സാക്ഷ്യം വൻ പാപത്തിൽ പെട്ടതാണ്. കള്ളസാക്ഷ്യം പറയുന്നത് വൻ പാപത്തിൽ പെട്ടതാണ്.അതിൽ നിന്ന് ഒരു മുസ്ലിം വിട്ട് നിൽക്കൽ നിർബ്ബന്ധമാണ്. കള്ളസാക്ഷ്യം പറയുന്നതിലൂടെ നോമ്പ് അസാധുവാകില്ല, എന്നാൽ നോമ്പിന്റെ ചൈതന്യത്തിനും, പ്രതിഫലത്തിനും കാര്യമായ ഭംഗമുണ്ടാകുന്നതാണ്.

***

44- നോമ്പിന്റെ മര്യാദകൾ എന്തെല്ലാമാണ്?

ഉത്തരം: അല്ലാഹുവിന്റെ കൽപനകൾ പാലിക്കുകയും, വിരോധങ്ങളിൽ നിന്ന് വിട്ട്നിൽക്കുക

യും ചെയ്ത് പരിപൂർണമായി തഖ്‌വയുള്ളവരായി ജീവിക്കുകയെന്നതാണ് നോമ്പിന്റെ മര്യാദ. അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُون (البقرة:١٨٣)

'സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്.'

1– ഖുർആൻ പാരായണം, ദിക്റ് ചൊല്ലൽ ദാനധർമ്മജ നിർവ്വഹിക്കൽ, വെറുക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് നാവിനെ നിയന്ത്രിക്കൽ എന്നിവ നോമ്പുകാരന് സുന്നത്താണ്. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عَنِ ابْنِ عَبَّاسٍ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَجْوَدَ النَّاسِ وَكَانَ أَجْوَدُ مَا يَكُونُ فِي رَمَضَانَ حِينَ يَلْقَاهُ جِبْرِيلُ وَكَانَ يَلْقَاهُ فِي كُلِّ لَيْلَةٍ مِنْ رَمَضَانَ فَيُدَارِسُهُ الْقُرْآنَ فَلَرَسُولُ اللَّهِ صَلَّى

اللَّه عَلَيْـهِ وَسَـلَّمَ أَجْـوَدُ بِـالْخَيْرِ مِـنَ الـرِّيحِ الْمُرْسَـلَةِ) أخرجـه البخاري: كتاب الصوم/ باب أجود ما كان النبي صـلى الله عليـه وسلم يكون في رمضان (١٩٠٢).

ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്ന് നിവേദനം:'നബി(ﷺ) ജനങ്ങളിൽ വെച്ച് ഏറ്റവും ദാനധർമ്മം ചെയ്തിരുന്ന വ്യക്തിയായിരുന്നു. റമളാനിലെ ഓരോ രാത്രിയിലും ജിബ്‌രീൽ(ﷺ) നബി(ﷺ)ക്ക് ഖുർആൻ ഓതിക്കേൾപ്പിച്ചിരുന്നപ്പോഴാണ് പ്രവാചകൻ(ﷺ) ഏറ്റവും കൂടുതൽ ദാന ധർമ്മങ്ങൾ നിർവ്വഹിച്ചിരുന്നത്.അപ്പോൾ അടിച്ചു വീശുന്ന കാറ്റിനേക്കാൾ ധർമ്മം നൽകുന്നവനായിരുന്നു' (ബുഖാരി)

2- ആരെങ്കിലും തന്നെ ആക്ഷേപിക്കുകയാണെങ്കിൽ ഞാൻ നോമ്പ്കാരനാണ്, എന്ന് പ്രഖ്യാപിക്കുന്നത് നല്ലതാണ്.ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഹദീസിൽ നമുക്ക് അത് കാണാവുന്നതാണ്.

(عَنْ أَبِي هُرَيْرَةَ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ الصِّيَامُ جُنَّـةٌ إِذَا كَانَ أَحَدُكُمْ صَائِمًا فَلاَ يَرْفُثْ وَلاَ يَجْهَلْ فَإِنِ امْرُؤٌ قَاتَلَـهُ أَوْ شَاتَمَهُ فَلْيَقُلْ إِنِّي صَائِمٌ إِنِّي صَائِمٌ) (بخاري ومسلم).

അബൂഹുറൈറ(ﷺ)വിൽ നിന്ന് പ്രവാചകൻ(ﷺ) പറയുന്നു: നോമ്പ് പരിചയാണ്, ആരെങ്കിലും നോമ്പുകാരനാണെങ്കിൽ അവൻ മ്ലേഛ പ്രവർത്തനങ്ങൾ ചെയ്യുവാനോ, അശ്രദ്ധയിലാകുവാനോ പാടില്ല.ആരെങ്കിലും അവനെ ഉപദ്രവിക്കുകയോ, ചീത്തപറയുകയോ ആണെങ്കിൽ അവൻഞാൻ നോമ്പുകാരനാണെന്ന് പറയട്ടെ' (ബുഖാരി, മുസ്ലിം).

3- അത്താഴം കഴിക്കുന്നത് സുന്നത്താണ്. പ്രവാചകൻ(ﷺ) പറയുന്നു:

عن أَنَسَ بْنَ مَالِكٍ رَضِي اللَّه عَنْه قَالَ قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ تَسَحَّرُوا فَإِنَّ فِي السَّحُورِ بَرَكَةً أخرجه البخاري: كتاب الصوم/ باب بركة السحور ... (١٩٣٢). ومسلم : كتاب الصيام/ باب فضل السحور ... (١٠٩٥)

അബൂഹുറൈറ(ﷺ)വിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: 'നിങ്ങൾ അത്താഴം കഴിക്കുക, തീർച്ചയായും അത്താഴം കഴിക്കുന്നതിൽ അനുഗ്രഹം ഉണ്ട്' (മുസ്ലിം)

4– അത്താഴം കഴിക്കുന്നത് അവസാന സമയത്തേക്ക് പിന്തിപ്പിക്കുന്നതും നോമ്പു തുറക്കുന്നത് ആദ്യ സമയത്ത് തന്നെ വേഗമാക്കുന്നതും സുന്നത്താണ്.

( عَنْ أَبِي ذَرٍّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لاَ تَزَالُ أُمَّتِي بِخَيْرٍ مَا عَجَّلُوا الْإِفْطَارَ وَأَخَّرُوا السُّحُورَ ) (أحمد) أخرجه البخاري: كتاب الصوم/ باب تعجيل الإفطار (١٩٥٧). ومسلم : كتاب الصيام/ باب فضل السحور... (١٠٩٨).

അബൂദർറ്(ﷺ)വിൽ നിന്ന്: നബി(ﷺ) പറയുന്നു: 'അത്താഴം പിന്തിപ്പിക്കുകയും ധൃതിയിൽ നോമ്പ് തുറക്കുകയും ചെയ്യുന്ന കാലത്തോളം എന്റെ സമുദായം നന്മയിൽ തന്നെയായിരിക്കും' (അഹ്മദ്)

5– ഈത്തപ്പഴം കൊണ്ടോ അല്ലെങ്കിൽ കാരക്ക കൊണ്ടോഅതുമല്ലെങ്കിൽ വെള്ളം കൊണ്ടോ നോമ്പ് തുറക്കുക. അതുമല്ലെങ്കിൽ ഏതു ഭക്ഷണ പാനീയം കൊണ്ടും നോമ്പ് തുറക്കാവുന്നതാണ്.

عن أَنَسَ بْنَ مَالِكٍ يَقُولُ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يُفْطِرُ عَلَى رُطَبَاتٍ قَبْلَ أَنْ يُصَلِّيَ فَإِنْ لَمْ تَكُنْ رُطَبَاتٌ فَعَلَى تَمَرَاتٍ فَإِنْ لَمْ تَكُنْ حَسَا حَسَوَاتٍ مِنْ مَاءٍ ) (أبوداود)

അനസ്ബ്നു മാലികി(ﷺ)ൽ നിന്ന്:പ്രവാചകൻ(ﷺ) നമസ്കരിക്കുന്നതിന് മുമ്പ് നോമ്പ് തുറന്നിരുന്നത് റുത്വബ് (പകുതി പഴുത്തതും, പകുതി പച്ചയായതുമായ ഈത്തപ്പഴം) കൊണ്ടായിരുന്നു. എന്നാൽ റുത്വബ് കിട്ടിയില്ലെങ്കിൽ കാരക്ക കൊണ്ടായിരുന്നു, അതും ലഭിച്ചില്ലെങ്കിൽ കുറച്ച് വെള്ളം കുടിച്ച് നോമ്പ് തുറന്നിരുന്നു' (അബൂ ദാവൂദ്)

6– തുറക്കുന്ന വേളയിൽ താഴെ വരും പ്രകാരം പ്രാർത്ഥിക്കലും സുന്നത്താണ്.

( عن ابْنَ سَالِمٍ الْمُقَفَّعَ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا أَفْطَرَ قَالَ ذَهَبَ الظَّمَأُ وَابْتَلَّتِ الْعُرُوقُ وَثَبَتَ الْأَجْرُ إِنْ شَاءَ اللَّهُ ) (رواه أبو داود والحاكم والبيهقي).

ഇബ്നുസാലിം അൽ മുഖഫ്ഫഹി(ﷺ)ൽ നിന്ന്, പ്രവാചകൻ(ﷺ) നോമ്പ് തുറക്കുന്നവേളയിൽ ഇ

ങ്ങനെ പറയാറുണ്ടായിരുന്നു: 'ദാഹം തീർന്നു, അന്ന നാളികൾ ഈറനണിഞ്ഞു, ഇൻശാ അല്ലാഹ് (അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ) പ്രതിഫലം സ്ഥിരപ്പെട്ടു' (അബൂദാവൂദ്)

7- മിസ്‌വാക്ക് ചെയ്യുന്നത് സുന്നത്താണ്. ആമിറുബ്നു റബീഅ: പറയുന്നു:

عَنْ عَامِرِ بْنِ رَبِيعَةَ قَالَ: رَأَيْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَسْتَاكُ وَهُوَ صَائِمٌ مَا لاَ أُحْصِي (رواه احمد وأبو داود والترمذي).

ആമിറുബ്നു റബീഅ:(ﷺ)യിൽ നിന്ന്: 'നബി തിരുമേനി(ﷺ) നോമ്പുകാരനായിരിക്കെ തന്നെ എണ്ണിതിട്ടപ്പെടുത്തുവാൻ സാധിക്കാത്തയത്ര മിസ്‌വാക്ക് ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്' (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ)

8- നോമ്പുകാരെ നോമ്പ് തുറപ്പിക്കുന്നത് സുന്നത്താണ്. ഹദീസ് ശ്രദ്ധിക്കുക.

(عَنْ زَيْدِ بْنِ خَالِدٍ الْجُهَنِيِّ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ فَطَّرَ صَائِمًا كَانَ لَهُ مِثْلُ أَجْرِهِ غَيْرَ أَنَّهُ لاَ يَنْقُصُ مِنْ أَجْرِ الصَّائِمِ شَيْئًا ) ((رواه الترمذي وابن ماجه واحمد وابن حبان ).

സൈദ്ബ്നു ഖാലിദ് അൽ ജുഅനിയി(ﷺ)ൽ നിന്ന് 'റസൂലുല്ലാഹ്(ﷺ) പറയുന്നു: 'നോമ്പു തുറപ്പിക്കുന്നവന് ആ നോമ്പുകാരന്റെ അത്ര തന്നെ പുണ്യം നേടാനാകും. എന്നാൽ അയാളുടെ പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറവ് വരികയുമില്ല' (തിർമിദി, ഇബ്നുമാജ,അഹ്മദ്, ഇബ്നുഹിബ്ബാൻ)

9- റമളാനിന്റെ അവസാനത്തെ പത്തിൽ 'ഇഅ്തികാഫ്' ഇരിക്കുന്നത് സുന്നത്താണ്. പ്രവാചകൻ(ﷺ) അവസാനത്തെ പത്തിൽ സ്ഥിരമായി ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നെന്ന് ഹദീസുകളിൽ കാണാനാവുന്നതാണ്.

(عَنْ عَبْدِاللَّهِ بْنِ عُمَرَ رَضِي اللَّه عَنْهمَا قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَعْتَكِفُ الْعَشْرَ الْأَوَاخِرَ مِنْ رَمَضَانَ ) (بخاري)

അബ്ദുല്ലാഇബ്നുഉമർ: പറയുന്നു 'പ്രവാചകൻ(ﷺ) റമളാനിന്റെ അവസാനപത്തിൽ ഇഅ്തികാഫ് ഇരുന്നിരുന്നു' (ബുഖാരി).

10- നോമ്പുകാരന്റെ എല്ലാ സമയങ്ങളിലും,പ്രത്യേകിച്ച് റമളാനിന്റെ അവസാന പത്തിൽ എല്ലാ ഇബാദത്തുകളും അനുഷ്ഠിച്ച് പുണ്യം നേടാൻ ജാഗ്രത കാണിക്കുന്നത് സുന്നത്താണ്.താഴെ കൊടുത്തിരിക്കുന്ന ഹദീസ് കാണുക.

عَنْ عَائِشَةَ رَضِي اللَّه عَنْهَا قَالَتْ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا دَخَلَ الْعَشْرُ أَحْيَا اللَّيْلَ وَأَيْقَظَ أَهْلَهُ وَجَدَّ وَشَدَّ الْمِئْزَرَ
(متفق عليه)

ആഇശാ(ﷺ) പറയുന്നു: 'അവസാനത്തെപ്പത്ത് കടന്ന് വന്നാൽ തിരുമേനി(ﷺ) ഉറക്കമൊഴിക്കുകയും, തന്റെ കുടുംബത്തെ ഉണർത്തുകയും ആരാധനാനുഷ്ഠാനങ്ങൾക്കായി കഠിനപരിശ്രമം നടത്തുകയും ചെയ്യുമായിരുന്നു'(മുത്തഫഖുൻ അലൈഹി)

***

45- നോമ്പുതുറക്കുമ്പോൾ ചൊല്ലേണ്ട സ്ഥിരപ്പെട്ട വല്ല പ്രാർത്ഥനയും ഉണ്ടോ? നോമ്പുകാരൻ ബാങ്കിന് മറുപടി പറഞ്ഞ് പിൻതുടരുകയാണോ, അതല്ല നോമ്പ് മുറിച്ച് ഭക്ഷണം കഴിക്കുന്നത്തുടർന്ന് കൊണ്ടിരിക്കുകയാണോ ചെയ്യേണ്ടത്?

ഉത്തരം: നോമ്പ് തുറക്കുമ്പോഴുള്ള സമയം പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാൻ സാധ്യതയുള്ള സന്ദർഭമാണ്, കാരണം ഒരു ആരാധനയുടെ അവസാന ഭാഗവും, നോമ്പു തുറക്കുന്ന സമയം മനുഷ്യൻ ദുർബലമാവുന്ന സന്ദർഭവുമാണല്ലോ, മനുഷ്യൻ ദുർബലമാവുന്നതിനനുസരിച്ചും, ഹൃദയം കൂടുതൽ ലോലമാവുന്നതിനനുസരിച്ചും അല്ലാഹുവിലേക്ക് കൂടുതൽ അടുത്ത് കൊണ്ടിരിക്കുന്നതാണ്. അത്കൊണ്ട് തന്നെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാൻ സാധ്യതയുണ്ട്.

സ്ഥിരപ്പെട്ട പ്രാർത്ഥന:

( عن ابْنَ سَالِمٍ الْمُقَفَّعَ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا أَفْطَرَ قَالَ ذَهَبَ الظَّمَأُ وَابْتَلَّتِ الْعُرُوقُ وَثَبَتَ الْأَجْرُ إِنْ شَاءَ اللَّهُ ) (رواه أبو داود والحاكم والبيهقي).

ഇബ്നുസാലിം അൽ മുഖഫ്ഫഹി(ﷺ)ൽ നിന്ന്, പ്രവാചകൻ(ﷺ) നോമ്പ് തുറക്കുന്ന വേളയിൽ ഇങ്ങനെ പറയാറുണ്ടായിരുന്നു: 'ദാഹം തീർന്നു, അന്നനാളികൾ ഈറനണിഞ്ഞു,ഇൻശാഅ് അല്ലാഹ് (അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ) അല്ലാഹുവിന്റെ പ്രതിഫലം സ്ഥിരപ്പെട്ടു' (അബൂദാവൂദ്)

ഈ പ്രാർത്ഥന ചൊല്ലാവുന്നതാണ്, അത് പോലെ ഇഹപര നേട്ടങ്ങൾക്കായി അല്ലാഹുവിനോട് പ്രാർത്ഥിക്കാവുന്നതാണ്.

എന്നാൽ ബാങ്കിന് ഉത്തരംനൽകുകയും ചെയ്യേണ്ടതുണ്ട്. കാരണം റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി:

(( إذا سمعتم المؤذن فقولوا مثل ما يقول)) أخرجه البخاري: كتاب الأذان / باب ما يقول إذا سمع المنادي (٦١١) ومسلم : كتاب الصلاة/ باب استحباب القول مثل قول المؤذن (٣٨٤)،

(നിങ്ങൾ ബാങ്ക് കൊടുക്കുന്നവന്റെ ബാങ്ക് കേട്ടാൽഅദ്ദേഹം പറയുന്നത് പോലെ നിങ്ങളും പറയുക) (ബുഖാരി)

ഇത് എല്ലാ സന്ദർഭങ്ങളിലും ചെയ്യേണ്ട സുന്നത്താകുന്നു.

***

46- റമളാനിലെ ചില നോമ്പ് വീട്ടാനുള്ളവന് ശവ്വാലിലെ ആറ് നോമ്പിന്റെ വിധിയെന്താണ്?

ഉത്തരം: റസൂലുല്ലാഹ്(ﷺ) പറയുന്നു:

( عَنْ أَبِي أَيُّوبَ الْأَنْصَارِيِّ رَضِي اللَّه عَنْه قال أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ صَامَ رَمَضَانَ ثُمَّ أَتْبَعَهُ سِتًّا مِنْ شَوَّالٍ كَانَ كَصِيَامِ الدَّهْرِ ) أخرجه مسلم : كتاب الصيام / باب استحباب صوم ستة أيام من شوال (١١٦٤).

അബൂഅയ്യൂബുൽ അൻസാരി(رضي الله عنه)വിൽ നിന്ന് പ്രവാചകൻ(ﷺ) പറയുന്നു:'റമളാൻ നോമ്പെടുത്തിട്ട് അതിന്റെ തുടർച്ചയായി ആറു ദിവസം ശവ്വാലിൽ നിന്നും ചേർത്താൽ ആയുഷ്കാലത്തെ മുഴുവൻ നോമ്പിനെ പോലെ ആയി'

ഒരു ഉദാഹരണത്തിലൂടെ ഇത് നമുക്ക് മനസിലാക്കാം. ഒരാൾ റമളാനിൽ 24 നോമ്പെടുത്തു,

ബാക്കി അവന് ആറ് നോമ്പ് വീട്ടുവാനുണ്ട്. ഈ വ്യക്തി റമളാനിലെ വീട്ടുവാനുള്ള ആറ് നോമ്പ് വീട്ടാതെ ശവ്വാലിലെ നോമ്പനുഷ്ഠിച്ചാൽ അവൻ റ മളാൻ പൂർത്തിയാക്കി, അതിനോട് ശവ്വാലിലെ ആറ് നോമ്പ് കൂട്ടിചേർത്തുവെന്ന് ആരും പറയി ല്ല. റമളാനിലെ മുഴുവൻ നോമ്പും നോറ്റാലല്ലാതെ അവൻ റമളാൻ പൂർത്തിയാക്കിയെന്ന് പറയില്ല. അത് കൊണ്ട് റമളാനിലെ നോമ്പ് വീട്ടാനുണ്ടായി രിക്കെ അത് വീട്ടാതെ ശവ്വാലിലെ നോമ്പിന് പ്ര തിഫലം ലഭിക്കുകയില്ല.

നോമ്പ് വീട്ടാനുണ്ടായിരിക്കെ സുന്നത്തെടു ക്കാൻ പാടുണ്ടോയെന്നതിൽ പണ്ഡിതൻമാർക്കിട യിൽ അഭിപ്രായാന്തരമുണ്ട്. എന്നാൽ ഈ വിഷ യത്തിൽ (ശവ്വാലിലെ ആറ് നോമ്പ് നോറ്റാൽ റമ ദാനിലെ നഷ്ടപ്പെട്ട നോമ്പ് വീടുമെന്ന കാര്യത്തി ൽ) അഭിപ്രായ വ്യത്യാസമില്ല, കാരണം ശവ്വാലി ലെ ആറ് നോമ്പിനുള്ള പ്രതിഫലം ലഭിക്കുന്നത് റ മളാൻ പൂർത്തിയാക്കി അതിനോടൊപ്പം ശവ്വാലി ൽ ആറ് നോമ്പ് കൂടി കൂട്ടിച്ചേർക്കുന്നവനാണ്.

***

47– റമളാനിൽ രോഗി നോമ്പൊഴിവാക്കി, നാല് ദിവസത്തിന് ശേഷം അയാൾ മരണപ്പെടുകയും ചെയ്തു. അദ്ദേഹത്തിന് പകരം നോമ്പെടുക്കേണ്ടതുണ്ടോ?

ഉത്തരം: പെട്ടെന്ന് വന്ന രോഗമാവുകയും, മരണം വരെ ആ രോഗം തുടരുകയും ചെയ്താൽ അദ്ദേഹത്തിന് പകരമായി നോമ്പെടുക്കേണ്ടതില്ല. അല്ലാഹു പറയുന്നു:

( وَمَنْ كَانَ مَرِيضاً أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ )

(البقرة: ١٨٥)

ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം(നോമ്പെടുക്കേണ്ടതാണ്.)

ഈ വ്യക്തി രോഗം സുഖപ്പെട്ടതിന് ശേഷം അത്രയും നോമ്പ് ഖളാഅ് വീട്ടണം, എന്നാൽ അതിനുള്ള സാഹചര്യം ഉണ്ടാകുന്നതിന് മുമ്പ് മരണപ്പെടുകയാണെങ്കിൽ അവനിൽ നിന്ന് ആ ബാധ്യത ഒഴിവാകുന്നതാണ്.കാരണം അദ്ദേഹത്തിന് നോമ്പ് നിർബ്ബന്ധമാവുന്ന സമയം വന്നെത്തി

യില്ല,അവൻ ശഅബാനിൽ മരണപ്പെട്ട വ്യക്തിയെ പോലെയാണ്. എന്നാൽ ശമനം പ്രതീക്ഷിക്കാത്ത അസുഖമാണെങ്കിൽ ഓരോ ദിവസത്തിനും പകര മായി ഒരു സാധുവിന് ഭക്ഷണം നൽകേണ്ടതുണ്ട്.

***

48- ഒരാൾക്ക് റമളാനിലെ ഒരു നോമ്പ് ഖളാ അ് വീട്ടാനുണ്ട്,എന്നാൽ അടുത്ത റമളാൻ വരുന്ന തിന് മുമ്പ് അത് വീട്ടാൻ സാധിച്ചില്ല, എന്താണ് ചെയ്യേണ്ടത്?

ഉത്തരം: അല്ലാഹു വ്യക്തമായി പറയുന്നു:

(فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ وَمَنْ كَانَ مَرِيضاً أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ)

അതു കൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ് ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.)

മതപരമായ കാരണത്താൽ നോമ്പൊഴിവാ ക്കിയ വ്യക്തി ഉന്നതനും പ്രാതാപവാനുമായ അ

ല്ലാഹുവിന്റെ കൽപന പ്രകാരം നോറ്റു വീട്ടേണ്ട തുണ്ട്. അതെ വർഷം തന്നെ അത് നോറ്റ് വീട്ടൽ നിർബ്ബന്ധവുമാണ്. അടുത്ത റമളാൻ കഴിയുന്നത് വരെ അത് നീട്ടിവെക്കാൻ പാടുള്ളതല്ല. അതാണ് ആയിശ(﵅)യുടെ ഹദീഥ് നമ്മെ കൃത്യമായി പഠിപ്പിക്കുന്നത്:

يقول عائشة- رضي الله عنها -: (( كان يكون علي الصوم من رمضان فما أستطيع أن أقضيه إلا في شعبان)) ، وذلك لمكان رسول الله منها)) أخرجه البخاري: كتاب الصوم/ باب متى يقضى قضاء الصوم (١٩٥٠).

ആയിശ(﵅)യിൽ നിന്ന്, അവർ പറയുന്നു: 'എനിക്ക് റമളാനിലെ നോമ്പ് ഖളാഅ് വീട്ടുവാനുണ്ടാകും, പ്രവാചകൻ(ﷺ)യുടെ സാന്നിദ്ധ്യം കാരണം എനിക്ക് ശഅബാനിലല്ലാതെ അത്‌വീട്ടുവാൻ സാധിച്ചിരുന്നില്ല' (ബുഖാരി)

'എനിക്ക് ശഅബാനിലല്ലാതെ വീട്ടാൻ സാധിച്ചിരുന്നില്ലാ'യെന്ന ആയിശാ(﵅)യുടെ വാക്കുകൾ സൂചിപ്പിക്കുന്നത് അടുത്ത റമളാൻ വരുന്നതി

ന് മുമ്പ് വീട്ടണം എന്നതാണ്. എന്നാൽ അടുത്ത റമളാനിന് ശേഷവും പിന്തിപ്പിക്കുകയാണെങ്കിൽ അവൻ അല്ലാഹുവിനോട് പാപമോചനം തേടുകയും, അവനോട് പശ്ചാതപിക്കുകയും, പിന്തിപ്പിച്ചതിൽ ഖേദിക്കുകയും, ഖളാഅ് വീട്ടുകയും ചെയ്യേണ്ടതുണ്ട്. സമയം പിന്തിപ്പിച്ചതിനാൽ ഖളാഅ് വീട്ടൽ ഒഴിവാകുകയില്ല. അടുത്ത റമളാനിന് ശേഷമാണെങ്കിൽ അവനത് നോറ്റു വീട്ടേണ്ടതുണ്ട്. അല്ലാഹുവാണ് തൗഫീഖ് നൽകുന്നവൻ.

***

49- ശവ്വാലിലെ ആറ് നോമ്പനുഷ്ഠിക്കുവാൻ ഏറ്റവും ശ്രേഷ്ടമായ രൂപം ഏതാണ്?

ഉത്തരം: ശവ്വാലിലെ ആറ് നോമ്പനുഷ്ഠിക്കാൻ ഏറ്റവും ശ്രേഷ്ഠമായ രൂപം പെരുന്നാൾ ദിനം കഴിഞ്ഞ ഉടനെയുള്ള ആറ് ദിനങ്ങളാകുന്നു. അതാണ് പണ്ഡിതൻമാർ വ്യക്തമാക്കിയിട്ടുള്ളത്. അതാണ് ഹദീഥിൽ വന്ന പ്രകാരം പ്രവാചക കൽപന നടപ്പിലാക്കാൻ കൂടുതൽ യോജിച്ചിട്ടുള്ളതും, നന്മയിലേക്ക് ധൃതിപ്പെടുകയെന്ന ഇസ്ലാമിക നിയമങ്ങളിലൂടെ പ്രോൽസാഹനം നൽകുന്ന കാര്യം

കൂടുതൽ നടപ്പിലാക്കുവാനും നല്ലത്.അതുപോലെ നാളെഎന്താണ് സംഭവിക്കുകയെന്നത് ഒരാൾക്കും പറയുവാൻ സാധ്യമല്ലല്ലോ. അതുകൊണ്ട് തന്നെ കഴിയുന്നതും ഈ രൂപത്തിൽ അനുഷ്ഠിക്കാനാണ് ശ്രമിക്കേണ്ടത്.

***

50– ശവ്വാലിലെ ആറ് നോമ്പ് ഏത് രൂപത്തിലാണ് അനുഷ്ഠിക്കേണ്ടത്? അതിന് പ്രത്യേകം ദിനങ്ങൾ നിർണ്ണയിച്ച് തന്നിട്ടുണ്ടോ? ഒരു വർഷം ശവ്വാലിലെ ആറ് നോമ്പനുഷ്ഠിക്കുകയാണെങ്കിൽ വരും വർഷങ്ങളിൽ അത് നിർബ്ബന്ധമാവുമോ?

ഉത്തരം: റസൂലുല്ലാഹ്(ﷺ) പറയുന്നു:

( عَنْ أَبِي أَيُّوبَ الأَنْصَارِيِّ رَضِيَ اللَّه عَنْه قال أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ صَامَ رَمَضَانَ ثُمَّ أَتْبَعَهُ سِتًّا مِنْ شَوَّالٍ كَانَ كَصِيَامِ الدَّهْرِ ) (مسلم)

അബൂഅയ്യൂബുൽ അൻസാരി(رضي الله عنه)വിൽ നിന്ന് പ്രവാചകൻ(ﷺ) പറയുന്നു: 'റമളാൻ നോമ്പെടുത്തിട്ട് അതിന്റെ തുടർച്ചയായി ആറു ദിവസം ശവ്വാലി

ൽ നിന്നും ചേർത്താൽ ആയുഷ്കാലത്തെ മുഴുവ ൻ നോമ്പിനെ പോലെ ആയി' (മുസ്ലിം)

ശവ്വാലിലെ ആറ് നോമ്പിന് പ്രത്യേകം ദിനങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടില്ല, ഓരോ വ്യക്തിക്കും സൗകര്യമുള്ള രൂപത്തിൽ ആ മാസത്തിലെ ആദ്യ ദിനങ്ങളിലോ, അതിന്റെ മധ്യ ദിനങ്ങളിലോ, അവസാന ദിനങ്ങളിലോ അങ്ങിനെ ശവ്വാലിലെ ഏതെങ്കിലും ആറ് ദിവസം നോറ്റാൽ മതി.അതുപോലെ ഇടവിട്ട ദിനങ്ങളിലും നോൽക്കാവുന്നതാണ്. ഈ കാര്യത്തിൽ വളരെ വിശാലതയുണ്ട്. എന്നാൽ നൻമയിലേക്ക് ധൃതിപ്പെടുവാൻ വേണ്ടി പെരുന്നാൾകഴിഞ്ഞ ഉടനെയുള്ള ആറ്ദിനങ്ങൾ തിരഞ്ഞെടുത്ത് നോമ്പനുഷ്ഠിക്കലാണ് ഏറ്റവും നല്ലത്. ഇതിനാണ് ശ്രേഷ്ഠത കൂടുതൽ ഉള്ളത്.അതുപോലെ ഒരു വർഷം ശവ്വാലിലെ ആറ് നോമ്പനുഷ്ഠിച്ചുവെന്ന് കരുതി വരും വർഷങ്ങളിൽ അതവന് നിർബ്വന്ധമാവില്ല.കാരണം ശവ്വാലിലെ ആറ് നോമ്പ് ഐച്ഛികമാണ്, അത് നിർബ്വന്ധമല്ല.

***

51– ആശൂറാഅ് (മുഹർറം പത്ത്) നോമ്പിന്റെ വിധിയെന്താണ്?

ഉത്തരം: നബി(ﷺ) മദീനയിൽ വന്നപ്പോൾ ജൂതൻമാർ മുഹർറം പത്തിന് നോമ്പനുഷ്ഠിക്കുന്നത് കാണാനിടയായി, അപ്പോൾ നബി(ﷺ) പറയുകയുണ്ടായി:

فقال النبي صلى الله عيه وسلم : (( أنا أحق بموسى منكم فصامه وأمر بصيامه)) أخرجه البخاري : كتاب الصوم/ باب صوم يوم عاشوراء (٢٠٠٤). ومسلم: كتاب الصيام/ باب صوم يوم عاشوراء (١١٣٠).

'ഞാനാണ് മൂസാനബിയോട് കൂടുതൽ അവകാശമുള്ളതും, അടുത്തതും, അങ്ങിനെ നോമ്പനുഷ്ഠിക്കുകയും, അന്ന് നോമ്പനുഷ്ഠിക്കാൻ കൽപിക്കുകയും ചെയ്തു'(ബുഖാരി) അതിന്റെ ശ്രേഷ്ഠതയെ സംബന്ധിച്ച് ചോദിച്ചപ്പോൾ പറയുകയുണ്ടായി:

فقال صلى الله عليه وسلم (( احتسب على الله أن يكفر السنة التي قبله)) أخرجه مسلم : كتاب الصيام/ باب استحباب صيام ثلاثة أيام من كل شهر وصوم يوم عرفة (١١٦٢).

നബി(ﷺ) പറയുകയുണ്ടായി: 'അതിന് മുമ്പുള്ള ഒരുവർഷത്തെ പാപങ്ങൾപൊറുക്കപ്പെടുമെന്ന് ഞാൻ അല്ലാഹുവിൽ നിന്ന് പ്രതീക്ഷിക്കുന്നു' (മുസ്ലിം)

എന്നാൽ ഈ വിഷയത്തിലും ജൂതൻമാരോട് എതിരാവാൻ റസൂലുല്ലാഹ്(ﷺ) കൽപിക്കുകയുണ്ടായി, മുഹർറം പത്തിന് മുമ്പ് ഒരു ദിവസമോ, അതല്ലെങ്കിൽ ശേഷം ഒരു ദിവസമോ അതിനോടൊപ്പം കൂട്ടി ചേർക്കാൻ നിർദ്ദേശിക്കുകയുണ്ടായി. ഏറ്റവും നല്ലത് മുഹർറം ഒൻപതും, പത്തും നോൽക്കലാകുന്നു. അത്കൊണ്ട് മുസ്ലിം സഹോദരാ,മുഹർറം ഒൻപതും,പത്തും നോമ്പനുഷ്ഠിക്കുക.

***

52- ശഅബാൻ മാസത്തിലെ നോമ്പിന്റെ വിധിയെന്താണ്?

ഉത്തരം: ശഅബാനിൽ നോമ്പുകൾ അധികരിപ്പിക്കുന്നത് സുന്നത്തിൽ പെട്ടതാണ്. കാരണം ആയിശാ(رضي الله عنها) പറയുന്നു:

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ: وَمَا رَأَيْتُهُ أَكْثَرَ صِيَامًا مِنْهُ فِي شَعْبَانَ) أخرجه البخـاري، كتـاب الصـوم، بـاب صـوم شـعبان (١٩٦٩).

ആയിശാ(ﷺ) പറയുന്നു: 'ശഅബാൻ മാസത്തില ല്ലാതെ കൂടുതൽ നോമ്പനുഷ്ഠിക്കുന്നതായി ഞാൻ അദ്ദേഹത്തെ (പ്രവാചകനെ) കണ്ടിരുന്നില്ല' (ബുഖാരി)

പണ്ഡിതൻമാർ വ്യക്തമാക്കുന്നത് ശഅബാനിലെനോമ്പ് ഫർള് നമസ്കാരങ്ങളോടൊപ്പം സുന്നത്ത് നമസ്കാരം നിർവ്വഹിക്കുന്നത് പോലെയാണ്. റമളാനിന്റെ മുന്നോടിയായി വരുന്ന മാസമാണ് ശഅബാൻ,അത്കൊണ്ട് തന്നെ റമളാനിന് മുമ്പുള്ള സുന്നത്താണ് ശഅബാനിലെ നോമ്പുകൾ. അതുപോലെ റമളാനിന് ശേഷം വരുന്ന ശവ്വാലിലെ ആറ് നോമ്പ് റമളാനിന് ശേഷമുള്ള സുന്നത്തുമാണ്. മാത്രമല്ല, സന്തോഷത്തോടെ, ഉൽസാഹത്തോടെ റമളാനിനെ സ്വീകരിക്കുവാൻ ഒരുങ്ങുവാനാണ് റസൂലുല്ലാഹ്(ﷺ) ശഅബാനിൽ കൂടുതൽ സുന്നത്ത് നോമ്പനുഷ്ഠിക്കൽ സുന്നത്താക്കിയ

ത്. എന്നാൽ ശഅബാൻ പതിനഞ്ചിന് മാത്രമായി ബറാഅത്ത് എന്ന പേരിൽ നോമ്പനുഷ്ഠിക്കുന്നത് ബിദ്അത്താണ്, അതിന് പ്രമാണങ്ങളിൽ യാതൊരു തെളിവുമില്ല.

***

53- ഒന്നിടവിട്ട് നോമ്പനുഷ്ഠിക്കുന്ന ഒരു വ്യക്തിയുടെ നോമ്പ് വെള്ളിയാഴ്ച വരുകയാണെങ്കിൽ അവന് ആ ദിവസം നോമ്പനുഷ്ഠിക്കാൻ പാടുണ്ടോ?

ഉത്തരം: ഒന്നിടവിട്ട് നോമ്പനുഷ്ഠിക്കുന്ന ഒരാൾക്ക് വെള്ളിയാഴ്ചയോ, അല്ലെങ്കിൽ ശനിയാഴ്ചയോ, അതുമല്ലെങ്കിൽ ഞാറാഴ്ചയോ മാത്രമായി നോമ്പനുഷ്ഠിക്കാവുന്നതാണ്.എന്നാൽ ആ ദിനങ്ങൾ നോമ്പനുഷ്ഠിക്കൽ നിഷിദ്ധമായ ദിനങ്ങളാവരുത്. ഒന്നിടവിട്ട് നോമ്പനുഷ്ഠിക്കുന്ന ഒരാൾക്ക് വ്യാഴം നോമ്പെടുക്കാത്ത ദിവസമാണ്, എങ്കിൽ അടുത്തദിവസമായ വെള്ളിയാഴ്ച നോമ്പെടുക്കുന്ന ദിവസമവുമായാൽ അവന് വെള്ളിയാഴ്ച നോമ്പെടുക്കാവുന്നതാണ്. എന്നാൽ നോമ്പെടുക്കുന്ന ദിവസം ബലി പെരുന്നാൾ ദിനമോ, അയ്യാമുത്തശ്‌രീഖ് (ദുൽഹിജ്ജ: 11, 12, 13) ദിനങ്ങളോ, ചെറിയ

പെരുന്നാൾ ദിനമോ ആണെങ്കിൽ ആ ദിവസം നോമ്പെടുക്കാൻ പാടുള്ളതല്ല.

***

54– وصال നോമ്പ് എന്നത് കൊണ്ടുദ്ദേശിക്കുന്നത് എന്താണ്? അത് ദീനിൽ അനുവദനീയമാണോ?

ഉത്തരം: 'വിസ്വാൽ' നോമ്പ് എന്ന് പറഞ്ഞാൽ രണ്ട് ദിവസം തുടർച്ചയായി നോമ്പ് തുറക്കാതെയുള്ള വ്രതത്തിനാണ് പറയുന്നത്. (ഒരാൾ തിങ്കളാഴ്ച നോമ്പനുഷ്ഠിച്ചു, അയാൾ തിങ്കളാഴ്ച മഗ്രിബിന് നോമ്പ് തുറക്കാതെ,രാത്രി ഒന്നും കഴിക്കാതെ ചൊവ്വാഴ്ചയും നോമ്പനുഷ്ഠിച്ച് ചൊവ്വാഴ്ച മഗ്രിബിന് നോമ്പ് തുറക്കുന്നതാണ്. വിവ:) ഇത് നബി(ﷺ) വിലക്കിയിരിക്കുന്നു.ഹദീഥ് നാം കാണുക:

(( من أراد أن يواصل فليواصل إلى السحر)) أخرجه البخـاري، كتاب الصوم، باب الوصال إلى السحر (١٩٦٧).

നബി(ﷺ) പറയുകയുണ്ടായി: 'ആരെങ്കിലും തുടര്‍ത്താന്‍ ഉദ്ദേശിക്കുന്നുവെങ്കില്‍ അത്താഴം വരെ തുടരട്ടെ' (ബുഖാരി)

അത്താഴം വരെ ഒന്നും കഴിക്കാതെ നോമ്പനുഷ്ഠിക്കുകയെന്നത് അനുവദനീയമാണ്, നിയമമാക്കിയിട്ടില്ല. പെട്ടെന്ന് നോമ്പ് തുറക്കുവാനാണ് റസൂലുല്ലാഹ് കല്‍പിക്കുകയും, നിയമമാക്കുകയും ചെയ്തിരിക്കുന്നത്. റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി:

((لا يزال الناس بخير ما عجلوا الفطر))

'നോമ്പു തുറക്കാന്‍ ധൃതികാണിക്കുന്നേടത്തോളം ജനങ്ങള്‍ നന്മയിലായിരിക്കും'. എന്നാല്‍ അത്താഴം കഴിക്കുന്ന സമയം വരെ നോമ്പ് നീട്ടിക്കൊണ്ട് പോകല്‍ അനുവദനീയമാണ്, ആ സമയമായാല്‍ അത്താഴം കഴിക്കേണ്ടതുണ്ട്.

فلما قالوا: يا رسول الله إنك تواصل فقال: ((إني لست كهيئتكم)) أخرجه البخاري: كتاب الصوم/ باب بركة السحور

في غير إيجاب (١٩٢٢) . ومسلم : كتاب الصوم/ بـاب النـهي عـن الوصال (١١٠٢).

റസൂലുല്ലാഹ്(ﷺ)യോട് താങ്കൾ രണ്ട് ദിവസം തുടർച്ചയായി നോമ്പനുഷ്ഠിക്കുന്നവല്ലോയെന്ന് പറഞ്ഞപ്പോൾ പറയുകയുണ്ടായി:‘തീർച്ചയായും,ഞാൻ നിങ്ങളുടെ രൂപത്തിലല്ല’ (ബുഖാരി, മുസ്ലിം)

***

55– ജുമുഅ:ദിവസം പ്രത്യേകമായി നോമ്പനുഷ്ഠിക്കാൻ പാടില്ലായെന്ന് പറയുവാനുള്ള കാരണം എന്താണ്? അത് നോമ്പ് ഖളാഅ് വീട്ടുന്നതിന് ബാധകമാണോ?

ഉത്തരം: നബി(ﷺ)യിൽ നിന്ന് സ്ഥിരപ്പെട്ട് വന്നിരിക്കുന്നു:

عن النبي صلى الله عليـه وسـلم أنـه قـال : (( لا تخصـوا يـوم الجمعـة بصـيام ولا ليلتهـا بقيـام )) أخرجـه مسـلم : كتـاب الصيام/ باب كراهيـة صـيام يـوم الجمعـة صـيام يـوم الجمعـة منفرداً (١١٤٤).

നബി(ﷺ) പറയുകയുണ്ടായി: ‘ജുമുഅ: ദിനത്തെ നോമ്പ് കൊണ്ട് പ്രത്യേകമാക്കരുത്, അതിന്റെ രാത്രിയിൽ പ്രത്യേകമായി നമസ്കരിക്കുകയുമരുത്’ (മുസ്ലിം)

ജുമുഅ: ദിനം പ്രത്യേകമായി നോമ്പനുഷ്ഠിക്കാൻ പാടില്ലായെന്ന് പറയുവാനുള്ള കാരണം വെള്ളിയാഴ്ച ആഴ്ചയിലെ പെരുന്നാളാണ്, അതുപോലെ ഇസ്ലാം നിശ്ചയിച്ച മൂന്ന് ആഘോഷങ്ങളിൽ ഒരു ആഘോഷ ദിനവുമാണ്. അത് ബലിപെരുന്നാൾ, ചെറിയ പെരുന്നാൾ, വെള്ളിയാഴ്ച എന്നിവയാണ്. ആഴ്ചയിലെ ആഘോഷ ദിനമാണ് വെള്ളിയാഴ്ച. അത്കൊണ്ടാണ് അന്ന് മാത്രമായി നോമ്പനുഷ്ഠിക്കാൻ പാടില്ലായെന്ന് പറയുവാൻ കാരണം. വെള്ളിയാഴ്ച പുരുഷൻമാർ നിർബന്ധമായും ജുമുഅക്ക് പോവുകയും, അധികമായി പ്രാർത്ഥിക്കുകയും ചെയ്യേണ്ട ദിനമാണ്,അത് ഹാജിമാർക്ക് അറഫാദിനത്തെ പോലെയാണ്, അന്ന് ഹാജിമാർക്ക് നോമ്പനുഷ്ഠിക്കാൻ പാടില്ലല്ലോ.

ചിലയാളുകൾ പറയാറുണ്ട് വെള്ളിയാഴ്ച ആഴ്ചയിലെ പെരുന്നാളാണെങ്കിൽ എന്ത്കൊണ്ട്

ബലി പെരുന്നാള് പോലെ വെള്ളിയാഴ്ച നോമ്പനുഷ്ഠിക്കുന്നത് നിഷിദ്ധമാക്കിയില്ല.

അത് മറ്റു രണ്ട് പെരുന്നാളിനേക്കാൾ വ്യത്യസ്തമാണ്, കാരണം ഒരു മാസത്തിൽ നാല് പ്രാവശ്യം ജുമുഅ ദിനം ആവർത്തിച്ച് വരും, അത്കൊണ്ട് തന്നെയാണ് നിഷിദ്ധമാക്കാത്തത്. അതുപോലെ വേറെയും കാരണങ്ങൾ ഉണ്ടായിരിക്കാം. ഒരു ദിവസം മുമ്പോ ശേഷമോ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ വെള്ളിയാഴ്ച നോമ്പനുഷ്ഠിക്കാം, അപ്പോൾ വെള്ളിയാഴ്ചയെ മാത്രം പ്രത്യേകമാക്കുന്നില്ലല്ലോ.

ഇത് സുന്നത്ത് നോമ്പിന് മാത്രമെ ബാധകമൊള്ളൂ, അതല്ല, നിർബ്ബന്ധനോമ്പിന് ബാധകമാണോയെന്ന ചോദ്യകർത്താവിന്റെ ചോദ്യത്തിനുള്ള ഉത്തരം, തെളിവുകൾ സൂചിപ്പിക്കുന്നത് പൊതുവായുള്ളതാണ് എന്നതാണ്, വെള്ളിയാഴ്ച മാത്രമായി ഖളാഅ് നോമ്പും, സുന്നത്ത് നോമ്പും പാടില്ലായെന്നാണ്.എന്നാൽ ഒരാൾക്ക് ജോലി കാരണത്താലോ, മറ്റോ വെള്ളിയാഴ്ച മാത്രമെ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ എങ്കിൽ അവന്

വെള്ളിയാഴ്ച മാത്രമായി നോമ്പനുഷ്ഠിക്കുന്നത് വെറുക്കപ്പെട്ടതാണ്. അവന് അങ്ങിനെ ചെയ്യേണ്ട തിനാലാണ് വിധി മാറുന്നത്.

***

56– സുന്നത്ത് നോമ്പ് ഇടക്ക് മുറിക്കുകയാണെങ്കിൽ അവൻ കുറ്റക്കാരനാണോ? സുന്നത്ത് നോമ്പനുഷ്ഠിച്ച് പകൽ സമയം ഭാര്യയുമായി സംസർഗത്തിലേർപ്പെടുകയാണെങ്കിൽ അവന് പ്രായശ്ചിത്തമുണ്ടോ?

ഉത്തരം: സുന്നത്ത് നോമ്പനുഷ്ഠിച്ച ഒരാൾ ഭക്ഷണ പാനീയം കഴിച്ച് കൊണ്ടോ, സംയോഗം കൊണ്ടോ നോമ്പ് മുറിക്കുകയാണെങ്കിൽ അവന് കുറ്റമില്ല. സുന്നത്ത് നോമ്പ് പൂർത്തീകരിക്കൽ നിർബ്ബന്ധമില്ല. എന്നാൽ പൂർത്തീകരിക്കലാണ് ഏറ്റവും നല്ലത്. എന്നാൽ ഹജ്ജിന്റേയോ, ഉംറയുടേയോ ഭാഗമായി പ്രായശ്ചിത്തമെന്ന നിലയ്ക്കുള്ള നോമ്പനുഷ്ഠിക്കേണ്ടി വരികയാണെങ്കിൽ അത് പൂർത്തീകരിക്കണം.അതുപോലെ സുന്നത്ത് നോമ്പനുഷ്ഠിച്ച് ഭാര്യയുമായി സംസർഗത്തിലേർപ്പെട്ടാൽ

അതിന് പ്രയ്ശ്ചിത്തമില്ല. കാരണം അത് പൂർത്തീ കരിക്കൽ നിർബ്ബന്ധമില്ലല്ലോ.

എന്നാൽ നിർബ്ബന്ധ നോമ്പാണെങ്കിൽ ഭാര്യ യുമായി സംസർഗത്തിലേർപ്പെടുവാൻ പാടില്ല.കാ രണം നിർബ്ബന്ധ നോമ്പ് അനുവദനീയമായ കാര ണത്താലല്ലാതെ ഒഴിവാക്കാൻ പാടില്ല. നോമ്പ് നി ർബ്ബന്ധമായ ഒരാൾ നോമ്പിന്റെ പകലിൽ ഭാര്യ യുമായി ബന്ധപ്പെടുകയാണെങ്കിൽ അവന് പ്രാ യശ്ചിത്തമുണ്ട്. ഇവിടെ നോമ്പ് നിർബ്ബന്ധമായ ഒ രാൾ എന്ന് നാം പറയുന്നത് ശരിക്കും മനസിലാ ക്കേണ്ടതുണ്ട്. ഒരാൾ നിർബ്ബന്ധമായ നോമ്പനുഷ്ഠി ച്ചു, എന്നാലദ്ദേഹവും, തന്റെ ഇണയും നോമ്പനു ഷ്ഠിച്ച് തന്നെ യാത്ര പുറപ്പെട്ടു,യാത്രക്കിടയിൽ അ വർ സംസർഗത്തിലേർപ്പെടുകയാണെങ്കിൽ അവ രുടെ മേൽ കുറ്റമില്ല, അവർക്ക് പ്രായശ്ചിത്തവുമി ല്ല, മറിച്ച് അവർ അതിന് പകരമായി ഒരു നോമ്പ് നോറ്റു വീട്ടിയാൽ മതിയാവും. കാരണം യാത്ര ക്കാർക്ക് നോമ്പ് നിർബ്ബന്ധമില്ല.

***

57- ഇഅ്തികാഫിന്റെ വിധിയെന്ത്? ഇഅ്തികാഫിരിക്കുന്ന ഒരാൾക്ക് സ്വന്തം ആവശ്യങ്ങൾക്കോ, ഭക്ഷണത്തിനോ, ചികിൽസക്കോ പുറത്ത് പോകാൻ പാടുണ്ടോ? ഇഅ്തികാഫിന്റെ സുന്നത്തുകൾ ഏവ? നബി(ﷺ)യുടെ ഇഅ്തികാഫിന്റെ രൂപം എങ്ങിനെയാണ്?

ഉത്തരം: ഉന്നതനും, പ്രതാപവാനുമായ അല്ലാഹുവിനെ അനുസരിക്കുവാനായി പള്ളിയിൽ തന്നെ കഴിച്ച് കൂട്ടുന്നതിനാണ് ഇഅ്തികാഫ് എന്ന് പറയുന്നത്. ലൈലത്തുൽ ഖദ്ർ കരസ്ഥമാക്കാൻ വേണ്ടിയുള്ള ഒരു അവസരവുമാണ് അത്. അല്ലാഹു ഇഅ്തികാഫിനെ സൂചിപ്പിച്ച് കൊണ്ട് ഖുർആനിൽ പറയുന്നത് കാണുക.

( وَلا تُبَاشِرُوهُنَّ وَأَنْتُمْ عَاكِفُونَ فِي الْمَسَاجِدِ)(البقرة: الآية١٨٧)

എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജനം) ഇരിക്കുമ്പോൾ അവരു(ഭാര്യമാരു)മായി സഹവസിക്കരുത്.

നബി(ﷺ) ഇഅ്തികാഫിരുന്നു, പ്രവാചകനോടൊപ്പം സ്വഹാബികളും ഇഅ്തികാഫിരിക്കുകയുണ്ടായി. ഇഅ്തികാഫ് ഇപ്പോഴും ഇസ്ലാമിക ശരീ

അത്തിന്റെ ഭാഗമാണ്, ആ നിയമം ദുർബ്ബലപ്പെടു ത്തിയിട്ടില്ല,

عن عائشة- رضي الله عنها- قالت : كان النبي صلى الله عليه وسلم يعتكف العشر الأواخر من رمضان حتى توفاه الله عز وجل، ثم اعتكف أزواجه من بعده أخرجه البخاري: كتاب الاعتكاف/ باب الاعتكاف في العشر الأواخر (٢٠٢٦). ومسلم : كتاب الاعتكاف/ باب اعتكاف العشر الأواخر من رمضان (١١٧٢).

ആയിശാ(ﷺ)യിൽ നിന്ന്, അവർ പറയുന്നു: ‘റമളാനിന്റെ അവസാന പത്തിൽ നബി(ﷺ) ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു, അത് അല്ലാഹു അദ്ദേഹത്തെ വഫാതാക്കുന്നത് വരെ തുടരുകയുണ്ടായി, അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ ഭാര്യമാരും ഇഅ്തികാഫ് ഇരിക്കുകയുണ്ടായി’ (ബുഖാരി, മുസ്ലിം)

عن أبي سعيد الخدري – رضي الله عنه – أن النبي صلى الله عليه وسلم اعتكف العشر الأول من رمضان، ثم اعتكف

العشر الأوسط ثم قال: (( إني اعتكفت العشر الأول ألتمس هذه الليلة(يعني ليلة القدر) ثم اعتكفت العشر الأوسط، ثم أتيت فقيل لي: إنها في العشر الأواخر، فمن أحب منكم أن يعتكف فليعتكف)) أخرجه البخاري: كتاب الاعتكاف/ باب الاعتكاف في العشر الأواخر (٢٠٢٧).

അബൂസഈദുൽ ഖുദ്രി(ﷺ)വിൽ നിന്ന്,നബി(ﷺ) റമളാനിന്റെ ആദ്യത്തെ പത്തിൽ ഇഅ്തികാഫിരിക്കുകയുണ്ടായി, തുടർന്ന് മധ്യത്തിലെ പത്തിലും ഇഅ്തികാഫിരുന്നു, എന്നിട്ട് പറയുകയുണ്ടായി: 'ഞാൻ ആദ്യത്തെ പത്ത് ഇഅ്തികാഫിരുന്നു, ഈ രാത്രി അന്വോഷിച്ച് കൊണ്ട് (അതായത് ലൈലത്തുൽ ഖദ്ർ).പിന്നെ മധ്യത്തിലെ പത്തിലും ഞാൻ ഇഅ്തികാഫിരുന്നു. പിന്നെ എന്റെയടുത്ത് വന്നു കൊണ്ട്, എന്നോട് പറയപ്പെട്ടു, തീർച്ചയായും അത് (അതായത് ലൈലത്തുൽ ഖദ്ർ) അവസാനത്തെപ്പത്തിലാണ്. ആയതിനാൽ ആരാണോ ഇഅ്തികാഫിരിക്കാൻ ഉദ്ദേശിക്കുന്നത് അവൻ ഇഅ്തികാഫിരിക്കട്ടെ' (ബുഖാരി)

ജനങ്ങളും തിരുമേനിയോടൊപ്പം ഇഅ്തികാഫ് ഇരിക്കുകയുണ്ടായി. ഇമാം അഹ്മദ്(ﷺ) പറയുന്നു: ഇഅ്തികാഫ് സുന്നത്താണെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുള്ള ഒരു പണ്ഡിതനെയും എനിക്ക് അറിയില്ല.

അത്കൊണ്ട് തന്നെ പ്രമാണബദ്ധമായും, ഇജ്മാഅ് കൊണ്ടും ഇഅ്തികാഫ് സുന്നത്താണ്.ഇഅ്തികാഫിന്റെ സ്ഥാനം ജുമുഅ: സംഘടിപ്പിക്കപ്പെടുന്ന പള്ളികളാണ്, അത് ഏത് നാട്ടിലെ പള്ളികളാണെങ്കിലും പ്രശ്നമില്ല. കാരണം അല്ലാഹു പറയുന്നു:

( وَأَنْتُمْ عَاكِفُونَ فِي الْمَسَاجِدِ) (البقرة: من الآية١٨٧)

എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജനം) ഇരിക്കുമ്പോൾ

ഏറ്റവും നല്ലത് ജുമുഅ:സംഘടിപ്പിക്കുന്ന പള്ളികളാണ്, കാരണം പിന്നെ ജുമുഅ:ക്ക് വേറെ സ്ഥലത്ത് പോകേണ്ടതില്ലല്ലോ. എന്നാൽ അതില്ലാത്ത പള്ളിയിലും ഇഅ്തികാഫിരിക്കാം, ജുമുഅക്ക് നേരെത്തെ പോകണമെന്ന് മാത്രം.

നമസ്കാരം, ഖുർആൻ പാരായണം, അല്ലാഹുവിനെ സ്മരിക്കൽ തുടങ്ങിയ ആരാധനകൾ കൊണ്ട് അല്ലാഹുവിനെ അനുസരിക്കുന്നതിൽ വ്യാപൃതനാവണം ഇഅ്തികാഫിരിക്കുന്നവൻ. അതാണ് ഇഅ്തികാഫിന്റെ ഉദ്ദേശം.എന്നാൽ തന്റെ കൂട്ടുകാരുമായി അൽപമൊക്കെ സംസാരിക്കുന്നതിന് കുഴപ്പമില്ല. പ്രത്യേകിച്ച് ഉപകാരമുള്ള വർത്തമാനമാണെങ്കിൽ. എന്നാൽ സംസർഗമോ, അതിന് മുന്നോടിയായുള്ള കാര്യങ്ങളോ ഇഅ്തികാഫിരിക്കുന്നവർക്ക് നിഷിദ്ധമാണ്.

പള്ളിയിൽ നിന്ന് പുറത്ത്പോകുന്നതിനെ കർമ്മശാസ്ത്ര പണ്ഡിതൻമാർ മൂന്ന് ഭാഗങ്ങളാക്കി തരം തിരിച്ചിരിക്കുന്നു.

**ഒന്ന്:** അനിവാര്യവും, മതം അനുവദിക്കുന്നതും, പ്രകൃതിയുടെ ഭാഗവുമായിട്ടുള്ള കാരണങ്ങൾ. ജുമുഅ:നമസ്കാരം,കൊണ്ടുവരാനാളില്ലാത്ത അവസരത്തിൽ ഭക്ഷണപാനീയങ്ങൾക്ക്,വുദുവെടുക്കാൻ, നിർബ്ബന്ധമായുള്ള കുളി, മലമൂത്ര വിസർജനത്തിന് തുടങ്ങിയ ആവശ്യങ്ങൾക്ക് പുറത്ത് പോകാവുന്നതാണ്. അതിന് പ്രശ്നമില്ല.

**രണ്ട്:** കൂലി കിട്ടുന്ന രോഗ സന്ദർശനം, ജനാസ സംസ്കരണത്തിൽ പങ്കെടുക്കുക പോലെയുള്ള കാര്യങ്ങൾക്ക് പുറത്ത് പോകുന്നത്, ഇഅ്തികാഫിരിക്കുന്ന സന്ദർഭത്തിൽ നിബന്ധന വെച്ചിട്ടുണ്ടെങ്കിൽ അതിന് പുറത്ത്പോകാം, ഇല്ലെങ്കിൽ പാടില്ല.

**മൂന്ന്:** ഇഅ്തികാഫിനെ തന്നെ നിശ്ഫലമാക്കുന്ന വീട്ടിൽ പോവുക, സാധനങ്ങൾ വാങ്ങാൻ അങ്ങാടികളിൽ പോവുക, ഭാര്യയുമായി സംസർഗത്തിലേർപ്പെടുക പോലെയുള്ളതിനായി പള്ളിയിൽ നിന്നും പുറത്ത് പോകുന്നത് നിബന്ധന വെച്ചാലും ഇല്ലെങ്കിലും പാടുള്ളതല്ല. അല്ലാഹുവാണ് തൗഫീഖ് നൽകുന്നവൻ.

**തഅ്ലീക്:** ഇമാം ബുഖാരിയുടെ നിബന്ധനകൾക്ക് വിധേയമായി പരമ്പര ശരിയായി വരാത്ത ഹദീഥുകളാണ് തഅ്ലീക്.

**********